# NEW VISION FOR A CHANGING WORLD

VOL. 5 ■ ISSUE 3 ■ NOVEMBER 2004



എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സംഭാവനയെന്ന പേരിൽ ഗണ്യമായ സംഖ്യ വാങ്ങുന്നത് നിയമവിരുദ്ധമാണെന്നറിയാമെങ്കിലും തങ്ങളാരും അതു വാങ്ങിക്കുന്നില്ലെന്ന് രഹസ്യമായിപ്പോലും പറയാൻ സഭാനേതൃത്വം തയാറല്ലെന്നോർക്കണം. നിയമത്തിന്റെ പരിരക്ഷയോ മേൽവിചാരകത്വമോ ഇല്ലാതെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഒരു റിപ്പബ്ലിക്കിനു ചേരുന്ന കാര്യമല്ല. – *ജസ്റ്റിസ് കെ. ടി. തോമസ്* (പേജ് 4)

## NEW VISION FOR A CHANGING WORLD


### EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

### ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ (വിദേശത്തുള്ളവർക്ക് | US $15) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ ( " | US $25) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ ( " | US $40) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | |
|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ ( " | US$200) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ ( " | US $1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in
*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

## CONTENTS


- **Current Affairs**
  സഭകളുടെ പൊതുസ്വത്ത് ഭരിക്കാൻ നിയമം വേണം — 4
  *ജസ്റ്റിസ് കെ.ടി. തോമസ്*
- **Apartheid**
  Apartheid in the Holy Land — 5
  *Archbishop Desmond Tutu*
- **Reminiscences**
  ചാക്കോ സാറും ഞാനും — 6
  *പ്രൊഫ. നൈനാൻ ഏബ്രഹാം*
- **Science**
  ശൂന്യത പ്രകൃതിവിരുദ്ധം — 7
  *ഡോ. ജോർജ് എം. തോമസ്*
- **Theology**
  വിശ്വാസികളുടെ പിതാവ് — 8
  *പ്രൊഫ. എം. തോമസ് മാത്യു*
- **Cine World**
  മെത്രാനെക്കുറിച്ചുള്ള ഗിബ്സൻ ചിത്രം — 10
  *യൂഹാനോൻ മാർ മിലിത്തോസ്*
- **Portrayal**
  ബ്രോയ്ലർ ഡോക്ടർ — 11
  *ഡോ. ജേക്കബ് വടക്കഞ്ചേരി*
- **Pet Therapy**
  തത്തമ്മയും പൂച്ചയും പിന്നെ പെറ്റ് തെറാപ്പിയും — 13
  *ഡോ. ജോൺ കുരുവിള*
- **Feminism**
  സ്ത്രീത്വം കൈവിടാത്ത സ്ത്രീവിമോചനം — 14
  *അഡ്വ. റേച്ചൽ മാത്യു*
- **Devotional**
  തിന്മപ്പെട്ട പ്രതിബദ്ധതയുടെ ഊരാക്കുടുക്ക് — 15
  *ഫാ. ഡോ. മർക്കോസ് ജോസഫ്*
- **Literary Review**
  പാർശ്വചിന്തകൾ — 16
  *ഡോ. സി.ജെ. റോയ്*
- **Mythology**
  ദേശീയ മിത്തുകൾ — 17
  *ഡോ. മിസ്സസ് അന്നമ്മ ജോർജ്*
- **Psychology**
  പരസ്യങ്ങൾ നിങ്ങളെ പാപ്പരാക്കും — 18
  *ജോർജ് ബഹനാൻ ടി.*
- **Miscellaneous**
  ജീവിതം പുഷ്ടിപ്പെടുത്താൻ പുസ്തകങ്ങൾ വായിക്കുക — 19
  *കെ. നട്വർ സിങ്*
- **Church Affairs**
  The church derails from its track — 20
  *Rev. Dr. K.V. Simon*
- **Report**
  ഇന്റർ ഫെയ്ത്ത് സമ്മേളനം — 21
  *ഡോ. ഏബ്രഹാം കരിക്കം*
- **Responses & News** — 22


## EDITORIAL

# ഹാബേൽ വർഷം

കേരളത്തിലെ ചില ക്രൈസ്തവ സഭകൾ 2004 ഹാബേൽ വർഷമായി ആചരിക്കുകയാണ്. ദൈവത്താൻ എന്നൊരു അടിമ ഹാബേൽ എന്ന പേര് സ്വീകരിച്ച് സഭയിലേക്കു ചേർന്നിട്ട് സെപ്ടംബർ 6-ന് 150 വർഷം തികഞ്ഞു. കേരളത്തിലെ സാമൂഹിക-സാംസ്കാരിക ചരിത്രത്തിലെയും സഭാചരിത്രത്തിലെയും വലിയൊരു സംഭവം. ദളിത് ജനവിഭാഗത്തിന്റെ സമഗ്ര പുരോഗതിയ്ക്കു തുടക്കം കുറിക്കുന്ന ചില പദ്ധതികൾ ഹാബേൽ വർഷാചരണത്തിലുണ്ടാകണം. എങ്കിൽ മാത്രമേ, ദളിത് ജനവിഭാഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് സാധ്യമാകയുള്ളൂ.

1850-ൽ റവ റാഗലണ്ടു എന്ന മിഷനറി മല്ലപ്പള്ളിയിൽ താമസിക്കുമ്പോൾ അടിമകളായ പുലയർ പാടത്തു പണിയെടുക്കുന്നത് കാണാനിടയായി. 1835-ൽ മണ്റോത്തുരുത്തിൽ കഴിഞ്ഞിരുന്ന നൂറോളം അടിമകളെ മിഷനറിമാർ സ്വതന്ത്രരാക്കിയിരുന്നു. അടിമകളുടെ വിമോചനത്തിനായി കൈപ്പറ്റയിൽ മിഷനറിമാർ വിദ്യാഭ്യാസ, സുവിശേഷ പ്രവർത്തനങ്ങളാരംഭിച്ചു. ഇതിനുവേണ്ടി നിർമ്മിച്ച ഷെഡ് നാട്ടുകാർ തീ വച്ചെങ്കിലും റവ. ജോർജ് മാത്തന്റെ നേതൃത്വത്തിൽ 30 ആളുകൾക്കു വേണ്ടി സ്കൂൾ ആരംഭിച്ചു. അടിമപ്പള്ളിക്കൂടമെന്ന് അതിനു പേരുമായി. അടിമകളിൽ പ്രധാനിയായിരുന്നു ദൈവത്താൻ. തന്റെ വക പുരയിടത്തിലും നിലത്തിലും പണിചെയ്തിരുന്ന അധഃകൃതരായ അനേകം അടിമകളെ ദയാപൂർവം കരുതിയ മോടയിൽ പോത്തൻ പിതാവാണ് ദൈവത്താന്റെയും വേറെ എട്ടു പേരുടെയും സ്നാനത്തിനു വഴിയൊരുക്കിയത്. കഠിനമായ പീഡനത്തിന്റെയും ചൂഷണത്തിന്റെയും മോചനമായിരുന്നു മതപരിവർത്തനത്തിലൂടെ സാധിച്ചത്, ഒരു ജനതയുടെ വിടുതലിന്റെയും വിമോചനത്തിന്റെയും തുടക്കവും. റവ. ജോർജ് മാത്തനും മല്ലപ്പള്ളി ഇടവകയിലെ പ്രമുഖാംഗങ്ങൾക്കും വേണ്ടി സേവനം ചെയ്യുവാൻ ക്ഷൗരക്കാർ, അലക്കുകാർ തുടങ്ങിയവർ വൈമുഖ്യം കാണിക്കുകയുണ്ടായി. തിരുവിതാംകൂർ ഗവൺമെന്റ് അടിമകളെ സ്വതന്ത്രരാക്കാനുള്ള നടപടികളാരംഭിച്ചത് എത്രയോ വർഷങ്ങൾ കഴിഞ്ഞാണ്. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക പുരോഗതിക്കും മാറ്റത്തിനും മിഷനറി സഭ തുടക്കം കുറിച്ചു. ക്രിസ്ത്വബ്ദത്തിന്റെ ആദ്യകാലം മുതലേ കേരളത്തിൽ ക്രൈസ്തവ സഭയുണ്ടായിരുന്നു. എങ്കിലും അടിമ സമ്പ്രദായത്തെ ചോദ്യം ചെയ്യുവാനും എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന നീതിപൂർവകമായ ഒരു സാമൂഹികക്രമത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച സമൂഹത്തിനു നൽകുവാനും മിഷനറിമാർക്കു സാധിച്ചു. സമൂഹത്തിന്റെ താളത്തിനനുസരിച്ചു പോകേണ്ട ഒന്നല്ല ക്രൈസ്തവ സഭ. അതാണ് മിഷനറി പാരമ്പര്യം നമ്മെ ഓർമ്മിപ്പിക്കുന്നത്. കാലത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ സഭ പ്രാപ്തമാകണമെങ്കിൽ മികച്ച സാക്ഷ്യം ലോകത്തിനു നൽകുവാൻ സാധിക്കണം. ഹാബേൽ പിതാവിനെ ഓർക്കുന്ന ഈ വേളയിൽ അതിനിടയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

*ചീഫ് എഡിറ്റർ*

CURRENT AFFAIRS

# സഭകളുടെ പൊതുസ്വത്ത് ഭരിക്കാൻ നിയമം വേണം

**യാതൊരു നിയമത്തിനും വിധേയമായല്ലാതെ സമ്പത്ത് വിപുലപ്പെടുത്തുന്നവർ ക്രിസ്ത്യൻ മതനേതാക്കൾ മാത്രമാണ്. സ്വദേശത്തുനിന്നും വിദേശത്തുനിന്നും ഇവരുടെ പ്രവർത്തനങ്ങൾക്ക് ഗണ്യമായ വരുമാനമുണ്ടെന്നു വിശ്വസിക്കാൻ എല്ലാ ന്യായങ്ങളുമുണ്ട്. ഈ സ്ഥാപനങ്ങളുടെ സമ്പത്തു സമാഹരണത്തിനും വിനിയോഗത്തിനും നിയമപരമായ നിയന്ത്രണങ്ങൾ ഉണ്ടായേ തീരൂ.**


ജസ്റ്റിസ് കെ. ടി. തോമസ്

നിയമത്തിന്റെ കീഴിൽ കൊണ്ടുവരാത്ത യാതൊരു പ്രവർത്തനവും ഒരു റിപ്പബ്ലിക്കിലുണ്ടാവാൻ പാടില്ലെന്നു വിശ്വസിക്കുന്ന ഒരാളാണു ഞാൻ. അതുകൊണ്ട് സഭകളുടെ വരുമാനങ്ങളും സ്വത്തുക്കളും നിയമത്തിനു വിധേയമായിരിക്കണമെന്നുള്ളത് അടിസ്ഥാനപ്രമാണമായി ഞാൻ വിശ്വസിക്കുന്നു. ഒരു ജനാധിപത്യ റിപ്പബ്ലിക്കിലെ ഏറ്റവും വലിയ ആളും നിയമത്തിനുതാഴെയാണ്. ഇത് ഒരു റിപ്പബ്ലിക്കിനെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാനാകാത്ത ഒരു നിയമമാണ്. മതങ്ങൾക്കു പ്രവർത്തിക്കാനും പ്രചാരണം നടത്താനുമുള്ള മൗലികാവകാശം ഇന്ത്യൻ ഭരണഘടന നൽകിയിരിക്കുന്നത് മതസംഘടനകൾക്കല്ല, വ്യക്തികൾക്കാണ്. 25-ാം അനുച്ഛേദത്തിൽ, അതു വ്യക്തമായി പറയുന്നുണ്ട്. മതസ്ഥാപനങ്ങൾക്കു വിനിയോഗിക്കുന്നതിനുള്ള ഒരു മൗലികാവകാശമായി ഭരണഘടനാശില്പികൾ ഈ വകുപ്പിനെ ഉദ്ദേശിച്ചിട്ടില്ല. മതസ്ഥാപനങ്ങളെന്ന പേരിൽ രാഷ്ട്രനിയമത്തിനു വിധേയമല്ലാതെ വസ്തുവകകൾ ഭരിക്കാൻ മതസമൂഹങ്ങൾക്കവകാശമില്ല. ഇന്ന് ഇന്ത്യയിലെ മറ്റെല്ലാ മതവിഭാഗങ്ങളുടെയും സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കപ്പെടുന്നത് രാഷ്ട്രനിയമമനുസരിച്ചാണ്. എന്നാൽ ക്രൈസ്തവരുടെ സമ്പത്ത് ഭരിക്കപ്പെടുന്നത് രാഷ്ട്രനിയമത്തിനു വിധേയമായല്ല. മതത്തിന്റെ പേരിലോ മതസ്ഥാപനങ്ങളുടെ പേരിലോ വിദേശത്തു നിന്നോ സ്വദേശത്തുനിന്നോ സമാഹരിക്കുന്ന സമ്പത്ത് നിയമവിധേയമായിരിക്കണം.

ഇംഗ്ലണ്ടിൽ കൂടുതൽ കാലം പ്രധാനമന്ത്രിയായിരുന്ന വില്യം പിറ്റ് (ജൂണിയർ) പറഞ്ഞ ഒരു സൂക്തംഇതാണ്: **'എവിടെ നിയമം അവസാനിക്കുന്നുവോ, അവിടെ അരാജകത്വമാരംഭിക്കുന്നു.'** വിശ്വപ്രസിദ്ധനായ ഒലിവർ ഗോൾഡ്സ്മിത്ത് എന്ന സാഹിത്യകാരനെയും ഞാൻ ഉദ്ധരിക്കട്ടെ: **'എവിടെ സമ്പത്ത് കുമിഞ്ഞുകൂടുന്നുവോ, അവിടെ മനുഷ്യർ ജീർണ്ണിക്കുന്നു.'** ഗോൾഡ്സ്മിത്തിന്റെ പ്രസ്താവം ഒരു ധർമ്മശാസ്ത്രമാണെങ്കിൽ, വില്യം പിറ്റിന്റേത് ഒരു റിപ്പബ്ലിക്കൻ പ്രമാണമാണ്. ഭാരതത്തിലുള്ള വിവിധ മതസ്ഥാപനങ്ങളെ സംബന്ധിച്ച് ഇന്ന് നിയമവും നിയന്ത്രണങ്ങളുമുണ്ട്. ഹിന്ദുമത ധർമസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള നിയമമനുസരിച്ച് ഭാരതത്തിലുള്ള ഹൈന്ദവക്ഷേത്രങ്ങളുടെ വരുമാനങ്ങൾക്ക് കണക്കു ബോധിപ്പിക്കാൻ അവർ ബാധ്യസ്ഥരാണ്. അതിൽ ഗുരുവായൂർ ദേവസ്വം വരില്ലെന്നൊരു വാദം ഉയർന്നുവന്നതിനെത്തുടർന്ന്, 'ഗുരുവായൂർ ദേവസ്വം ആക്ട്' പാസ്സാക്കിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ആ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ ഓഡിറ്റ് ചെയ്യാൻ ഹൈക്കോടതിയുടെ രണ്ടു ജഡ്ജിമാരടങ്ങുന്ന ഒരു ഡിവിഷൻ ബഞ്ചിന് ചുമതലയുണ്ടെന്ന് ആക്ടിൽ പറയുന്നു. ഇതെല്ലാം പൊതുമുതൽ നിയമത്തിന്റെ ശൃംഖലയ്ക്കുകീഴിൽ കൊണ്ടുവരണമെന്നു പറയുന്നത് ഒരു റിപ്പബ്ലിക്കൻ ചിന്തയുടെ ഭാഗമായിട്ടായിരുന്നു. ഇത് ഹിന്ദുക്കളുടെ ക്ഷേത്രങ്ങൾക്കു മാത്രമുള്ള നിയമസംവിധാനമല്ല. ന്യൂനപക്ഷങ്ങൾ ഇങ്ങനെയൊരു നിയമത്തിനു കീഴിൽ വരേണ്ട കാര്യമില്ലെന്ന് ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അതൊരു തെറ്റിദ്ധാരണ മാത്രമാണ്. ഇന്ത്യയിലെ ന്യൂനപക്ഷമായ മുസ്ലീങ്ങളുടെ പൊതുസ്വത്തുക്കളെ സംബന്ധിച്ച ഒരു നിയമം ഇന്നു നിലവിലുണ്ട്. അതിനു 'വഖഫ് ആക്ട്' എന്നു പറയും -വഖഫ് എന്നത് അവരുടെ പൊതുസ്വത്തിന് പറയുന്ന ഒരു അറബി വാക്കാണ്. വഖഫ് ആക്ട് പ്രകാരം പൊതുസ്വത്തു സംബന്ധിച്ചുള്ള തർക്കങ്ങൾ തീരുമാനിക്കാൻ ഒരു ട്രൈബ്യൂണൽ തന്നെയുണ്ട്.

ഇന്ത്യയിലെ മറ്റൊരു ന്യൂനപക്ഷമായ സിഖ്കാർക്കും അവരുടെ മതസ്ഥാപനങ്ങൾ സംബന്ധിച്ച് ഒരു നിയമമുണ്ട്-'സിഖ് ഗുരുദ്വാര ആക്ട്.' അവരുടെ സ്വത്തുക്കളും വരുമാനങ്ങളുമെല്ലാം ഭരിക്കുന്നത് ഈ ആക്ടിന്റെ വ്യവസ്ഥകളനുസരിച്ചാണ്. ഈ നിയമങ്ങളെല്ലാം ഇന്ത്യൻ ഭരണഘടനാപ്രകാരം പാസ്സാക്കിയ നിയമങ്ങളാണ്. നിയമവിധേയമായതുകൊണ്ട്, പ്രസ്തുത മതങ്ങളുടെ അവകാശങ്ങളോ ആചാരാനുഷ്ഠാനങ്ങളോ ഏതെങ്കിലും തരത്തിൽ വ്രണപ്പെട്ടതായി ഇന്നുവരെ ആരും പരാതി പറഞ്ഞിട്ടില്ലെന്നും കൂടി ഓർക്കുക. യാതൊരു നിയമത്തിനും വിധേയമായല്ലാതെ സമ്പത്ത് വിപുലപ്പെടുത്തുന്നവർ ക്രിസ്ത്യൻ മതനേതാക്കൾ മാത്രമാണ്. സ്വദേശത്തുനിന്നും വിദേശത്തുനിന്നും ഇവരുടെ പ്രവർത്തനങ്ങൾക്ക് ഗണ്യമായ വരുമാനമുണ്ടെന്നു വിശ്വസിക്കാൻ എല്ലാ ന്യായങ്ങളുമുണ്ട്. ഈ സ്ഥാപനങ്ങളുടെ സമ്പത്തു സമാഹരണത്തിനും വിനിയോഗത്തിനും നിയമപരമായ നിയന്ത്രണങ്ങൾ ഉണ്ടായേ തീരൂ. ഈ സ്ഥാപനങ്ങളുടെ മേൽവിചാരകന്മാരായ മതമേലധ്യക്ഷന്മാർ ആദായനികുതിക്കു വിധേയരല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഭാരതത്തിൽ ആദായനികുതിക്കു വിധേയരല്ലാത്ത ആദായമുള്ളവർ ആരും ഉണ്ടാകാൻ പാടില്ലെന്നു പറയുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ?

എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സംഭാവനയെന്ന പേരിൽ ഗണ്യമായ സംഖ്യ വാങ്ങുന്നത് നിയമവിരുദ്ധമാണെന്നറിയാമെങ്കിലും തങ്ങളാരും അതു വാങ്ങിക്കുന്നില്ലെന്ന് രഹസ്യമായിപ്പോലും പറയാൻ സഭാനേതൃത്വം തയാറല്ലെന്നോർക്കണം. നിയമത്തിന്റെ പരിരക്ഷയോ മേൽവിചാരകത്വമോ ഇല്ലാതെ സാമ്പത്തികകാര്യങ്ങൾ



# APARTHEID IN THE HOLY LAND

ARCHBISHOP DESMOND TUTU

My heart aches. I say why are our memories so short? Have our Jewish sisters and brothers forgotten their humiliation? Have they forgotten the collective punishment, the home demolitions, in their own history so soon? Have they turned their backs on their profound and noble religious traditions? Have they forgotten that God cares deeply about the downtrodden?

In our struggle against apartheid the great supporters were the Jewish people. They almost instinctively had to be on the side of the disenfranchised, of the voiceless ones, fighting injustice, oppression and evil. I have continued to feel strongly with the Jews. I believe Israel has a right to secure borders. What is not so understandable, not justified, is what it did to another people to guarantee its existence. I've been very deeply distressed in my visit to the Holy Land; it reminded me so much of what happened to us black people in South Africa. I have seen the humiliation of the Palestinians at checkpoints, suffering like us when young white police officers prevented us from moving about. On one of my visits to the Holy Land I drove to a church with the Anglican bishop in Jerusalem. I could see tears in his voice as he pointed to Jewish settlements.

Israel will never get true security and safety through oppressing another people. True peace can ultimately be built only on justice. We condemn the violence of suicide bombers. We also condemn the violence of military incursions in the occupied lands, and the inhumanity that won't let ambulances reach the injured. The military action of recent days, I predict

**Injustice and oppression will never prevail. Those who are powerful have to remember the litmus test that God gives to them; what is your treatment of the poor, the hungry and the voiceless? And on the basis of that, God passes judgement.**

with certainty, will not provide the security and peace Israelis want; it will only intensify the hatred. Israelis have three options; revert to the previous stalemated situation; exterminate all Palestinians; or strive for peace based on withdrawal from all the occupied territories, and the establishment of a viable Palestinian State on those territories side by side with Israel.

We in South Africa had a relatively peaceful transition. If our madness could end as it did, it must be possible to do the same everywhere else in the world. If peace could come to South Africa, surely it can come to the Holy Land. But you know that somehow the Israeli government is placed on a pedestal and to criticise it is to be immediately dubbed anti-Semitic, as if the Palestinians were not Semitic. I am not even anti-White, despite the madness of that group. And how did it come about that Israel was collaborating with the apartheid government on security measures? People are scared in the US to say wrong is wrong, because the Jewish lobby is very powerful. Well, so what? For goodness sake, this is God's world! We live in a moral universe. The apartheid government was very powerful, but today it no longer exists. Hitler, Mussolini, Stalin, Pinochet, Milosevic, and Idi Amin were all powerful, but in the end they bit the dust. Injustice and oppression will never prevail. Those who are powerful have to remember the litmus test that God gives to them; what is your treatment of the poor, the hungry and the voiceless? And on the basis of that, God passes judgement. We should put out a clarion call to the government of the people of Israel, to the Palestinian people and say: peace based on justice is possible. We will do all we can to assit you to achieve this peace, because it is God's dream, and you will be able to live amicably together as sisters and brothers.

*(The writer is the former Archbishop of Cape Town and Chairman of South Africa's Truth and Reconciliation Commission)*

കൈകാര്യം ചെയ്യുന്നത് ഒരു റിപ്പബ്ലിക്കിനു ചേരുന്ന കാര്യമല്ല. ബിരുദത്തിനും ബിരുദ, ബിരുദാനന്തര കോഴ്സുകളിലെ പ്രവേശനത്തിനും ഒരു വിദ്യാർത്ഥിയിൽനിന്ന് പല കോളജുകളിലും 25,000/- രൂപ വരെ വാങ്ങുന്നുണ്ടെന്നത് നഗ്നസത്യമാണ്. അങ്ങനെ, നിയമവിധേയമല്ലാതെ സഭയിൽ കുമിഞ്ഞുകൂടിയിരിക്കുന്നത് ഒരു വൻസ്വത്താണ്. ഇത് ആരു കൈകാര്യം ചെയ്യും? എങ്ങനെ കൈകാര്യം ചെയ്യും? അതിനുള്ള അധികാരം/അവകാശം ആർക്കാണ്? ഈ വമ്പിച്ച സ്വത്തിന്റെ ഭരണം നിയന്ത്രിക്കാനുള്ള നിയമം പാർലമെന്റ് പാസ്സാക്കേണ്ടതാണ്. അതുകൊണ്ട്, ഈ സമ്പത്തോ സ്വത്തോ ഗവൺമെന്റ് ഏറ്റെടുക്കുമെന്നർഥമില്ല. നിയമമുള്ളതുകൊണ്ട് മുസ്ലീമുകളുടെയും സിഖ്കാരുടെയും സമൂഹസമ്പത്ത് ഗവൺമെന്റിന് ഏറ്റെടുക്കാനാവില്ല. അതിനുവേണ്ടിയല്ല നിയമം പാസ്സാക്കേണ്ടത്. സമ്പത്തിന്റെ സുതാര്യമായ വിനിയോഗം സംബന്ധിച്ചിട്ടുള്ള നിയമത്തിനു വേണ്ടിയാണു വാദിക്കുന്നത്. സഭകളുടെ സാമ്പത്തികകാര്യങ്ങളിൽ സുതാര്യത വേണമെന്നാവശ്യപ്പെടുന്നത് ക്രിസ്തീയസഭകളുടെ നന്മയ്ക്കും ശുദ്ധീകരണത്തിനും നവോത്ഥാനത്തിനും വേണ്ടിയാണ്.

ക്രൈസ്തവസമൂഹത്തിൽ നിലനിന്നി

**REMINISCENCES**

# ചാക്കോ സാറും ഞാനും

പ്രൊഫ. നൈനാൻ ഏബ്രഹാം
(മുൻ വൈസ് ചാൻസലർ, കോൺപൂർ യൂണിവേഴ്സിറ്റി)

ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജിലെ വിദ്യാർത്ഥിയായിരുന്നു ഞാൻ. ഇന്റർമീഡിയറ്റിന് സയൻസ് ബാച്ചിലാണ് പഠിച്ചത്. സ്കൂളിൽ പഠിച്ചിരുന്നപ്പോൾത്തന്നെ പ്രൊഫ. കെ. സി. ചാക്കോയെപ്പറ്റി കേട്ടിരുന്നു. കോളജിൽ എന്നെ ചാക്കോസാർ പഠിപ്പിച്ചിരുന്നില്ല. എന്നാൽ ഞാൻ അദ്ദേഹത്തിന്റെ ബൈബിൾ സർക്കിളിലാണു ചേർന്നത്. അന്ന് ചോദ്യോത്തര രീതിയിലാണ് ചാക്കോസാർ ബൈബിൾ പഠിപ്പിച്ചത്. ലാർസന്റെ "His ways and Ours" എന്ന പുസ്തകത്തെ ആധാരമാക്കിയായിരുന്നു പഠനം. ഞാനൊരു ചോദ്യവും ചോദിച്ചിരുന്നില്ല.

1942-ൽ അദ്ധ്യാപകനായി ആലുവ കോളജിൽ ചേർന്ന ഞാൻ ടഗോർ ഹോസ്റ്റലിലെ സബ് വാർഡനും, ശ്രീ. കെ. സി. ചാക്കോ സീനിയർ വാർഡനും ആയിരുന്നു. അന്നു മുതലാണ് ചാക്കോ സാറിനെ അടുത്തറിയുവാനും അദ്ദേഹത്തിന്റെ ആഴമേറിയ ദൈവവിശ്വാസം മനസ്സിലാക്കുവാനും എനിക്കു സാധിച്ചത്. ആഴ്ചയിൽ മൂന്നു തവണ അദ്ദേഹത്തിന്റെ മുറിയിൽ ഞങ്ങൾ ചേരുമായിരുന്നു. ഏതെങ്കിലും ബൈബിൾ വാക്യത്തെപ്പറ്റി ചിന്തിക്കാനാണ് ഒരുമിച്ചു കൂടുന്നത്. അക്കാലത്തു നടന്ന ഒരു കാര്യം പ്രത്യേകം ഓർമ്മിക്കുന്നു. ചാക്കോസാർ വാർഡൻ സ്ഥാനത്തു നിന്നു മാറിയ 1943-ലാണ് പ്രൊഫ. എ. എം. വർക്കി ദിവംഗതനായത്. അത്ര ആരോഗ്യമില്ലാത്ത ചാക്കോസാർ ശവസംസ്കാരത്തിൽ പങ്കെടുക്കാൻ പോകേണ്ടതില്ലെന്നായിരുന്നു എന്റെ അഭിപ്രായം. ഞങ്ങൾ പാതിരാത്രിവരെ വരുംവരായ്കകളെക്കുറിച്ചു സംസാരിച്ച് പ്രാർത്ഥിച്ചു. ചാക്കോസാർ പറഞ്ഞു, എനിക്കു പോകണം. അവസാനം ഞാനും ആ അഭിപ്രായത്തോടു യോജിച്ചു. ചാക്കോസാർ വിശ്വസിച്ചിരുന്ന മൂന്നു കാര്യങ്ങൾ കുറിക്കട്ടെ. • ***ദൈവഹിതത്തിനനുസൃതമായി ജീവിക്കുക. • ദൈവികപ്രവർത്തനം ശക്തമാക്കേണ്ടത് കൂട്ടായ്മ യിലൂടെയാണ്. • വലിയ സേവനത്തിന് വിളിക്കുന്നവരെ ദൈവം കഠിനമായ പീഡാനുഭവങ്ങളിലൂടെ കടത്തിവിടും.***

ഇതിനിടയിൽ എനിക്ക് ഇംഗ്ലീഷ് സാഹിത്യത്തിൽ ഉപരിപഠനം നടത്തണമെന്ന ആഗ്രഹം കലശലായി വന്നു. ചാക്കോ സാറുമായി ഇക്കാര്യം വിശദമായി സംസാരിച്ചു. കോളജുമായുള്ള ബന്ധം വിടുന്നതിൽ സാർ സന്തുഷ്ടനായിരുന്നില്ലെങ്കിലും എന്റെ ആഗ്രഹം അതാണെങ്കിൽ നടക്കട്ടെയെന്ന് അദ്ദേഹം ആശീർവദിച്ചു. എല്ലാം ദൈവഹിതം പോലെയേ വരൂ എന്ന കാര്യം ഓർമ്മിപ്പിക്കാനും സാർ മറന്നില്ല. എന്റെ മിടുക്ക് ഓർത്തല്ല ആലുവയിൽ തുടരണമെന്ന് ചാക്കോസാർ ആഗ്രഹിച്ചത്. അതിലുമുപരി ഞങ്ങൾ തമ്മിലുള്ള വ്യക്തിബന്ധമാണ് അതിനായി അദ്ദേഹത്തെ പ്രേരിപ്പിച്ചത്. എന്നാൽ ഒരു വ്യക്തിയുടെ താല്പര്യവും ഉയരാനുള്ള സാഹചര്യവും കണക്കിലെടുത്തപ്പോൾ വ്യക്തിബന്ധങ്ങളോ കോളജിന്റെ താല്പര്യങ്ങളോ ഒന്നും അദ്ദേഹം കാര്യമായെടുത്തില്ല. ചാക്കോസാർ കോളജിൽനിന്ന് വിട വാങ്ങിയപ്പോൾ യാത്രയയപ്പു ചടങ്ങ് ഒരു കോളജ് പരിപാടി മാത്രമേ ആകാവൂയെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും വിദ്യാർത്ഥികളുമെല്ലാം യാത്രയയപ്പ് വളരെ വിപുലമായ ഒരു ചടങ്ങാക്കാനാഗ്രഹിച്ചെങ്കിലും ചാക്കോസാർ സമ്മതിച്ചില്ല. നോർത്ത് ഈസ്റ്റ് ഹോസ്റ്റലിന് ചാക്കോ ഹോസ്റ്റൽ എന്ന് നാമകരണം ചെയ്തത് അന്നത്തെ മന്ത്രി ശ്രീ. ടി. എം. വർഗീസാണെന്ന കാര്യം പ്രസ്താവ്യമാണ്.

കെ. സി. ചാക്കോസാറിന്റെ ഭക്തി അഗാധമായിരുന്നു. യേശുക്രിസ്തുവിന്റെ പീഡാനുഭവം, മരണം, ഉയിർത്തെഴുന്നേല്പ് എന്നിവയുമായി താദാത്മ്യപ്പെടുകയും അതിൽ നിന്നു ലഭിക്കുന്ന ആനന്ദം, സമാധാനം, സൗമ്യത എന്നിവ ജീവിതത്തിലനുഭവിക്കുകയും ചെയ്തിരുന്നു. **ഭക്തിയുള്ള മനുഷ്യനെന്നു പറയുമ്പോൾ സാധാരണ തെളിയുന്ന ചിത്രമല്ല ചാക്കോസാറിന്റേത്. അതീവ ബുദ്ധി**

*(ശേഷം പേജ് 9)*

---

രുന്ന ദുഷ്പ്രവണതകളെ ശുദ്ധീകരിക്കാനോ മാറ്റം വരുത്താനോ വിമുഖത പ്രദർശിപ്പിച്ചിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നുവെന്ന് ഓർമ്മിപ്പിക്കട്ടെ. ക്രിസ്ത്യൻ കുടുംബങ്ങളിലെ സ്ത്രീകൾക്ക് പിതാവിന്റെ സ്വത്തിൽനിന്ന് നിയമപ്രകാരം കിട്ടേണ്ട അവകാശം, പിതാവ് വിൽപ്പത്രം എഴുതിവയ്ക്കുന്നില്ലെങ്കിൽ ലഭിക്കുമായിരുന്നില്ല. അയ്യായിരം രൂപയോ മകന്റെ സ്വത്തിന്റെ കാൽ ഭാഗമോ ഇതിലേതാണോ കുടുതൽ, അത് കിട്ടാനേ പെൺമക്കൾക്ക് അവകാശമുണ്ടായിരുന്നുള്ളൂ. വളരെ പ്രാകൃതമായ ഒരു നിയമമായിരുന്നു അത്. ഈ നിയമത്തിന്റെ മാറ്റത്തിനുവേണ്ടി ഒരു ക്രിസ്തീയവിഭാഗവും ആഹ്വാനം നടത്താതിരുന്ന കാലത്താണ്, കോട്ടയം സ്വദേശിയായ മിസ്സസ് മേരി റോയ് കോടതിയിൽ റിട്ട് ഹർജി കൊടുത്തത്. 1951 ഏപ്രിൽ 1-നുശേഷം Indian Succession Act ആണ് നിലവിലുള്ളത്. അതനുസരിച്ച്, സ്ത്രീക്കും പുരുഷനും പിതൃസ്വത്തിന്റെമേൽ തുല്യാവകാശമാണുള്ളത്. സ്ത്രീക്കും പുരുഷനും തമ്മിൽ വിവേചനം പാടില്ലെന്നു പറയുന്ന ഒരു റിപ്പബ്ലിക്കിൽ ആ വിവേചനവുമായി ഏകദേശം 50 വർഷക്കാലം നമ്മൾ കഴിഞ്ഞു!

കേരളത്തിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വിവാഹബന്ധം തകരാറിലായാൽ വിവാഹമോചനത്തിനവകാശമില്ലായിരുന്നു. വിവാഹമോചനത്തിനായുള്ള ഒരു കേസ് കേരള ഹൈക്കോടതിയിൽ എന്റെ മുമ്പിൽ വന്നപ്പോൾ ഞാൻ കേന്ദ്ര ഗവൺമെന്റിന് ഒരു ഉത്തരവ് കൊടുത്തു–എത്രയും വേഗം ഇന്ത്യൻ ഡൈവോഴ്സ് ആക്ട് പരിഷ്കരിക്കണമെന്ന്. അന്നത്തെ നിയമമന്ത്രി ദിനേശ് ഗോസ്വാമി ഇതുസംബന്ധിച്ച് നടത്തിയ പ്രതികരണം വളരെ രസാവഹമാണ്. അദ്ദേഹം പറഞ്ഞു: "ഞങ്ങൾ ഈ നിയമം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നില്ല. കാരണം, ഇതു പരിഷ്കരിക്കാൻ ക്രിസ്ത്യൻ സമൂഹത്തിൽനിന്ന് ഒരു നിർദ്ദേശമോ അഭ്യർത്ഥനയോ വന്നിട്ടില്ല." ക്രിസ്ത്യൻ സമൂഹത്തിന്റെയോ ക്രിസ്ത്യൻ മതസംഘടനകളുടെയോ അഭ്യർത്ഥന വേണോ ഭരണഘടനാനുസൃതമായി നിയമങ്ങൾ പരിഷ്കരിക്കാൻ? ഭാഗ്യവശാൽ, ആ നിയമവും പൂർണമായി പരിഷ്കരിക്കപ്പെട്ടു. ഒടുവിൽ എല്ലാ സഭകളും ഈ നിയമം അംഗീകരിക്കുകയും ചെയ്തു.

**ക്രൈസ്തവസമൂഹത്തെ സംബന്ധിച്ചിടത്തോളം നീതിബോധം പലപ്പോഴും വളരെ താമസിച്ചാണ് ഉദിക്കുന്നത്. ക്രൈസ്തവരുടെ പൊതുസമ്പത്ത് ഭരിക്കുന്നതിനു നിയമം നിർമ്മിക്കാൻ ഇനി താമസമുണ്ടാകാൻ പാടില്ല. സ്വത്തുക്കളും സമ്പാദ്യങ്ങളും മതങ്ങളുടേതായാലും മതമേലധ്യക്ഷന്മാരുടേതായാലും അവ ഭരിക്കുന്നതിന് പാർലമെന്റോ നിയമസഭകളോ പാസ്സാക്കിയ ഒരു നിയമം വേണമെന്നു പറയുമ്പോൾ, അതു നമ്മുടെ അവകാശങ്ങളെ അപകടപ്പെടുത്തുമെന്നു പറയാൻ ആരും തയാറാകരുത്. അത് ന്യൂനപക്ഷാവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമാണെന്ന് ആരും തെറ്റിദ്ധരിക്കുകയുമരുത്.** അതുകൊണ്ടാണ് ഇവിടെ ഞാൻ വഖഫ് നിയമത്തെക്കുറിച്ചും സിഖ് ഗുരുദ്വാര നിയമത്തെക്കുറിച്ചും എടുത്തുപറഞ്ഞത്.

***(2004 ഓഗസ്റ്റ് 8-ന് കോട്ടയത്തു ചേർന്ന ക്രൈസ്തവ സംയുക്ത കർമ്മ സമിതിയുടെ ആശയപ്രചാരണയോഗം ഉൽഘാടനം ചെയ്തുകൊണ്ട് ജസ്റ്റിസ് കെ. ടി. തോമസ് നടത്തിയ പ്രസംഗത്തിൽ നിന്ന്)***

# ശൂന്യത പ്രകൃതിവിരുദ്ധം



ഡോ. ജോർജ് എം. തോമസ്

പ്രപഞ്ചമാകെ കഴിവതും നമുക്കൊന്നു പരിശോധിക്കാം. എവിടെയെങ്കിലും ശൂന്യസ്ഥലം (vacuum) കണ്ടെത്താനാകുമോ? എങ്കിൽ, അതെത്ര കണ്ട് പൂർണ്ണമാണ്?

പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ടോറിസെല്ലി എന്ന ഇറ്റലിക്കാരനായ ശാസ്ത്രജ്ഞനാണ് ഈ അന്വേഷണത്തിനു തുടക്കം കുറിച്ചത്. 1 മീ. നീളമുള്ളതും ഒരറ്റം അടഞ്ഞതുമായ ഒരു കണ്ണാടിക്കുഴൽ നിറയെ മെർക്കുറി എന്ന ദ്രാവകം ഒഴിച്ചതിനുശേഷം, മെർക്കുറി നിറച്ച ഒരു പാത്രത്തിലേക്ക് കുഴലിനെ തലകീഴായി നേരെ നിർത്തി. അപ്പോൾ കുഴലിന്റെ അടഞ്ഞ അറ്റത്തുനിന്ന് മെർക്കുറി ലവൽ താഴുകയും പിന്നെ സ്ഥിരമായി നിൽക്കുകയും ചെയ്തു. ഏകദേശം 76 സെ.മീ. ഉയരത്തിൽ മെർക്കുറി കോളത്തെ താങ്ങി നിർത്താൻ അന്തരീക്ഷമർദ്ദത്തിന് സാധിക്കുന്നുവെന്ന് ഈ പരീക്ഷണം വെളിപ്പെടുത്തി; മാത്രമല്ല, കുഴലിന്റെ അടഞ്ഞ അറ്റത്തിനും മെർക്കുറിയ്ക്കുമിടയിലുള്ള സ്ഥലം ശൂന്യമാണെന്നും. Torricellian vacuum എന്നാണ് ഈ ശൂന്യസ്ഥലത്തെ വിളിക്കുക. കുഴലിനുള്ളിൽ 76 സെ.മീ. ഉയരത്തിൽ നിൽക്കുന്ന മെർക്കുറിയുടെ മുകളിൽ വായു ഇല്ലാത്തതിനാൽ അവിടം ശൂന്യമാണെന്ന് പലരും ധരിച്ചു. എന്നാൽ സൂക്ഷ്മപരിശോധനയിൽ അത് പൂർണ്ണമായും ശരിയല്ലെന്നു ബോധ്യമായി. മെർക്കുറി ലവലിനു മുകളിൽ മർദ്ദമില്ലാത്ത സ്ഥിതിക്ക്, തിങ്ങിനിറഞ്ഞുനിന്ന മെർക്കുറിത്തന്മാത്രകളിൽ ചിലത് വെളിയിൽച്ചാടി ടോറിസെല്ലിയൻ വാക്വത്തിന്റെ അവസ്ഥ കളങ്കപ്പെടുത്തി. കൂടാതെ, മെർക്കുറിയിൽ ലയിച്ചുചേർന്നിരുന്ന വാതകങ്ങളുടെ ചില തന്മാത്രകളും വെളിയിൽക്കടന്ന് ശൂന്യതയ്ക്കു ഭംഗം വരുത്തി. ശൂന്യത ഭദ്രമായി കാത്തുസൂക്ഷിക്കാൻ ബുദ്ധിമുട്ടാണെന്ന് ശാസ്ത്രജ്ഞന്മാർക്ക് അങ്ങനെ മനസ്സിലായി. അവർ പ്രപഞ്ചത്തിലേക്ക് തിരച്ചിൽ വ്യാപിപ്പിച്ചു. തടി, ലോഹം, പ്ലാസ്റ്റിക്, ഗ്ലാസ് തുടങ്ങി ഭൂമിയിലെ എല്ലാ വസ്തുക്കളിലും പല വാതകങ്ങളടങ്ങിയിട്ടുണ്ട്. ശൂന്യതയ്ക്കെതിരെ വരുമ്പോൾ അവ പുറത്തു ചാടും. സോഡാക്കുപ്പി തുറക്കുമ്പോൾ മർദ്ദം കുറഞ്ഞതിന്റെ ഫലമായി സോഡാവെള്ളത്തിൽ അലിഞ്ഞുകിടന്ന വാതകങ്ങൾ തിളച്ച് പതഞ്ഞു ചാടുന്നതുപോലെ. അതുകൊണ്ട്, ശൂന്യത നിലനിർത്തുക അസാധ്യമായ കാര്യമാണ്.

തുടർന്ന്, നമ്മുടെ വായുമണ്ഡലത്തിനപ്പുറത്തെവിടെങ്കിലും പൂർണ്ണതോതിൽ ശൂന്യതയുണ്ടോയെന്ന് അന്വേഷണം തുടങ്ങി. ബഹിരാകാശ സഞ്ചാരത്തിനുപയോഗിക്കുന്ന റോക്കറ്റു പോലും തിളയ്ക്കും, ബാഹ്യമർദ്ദം കുറയുമ്പോൾ. ഏതാണ്ട് 300 കി.മീ. പൊക്കത്തിലെത്തുമ്പോൾ ഇതാരംഭിക്കുകയായി. ബഹിരാകാശത്തുനിന്ന് അന്തരീക്ഷവായു ശേഖരിച്ചുകൊണ്ടുവരാൻ നേരത്ത് മറ്റു തന്മാത്രകൾ അതിൽ കലർന്നുചേരും. ഇക്കാരണത്താൽ, ദീർഘനേരം ശൂന്യത നിലനിർത്തുക പ്രയാസമാണ്. അതുകൊണ്ട്, പൂർണ്ണമായും ശൂന്യത സാധ്യമാണോ? ഇതിനിടെ, ശൂന്യത തകർക്കാൻ ദ്രവ്യത്തിന്റെ ചില വകഭേദങ്ങൾ കണ്ടുപിടിക്കപ്പെട്ടു. ഖരം, ദ്രാവകം, വാതകം, പ്ലാസ്മ എന്നീ നാലു രൂപങ്ങളിൽ ദ്രവ്യം (matter) സ്ഥിതിചെയ്യുന്നു.



ദ്രവ്യത്തെ ഊർജ്ജമാക്കാനും ഊർജ്ജത്തെ ദ്രവ്യമാക്കാനും കഴിയും. ഇപ്പോഴത്തെ കാഴ്ചപ്പാടനുസരിച്ച്, പ്രപഞ്ചത്തിൽ ഊർജ്ജം ഏഴു തരത്തിലുണ്ട്. നാലു തരം ദ്രവ്യവും, മൂന്നു തരം ഫീൽഡും (ഗുരുത്വാകർഷണ, വൈദ്യുത-കാന്തിക, ന്യൂക്ലിയർ മണ്ഡലങ്ങൾ)-കണങ്ങളായോ തരംഗങ്ങളായോ. പ്രകൃതിയിലെ ഏഴ് അടിസ്ഥാനഘടകങ്ങൾ ഇവയാണ്. ഇതൊന്നുമില്ലാത്തയിടം മാത്രമേ ശൂന്യമാകൂ. അതെവിടെ കിട്ടാനാണ്? Nature abhors a vacuum എന്നാണു പറയുന്നത്. വിവര-സാങ്കേതികവിദ്യ (ഇൻഫർമേഷൻ ടെക്നോളജി)യുടെ വളർച്ചയെയും ശൂന്യത ഇല്ലാതാക്കുന്നു. എന്തെല്ലാം വിവരങ്ങളാണ് തരംഗങ്ങൾ വഴി അന്തരീക്ഷത്തിലൊഴുകുന്നത്?

ദ്രവ്യം മനുഷ്യനെ പല പ്രകാരത്തിൽ സഹായിക്കുന്നു. തരംഗങ്ങൾ(waves), ഊർജ്ജം(energy), കണങ്ങൾ(particles) എന്നിങ്ങനെ അതു രൂപാന്തരപ്പെടുന്നുവെന്ന് നാം കണ്ടുകഴിഞ്ഞു. പക്ഷേ, ഇനിയും പല രഹസ്യങ്ങളും ദ്രവ്യം മനുഷ്യനു വെളിപ്പെടുത്താനുണ്ട്. എന്തായാലും, ദ്രവ്യമില്ലാത്ത ഒരു ഇടമുണ്ടെങ്കിൽ അതിനെയാണ് ശൂന്യതയെന്നു പറയുന്നത്. പ്രപഞ്ചത്തിൽ ഇതുവരെ അങ്ങനെയൊരു സ്ഥലം കണ്ടെത്താനായില്ല.

ബാഹ്യപ്രപഞ്ചത്തിലെ ഇപ്പോഴത്തെ നിരീക്ഷണങ്ങൾ ദ്രവ്യത്തിന്റെ പുതിയ രൂപങ്ങൾ വെളിപ്പെടുത്തുന്നു. ആ നിലയ്ക്ക്, അതൊന്നുമില്ലാത്ത വാക്വത്തിന്റെ സാധ്യത കുറഞ്ഞുവരുന്നു. ഏറ്റവും കുറഞ്ഞ താപനിലയായ -273ºC (absolute zero) എത്തിച്ചേരാൻ പരീക്ഷണങ്ങളിലൂടെ സാധിച്ചിട്ടില്ല. ആ താപനിലയെത്തുമ്പോൾ തന്മാത്രകളുടെ സ്പീഡ് പൂജ്യമാണ്. സ്പീഡിന്റെ പരിധി പൂജ്യത്തിൽ തുടങ്ങി പ്രകാശവേഗതയിൽ (സെക്കൻഡിൽ 30 കോടി മീ. ദൂരം) അവസാനിക്കുന്നു. തന്മാത്രകളുടെ വേഗത കൂടുന്നതനുസരിച്ച് താപനില (temperature) ഉയരുന്നു; ദ്രവ്യമാനം (mass) വർധിക്കുന്നു. പ്രകാശവേഗതയിലെത്തുമ്പോൾ ദ്രവ്യമാനം അനന്തമാണ്. അതുകൊണ്ട്, ഏറ്റവും ഉയർന്ന താപനില എത്രയെന്നു കണക്കാക്കാൻ പ്രയാസമാണ്. ദ്രവ്യത്തിന്റെ എല്ലാ രൂപങ്ങളെയും നിശ്ചലമാക്കിക്കൊണ്ട് അവിടെയൊരു വാക്വം ഉണ്ടാക്കാനാകുമോ?

മനുഷ്യൻ പ്രകൃതിയുടെ എല്ലാ വശങ്ങളും അവന്റെ ആവശ്യങ്ങൾക്കായി രൂപപ്പെടുത്തിവരികയാണ്. ഖരരൂപത്തിലുള്ള ദ്രവ്യം മനുഷ്യൻ സ്വായത്തമാക്കിക്കഴിഞ്ഞു-ഉരുക്ക്, റബർ, പ്ലാസ്റ്റിക്, സിലിക്കോൺ തുടങ്ങി എത്രയെണ്ണം. അവൻ പ്രത്യേക തരം ക്രിസ്റ്റലുകളുമുണ്ടാക്കി. മർദ്ദം കൂടുകയും കുറയുകയും ചെയ്യുന്നതനുസരിച്ച്, അവ വിറച്ച് ശബ്ദം പുറപ്പെടുവിച്ച് സംസാരിക്കാനും പാടാനും കഴിയുന്നു-സൂര്യപ്രകാശത്തെ വൈദ്യുതിയാക്കാൻ പോരുന്ന സിലിക്കോൺ ക്രിസ്റ്റൽ;



# വിശ്വാസികളുടെ പിതാവ്

പ്രൊഫ. എം. തോമസ് മാത്യു

ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡമെന്തെന്നു ചോദിക്കാൻ മനുഷ്യന് അവകാശമുണ്ടോ? ആ ചോദ്യം തന്നെ ദൈവനിഷേധമാണെന്നു പറയാമോ? പറയണമോ? രണ്ടു കാര്യങ്ങൾ ഇവിടെ പരിഗണിക്കേണ്ടതുണ്ടെന്നു തോന്നുന്നു.

1. നീതിയെക്കുറിച്ചുള്ള ബോധമാണ് മാനദണ്ഡത്തെക്കുറിച്ചുള്ള ചിന്തയിൽ വരുന്നത്. അബ്രഹാമിന്റെ വിശ്വാസം ദൈവം അവന്റെ നീതിയായി കണക്കാക്കിയെന്നു പറയുന്നുണ്ടല്ലോ. യേശുവിന്റെ അപ്പനായ ജോസഫ് നീതിമാനായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. സങ്കീർത്തനങ്ങളിലുടനീളം നീതിയെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. അതുകൊണ്ട് നീതിബോധം ദൈവികമായ ദാനമാണ്. മനുഷ്യന്റെ ദൈവസാദൃശ്യത്തിലും മനുഷ്യന്റെ മൂക്കിലൂടെ അവനിൽ സന്നിവേശിപ്പിച്ച ജീവശ്വാസത്തിലും ഈ നീതിബോധത്തെ നാം കാണണം. ആ ബോധം കൊണ്ടു വേണം സകല കർമ്മങ്ങളെയും അളന്നു നോക്കാനും അവനവന്റെ ജീവിതത്തെ ചിട്ടപ്പെടുത്താനും. അതുകൊണ്ട് ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡമെന്തെന്നു ചോദിക്കുന്നത് ദൈവനിഷേധമാവുകയില്ല. എന്നാൽ, നമ്മുടെ നീതിബോധത്തിന്റെ പരിധിയിൽ ഒതുങ്ങി നിൽക്കണം ദൈവത്തിന്റെ തിരഞ്ഞെടുപ്പെന്നു ശഠിക്കുന്നത് ദൈവദൂഷണമാവുകയും ചെയ്യും. ദൈവത്തിന്റെ നീതി എന്തെന്നന്വേഷിക്കുകയും വേണം, നമ്മുടെ അന്വേഷണദൃഷ്ടി ചെന്നുനിൽക്കുന്ന ചക്രവാളരേഖ നമ്മുടെ കാഴ്ചയുടെ അതിരാണ്, ദൈവനീതിയുടെ സീമയല്ല, എന്നു ധരിക്കാനുള്ള വിനയവും വിവേകവും ഉണ്ടായിരിക്കുകയും വേണം. ഇസ്രയേലിന്റെ രാജാവായി ദാവീദിനെ തിരഞ്ഞെടുക്കുന്ന വേളയിൽ ദൈവം തന്നെ ഇക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്: "..... മനുഷ്യൻ നോക്കുന്നതു പോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നത് നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു....."

2. ദൈവം തിരഞ്ഞെടുത്തവരിലെല്ലാം നമ്മുടെ മഹത്ത്വബോധത്തിന്റെയും നീതിബോധത്തിന്റെയും മാനദണ്ഡങ്ങൾ പ്രയോഗിക്കാവുന്ന ചില ഗുണവിശേഷങ്ങൾ വിളങ്ങുന്നത് കാണാൻ കഴിയുന്നു. നാം കണ്ടിടത്തോളമേയുള്ളൂവെന്ന നിർബന്ധം അരുതെന്നേയുള്ളൂ. ശരി; അങ്ങനെയെങ്കിൽ, നാം വിനയത്തോടും വിറയലോടുംകൂടി ചോദിക്കുക, അബ്രഹാമിൽ ദൈവം എന്താണു കണ്ടത്? ദൈവം വിളിക്കുമ്പോൾ അബ്രഹാം അബ്രാം മാത്രമായിരുന്നു. ഭാരതീയ ശൈലിയിൽ പറഞ്ഞാൽ അബ്രാം എന്നത് അബ്രഹാമിന്റെ പൂർവാശ്രമത്തിലെ പേരാണ്. കൽദയരുടെ ഊർ എന്ന നഗരത്തിൽ നിന്നാണ് ആ യാത്രയാരംഭിക്കുന്നത്. സ്വദേശത്തെയും ബന്ധുജനങ്ങളെയും വിട്ട് ദൈവം നൽകാനിരിക്കുന്ന ദേശത്തേക്കു പോവുകയെന്നാണു കല്പന. ഈ കല്പന ലഭിക്കുമ്പോൾ അബ്രാമിന് എഴുപത്തിയഞ്ചു വയസ്സായിരുന്നു. ഇവിടെ, ആഖ്യാനത്തെ സംബന്ധിച്ച ഒരു ചെറിയ പ്രശ്നമുള്ളത് ശ്രദ്ധിക്കാവുന്നതാണ്. ഉല്പത്തി 12-ാം അദ്ധ്യായത്തിന്റെ ആദിമുതലാണ് അബ്രഹാമിന്റെ വിളിയും തുടർന്നുള്ള കാര്യങ്ങളും പ്രതിപാദിക്കുന്നത്. എന്നാൽ, 11:31-ൽ അബ്രഹാമിന്റെ പിതാവായ തേരഹ് ഊരിൽ നിന്നു പുറപ്പെട്ട് കനാൻ ദേശത്തേക്ക് യാത്രയായി എന്നു പറയുന്നുണ്ട്. 15:14-ൽ ആകട്ടെ, ദൈവം, കൽദയ പട്ടണമായ ഊരിൽ നിന്ന് നിന്നെ കൂട്ടിക്കൊണ്ടു വന്നുവെന്നും പറയുന്നുണ്ട്. അതുകൊണ്ട്, അബ്രഹാമിനെ ദൈവം വിളിച്ച കാര്യം പറയുന്നതിനുമുമ്പ് ഊരിൽ നിന്നു പുറപ്പെട്ടിരിക്കുന്നുവെന്ന് അർത്ഥമെടുക്കേണ്ടതില്ലെന്നു തോന്നുന്നു.

എന്താണ് ഈ വിളിയുടെ അർത്ഥം? രണ്ടു കാര്യങ്ങൾ ഇവിടെ ആവർത്തിച്ചു കാണുന്നുണ്ട്. ഒന്ന്, അബ്രഹാമിന്റെ വിശ്വാസദാർഢ്യമാണ്. 'വിശ്വാസികളുടെ പിതാവ്' എന്നാണ് അബ്രഹാമിനു ലഭിച്ച പദവി. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം മാത്രമാണോ ഇവിടെ സവിശേഷം സൂചിപ്പിക്കുന്നത്? ഈ വിശ്വാസത്തിന്റെ കാര്യത്തിൽ സംശയമേയില്ല. ദൈവവാഗ്ദാനം എങ്ങനെ യാഥാർത്ഥ്യമാകുമെന്ന് സ്വാഭാവികമായി സംശയിക്കാവുന്ന സാഹചര്യങ്ങൾ നിരക്കെയുണ്ടായിരുന്നിട്ടും അബ്രഹാമിൽ അവിശ്വാസം നാമ്പിട്ടില്ല. മനസ്സുലഞ്ഞു പോയ സന്ദർഭങ്ങളുണ്ട്. മനസ്സുലയുക തന്നെ ചെയ്തു. മനുഷ്യനാകയാൽ അങ്ങനെ തന്നെ സംഭവിക്കണം. എന്നാൽ, അതൊന്നും അവിശ്വാസത്തിലേക്കുള്ള പതനമായിരുന്നില്ല. നിരാശത അവിശ്വാസത്തിലേക്കു ചാഞ്ഞുപോകാവുന്ന നേർത്ത വിളുമ്പിലൂടെ അബ്രഹാം നടന്ന സന്ദർഭങ്ങളുണ്ട്. ഇത് അവിശ്വാസിക്കൽ തന്നെ എന്നു നമുക്കു പറയാൻ തോന്നുന്ന സന്ദർഭങ്ങളും, അങ്ങനെ വ്യാഖ്യാനിച്ചു പോകാവുന്ന വാക്കുകൾ തന്നെയുമുണ്ട്. എന്നാൽ, അതൊന്നും അബ്രഹാമിന്റെ വിശ്വാസഭംഗമായി ദൈവം കണക്കാക്കിയില്ല. മറ്റൊരാളായിരുന്നെങ്കിൽ അവിശ്വാസത്തിന്റെ വശത്തേക്ക് തെന്നി വീണേനെ. നൂലിനെക്കാൾ നേർത്ത ഒരു രേഖയിലൂടെ നടത്തിയാണ് ദൈവം അബ്രഹാമിനെ പരീക്ഷിച്ചത്. ആ പരീക്ഷകളിൽ പരീക്ഷീണനായെങ്കിലും അബ്രഹാം തോറ്റില്ല.

സ്വയമായി വെളിച്ചവും ചൂടും ഉണ്ടാക്കാൻ കഴിയുന്ന റേഡിയം. ദ്രാവകങ്ങളെയും മനുഷ്യൻ സ്വന്തമാവശ്യത്തിനു രൂപപ്പെടുത്തി. ഉദാ: ഹൈഡ്രോളിക് പ്രസ്സ്, ടർബൈൻ. അപ്രകാരം, വാതകങ്ങളെയും മനുഷ്യൻ പ്രയോജനപ്പെടുത്തി. ഉദാ: സ്റ്റീം എൻജിൻ, വിമാനം, റോക്കറ്റ് വാഹിനി. പ്ലാസ്മ അത്രയധികം ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഫീൽഡുകളിൽ വൈദ്യുത കാന്തിക മണ്ഡലം മാത്രം ഉപയോഗിച്ചു തുടങ്ങി. ഉദാ: റേഡിയോ, ടിവി, കമ്പ്യൂട്ടർ. ന്യൂക്ലിയർ ഫീൽഡ് കുറച്ചൊക്കെ ഉപയോഗിക്കുന്നു. ഉദാ: അണുശക്തി പ്ലാന്റ്, കൊബാൾട്ട് ഗൺ. ഗുരുത്വാകർഷണ മണ്ഡലമാണ് ഒട്ടും ഉപയോഗിക്കപ്പെടാത്തത്. പ്രസ്തുത ഫീൽഡിന്റെ സ്വഭാവം ഇനിയും ഗ്രഹിക്കേണ്ടതുണ്ട്.

പൂർണ്ണമായും ശൂന്യതയുള്ള ഒരിടം കണ്ടുപിടിച്ചില്ലെങ്കിൽ മനുഷ്യനു തനതായി ഒരെണ്ണം സൃഷ്ടിച്ചെടുക്കാൻ കഴിയും. അത്തരമൊരു ശൂന്യസ്ഥലം മനുഷ്യന് എന്തെങ്കിലും പ്രയോജനം ചെയ്യുമെങ്കിൽ കണ്ടുപിടിത്തവും വൈകാനിടയില്ല. വികാരങ്ങളും വിചാരങ്ങളുമൊന്നുമില്ലാതെ മനുഷ്യമനസ്സിനെ ശൂന്യമാക്കാൻ പറ്റുമോ? കാണാനും കേൾക്കാനും മണക്കാനും രുചിക്കാനും സ്പർശിക്കാനുമുള്ള കഴിവ് നഷ്ടപ്പെടാതെ പൂർണ്ണമായും ശൂന്യമായ ഒരു മനസ്സ് ലഭിക്കാൻ സഹായിക്കുന്ന ഗുളികകൾ വല്ലതുമുണ്ടോയെന്നറിഞ്ഞുകൂടാ. സാധാരണഗതിയിൽ മനസ്സ് ഒരിക്കലും ശൂന്യമല്ല, ഉറക്കത്തിൽപ്പോലും. ●

അതിന്റെ അങ്ങേയറ്റമാണ് മകനെ ബലിയർപ്പിക്കൂ എന്ന കല്പന. അക്കഥ നാം കുറച്ചുകൂടി സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്. ഈ പരീക്ഷകളും അതിൽ നേടിയ വിജയങ്ങളും വച്ചുകൊണ്ട് അബ്രഹാമിനെ 'വിശ്വാസികളുടെ പിതാവ്' എന്നു വിളിക്കുന്നതിൽ തെറ്റില്ല. പക്ഷേ, അത്രയേ അവിടെ ഉദ്ദേശിക്കുന്നുള്ളോ? വളരെ അവ്യക്തമായ സൂചനകൾ വച്ചുകൊണ്ട് നമുക്ക് എവിടെ വരെ പോകാം?

ഉത്പത്തി 12-25 അധ്യായങ്ങളിലാണല്ലോ അബ്രഹാമിനെക്കുറിച്ചുള്ള പ്രതിപാദനമുള്ളത്. അവിടെയെല്ലാം അബ്രഹാം ദൈവത്തെ ആരാധിക്കുന്നതിനെക്കുറിച്ചുള്ള പരാമർശമുണ്ട്. ദൈവത്തിന്റെ വാഗ്ദാനം നിവൃത്തിയാകുന്നതിനുമുമ്പുള്ള പരാമർശങ്ങൾ കൂടുതൽ ശ്രദ്ധേയവുമാണ്. ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും നാഥനായ കർത്താവ് എന്ന് അബ്രഹാം ദൈവത്തെ പരാമർശിക്കുകയും ചെയ്യുന്നു. ശാലേം രാജാവായ മൽക്കീസേദക്കിന്റെ സൽക്കാരവും അനുഗ്രഹവും ഏറ്റുവാങ്ങിയതിനുശേഷം, അത്യുന്നത ദൈവത്തിന്റെ ഈ പുരോഹിതനു തന്റെ സമ്പത്തിന്റെ ദശാംശം അർപ്പിച്ചതിനുശേഷമാണ് അബ്രഹാം ഇങ്ങനെ പറയുന്നത്. അത്യുന്നതദൈവമായ കർത്താവ് എന്ന ദർശനത്തിലേക്കാണ് അബ്രഹാമിന്റെ വിശ്വാസം വളർന്ന് ദൃഢമായിക്കൊണ്ടിരുന്നതെന്ന് ഇതു വച്ചുകൊണ്ടു പറയാനുള്ള അവകാശം നമുക്കുണ്ടോ? ഉണ്ടെങ്കിൽ, 'വിശ്വാസികളുടെ പിതാവ്' എന്ന പ്രയോഗത്തിന് കനത്ത അർത്ഥം കിട്ടും. നാനാദേശങ്ങളിൽ ചിതറിപ്പാർത്തിരുന്ന അനേകം സംസ്കാരങ്ങളും ജാതികളും അവരുടെയെല്ലാം ആചാരങ്ങളും ആരാധനാരീതികളും ചേർന്നതാണ് മനുഷ്യവംശവും അവരുടെ ജീവിതവും. അവർ എന്തിനെയെല്ലാം ആരാധിച്ചു! എന്തിനെയെല്ലാം കൊണ്ടാടി! തങ്ങൾക്കു ഭയം തോന്നിയവയെല്ലാം ദൈവമാണെന്ന് അവർ വിശ്വസിച്ചു; വിസ്മയം ജനിപ്പിച്ച ഏതു പ്രതിഭാസത്തെയും ഭയപ്പെടാനും ഭയപ്പെട്ടവയെയെല്ലാം പ്രീതിപ്പെടുത്താനും അവർ ശ്രമിച്ചു. ദേവന്മാർക്കിടയിൽ നന്മയുറ്റവരും കൊള്ളരുതാത്തവരുമുണ്ടായി. എങ്ങനെ ഈ ദൈവങ്ങളെ വശപ്പെടുത്താനും തൻകാര്യങ്ങൾക്കുപയോഗിക്കാനും കഴിയുമെന്ന ചിന്തയും ഉണ്ടായി. അങ്ങനെ കൺമുന്നിൽ പ്രതിഷ്ഠിച്ച് ദേവപ്രീതികർമ്മങ്ങളനുഷ്ഠിക്കാൻ പാകത്തിൽ വിഗ്രഹങ്ങളും പ്രതീകങ്ങളുമുണ്ടായി. ഇങ്ങനെ സങ്കുചിതവും അന്ധത നിറഞ്ഞതുമായ ദൈവസങ്കല്പങ്ങളുടെയും അവയുടെ അടിസ്ഥാനത്തിലുള്ള വിചിത്രമായ ആരാധനാരൂപങ്ങളുടെയും മദ്ധ്യത്തിൽ ജീവിക്കുമ്പോഴാണ് ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും, പ്രപഞ്ചത്തിന്റെ മുഴുവന്റെയും, നാഥനായ ദൈവം എന്ന ദർശനം അബ്രഹാമിനു ലഭിക്കുന്നത്. മനുഷ്യചരിത്രത്തിൽ ദൈവം ഏകനെന്ന കാഴ്ചയിലേക്ക് ആദ്യം നടന്നെത്തിയത് അബ്രഹാമാണ്. അതാണ് ആ തിരഞ്ഞെടുപ്പിന്റെയും വിളിയുടെയും അർത്ഥവും പ്രസക്തിയും. 'അബ്രാം മുതൽ അബ്രഹാം വരെ'യുള്ള കാലയളവിൽ, ഈ ദർശനത്തിൽ അബ്രഹാം ഉറച്ചുനിൽക്കുന്നുണ്ടോയെന്നാണ് ദൈവം പരീക്ഷിച്ചുകൊണ്ടിരുന്നത്. ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ ചില മിന്നാട്ടങ്ങൾ മനുഷ്യനു ലഭിച്ചുവെന്നു വരും. സത്യത്തിന്റെ ഒരവ്യക്തരൂപം മാത്രമേ അപ്പോൾ കാണാൻ കഴിയൂ. അതു കഴിഞ്ഞാൽ ആ കാഴ്ച മാഞ്ഞുപോവുകയും ചെയ്യും. ശവക്കുഴിയുടെ മുമ്പിൽ ഈറനണിഞ്ഞ കണ്ണുകളും വിങ്ങുന്ന ഹൃദയവുമായി നിൽക്കെ, 'മനുഷ്യന്റെ അവസാനം ഇങ്ങനെയാണെങ്കിൽ രാജാക്കന്മാർ പൊന്നു ശേഖരിക്കുന്നതെന്തിന്' എന്നു കേൾക്കുമ്പോൾ ശരിയാണല്ലോ എന്നു വിചാരിക്കാത്തവർ ആരെങ്കിലുമുണ്ടോ? ഇതിനെയാണ് ശ്മശാനവൈരാഗ്യമെന്നു വിളിക്കുന്നത്. അത് ശ്മശാനത്തിന്റെ ഉള്ളിൽ വച്ചേയുള്ളൂ. മതിൽക്കെട്ടിന്റെ പുറത്തു വന്നു കഴിഞ്ഞാൽ, കുമാരനാശാൻ വാസവദത്തയെപ്പറ്റി പറഞ്ഞ പോലെ, പഴയ ഭോഗവാപിയിൽ നീന്തിക്കളിക്കാൻ തുടങ്ങുകയായില്ലേ! അതുപോലെ ദേവബഹുലമായ സംസ്കാരത്തിന്റെ മദ്ധ്യത്തിൽ ജീവിക്കുന്നതിനിടയിൽ ദൈവം ഒന്നേയുള്ളൂവെന്ന ചിന്തയുടെ സ്ഫുരണം അനേകർക്ക് ഉണ്ടായിട്ടുണ്ടായിരിക്കാം. ബോധത്തിൽ ഒരിക്കൽ തെളിഞ്ഞ് അത് ബുദ്ബുദം പോലെ അപ്രത്യക്ഷമായിട്ടുമുണ്ടാകാം. എന്നാൽ, ഇതാ ഒരുവൻ ആ ചിന്ത വിട്ടുപോകാതെ മുറുകെപ്പിടിച്ചു. ജീവിതത്തിന്റെ അനേക പരീക്ഷകളിലൂടെ കടന്നുപോകുന്നതിനിടയിൽ ആ ചിന്തയെ സ്ഫുടം ചെയ്തെടുക്കുകയും ചെയ്തു. ആ കഥയാണ് വരികൾക്കിടയിലൂടെ വായിക്കാൻ ബൈബിൾ ആഖ്യാനം ചെയ്യുന്നത്. ആ ആഖ്യാനത്തിന്റെ പ്രത്യക്ഷതലത്തിൽ അബ്രഹാമിനു നൽകുന്ന അനുഗ്രഹവും ആവർത്തിച്ചുള്ള പരീക്ഷകളും ഓരോ പരീക്ഷയ്ക്കും ശേഷമുള്ള അനുഗ്രഹത്തിന്റെ ദൃഢീകരണവും മാത്രമേയുള്ളൂ. പരോക്ഷതലത്തിൽ, ആന്തരഘടനയിൽ, ഈ ദർശനം പടിപടിയായി തെളിഞ്ഞ് അചഞ്ചല വിശ്വാസത്തിന്റെ അവസ്ഥയിലെത്തുന്നത് കാണിക്കുന്നു. അത്യുന്നത ദൈവത്തിന്റെ പുരോഹിതന്റെ അനുഗ്രഹം ഈ വിശ്വാസപരിപാകത്തെയാണു കാണിക്കുന്നത്.

അവിടെ തീരുന്നില്ല ആ പരീക്ഷയും പരീക്ഷണവും. വലിയ കർമ്മം അനുഷ്ഠിക്കേണ്ടവന് വലിയ പരീക്ഷയിൽ ജയിക്കേണ്ടതുണ്ട്. ഓടിയാറാകുന്നതുവരെ വളച്ചിട്ടേ ആ പരീക്ഷ തീരുകയുള്ളൂ. അബ്രഹാമിന് ആ പരീക്ഷകളെ മുഴുവൻ നേരിടേണ്ടതുണ്ടായിരുന്നു. അവയിലൊന്നും തോറ്റുപോകാതിരിക്കാനുള്ള കൃപയും ദൈവം നൽകുന്നു. യഥാർത്ഥത്തിൽ ആ പരീക്ഷയിൽത്തന്നെ ആ കൃപയുണ്ട്. തോൽക്കുമെന്നുറപ്പുള്ളവരെ പരീക്ഷയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ജയിക്കുമെന്ന് ദൈവം പ്രതീക്ഷയർപ്പിച്ചവനായിരുന്നു അബ്രഹാം. അതുകൊണ്ടാണ് ഒന്നിനുമേൽ ഒന്നായി പരീക്ഷകൾ വന്നുകൊണ്ടിരുന്നത്.

അബ്രഹാമിന്റെ സ്വഭാവവൈശിഷ്ട്യം വെളിവാകുന്ന നാലു സന്ദർഭങ്ങൾ ഈ ആഖ്യാനത്തിൽ എടുത്തു പറയുന്നുണ്ട്. ഒന്ന്, ലോത്തുമായുള്ള ബന്ധം. തന്റെ സഹോദരപുത്രനാണ് ലോത്ത്. നാടും ചാർച്ചക്കാരും വേണ്ടെന്നു വച്ച്, ദൈവനിയോഗം കൈക്കൊണ്ട് അനിശ്ചിതഭാവിയിലേക്ക് ഇറങ്ങിത്തിരിച്ചപ്പോൾ കൂടെ പോന്നവൻ. സമ്പത്തു വർദ്ധിക്കുകയും

*(ശേഷം പേജ് 12)*


## ചാക്കോ സാറും ഞാനും

*(പേജ് 6 തുടർച്ച)*

**മാനും പ്രായോഗിക ചിന്താഗതിക്കാരനുമായിരുന്നു അദ്ദേഹം. ജീവിതത്തിൽ കർശനമായ ചിട്ടയും അച്ചടക്കവും പാലിച്ചിരുന്നു. ഓരോ ദിവസത്തെയും വരവുചിലവുകണക്കുകൾ അദ്ദേഹം കൃത്യമായി സൂക്ഷിച്ചിരുന്നു.** എന്റെ നോട്ടത്തിൽ, അദ്ദേഹം അധികം ഇഷ്ടപ്പെട്ടിരുന്ന രണ്ടു വ്യക്തികൾ ശ്രീ. വി. എം. ഇട്ട്യേരയും ശ്രീ. കെ. എം. ചെറിയാനുമാണ്. അവരുമായി വളരെ ഗൗരവമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നത് പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തോടൊന്നിച്ചുള്ള ഒരു യാത്ര ഞാൻ ഓർക്കുന്നു. സ്റ്റുഡന്റ്സ് കോൺഫ്രൻസിൽ പങ്കെടുക്കാൻ എറണാകുളത്തു നിന്ന് കോട്ടയത്തേക്ക് ട്രെയിനിലാണു യാത്ര. ക്രൗളി സായ്പും കൂടെയുണ്ട്. കെ.സി.ചാക്കോസാർ എന്തെങ്കിലും ഒരഭിപ്രായം പറയും. അതിന്റെ മറുപടി സായ്പ് പറയും. പിന്നെ രണ്ടുപേരും ചിരിയാണ്, ഹൃദയം തുറന്നുള്ള ചിരി. കഠിന രോഗത്തിൽ നിന്ന് വിമുക്തി പ്രാപിച്ച വ്യക്തിയാണെങ്കിലും ഒരിക്കലും ഒരസുഖവും അദ്ദേഹത്തിൽ കണ്ടിട്ടില്ല.

ദൈവത്തെയും മനുഷ്യരെയും അഗാധമായി സ്നേഹിച്ച മനുഷ്യൻ, ദൈവത്തോടു ചേർന്നിരുന്ന് പ്രാർത്ഥിച്ച മനുഷ്യൻ, ദൈവനിയോഗമനുസരിച്ച് കർമ്മനിരതനായ വ്യക്തി, ജീവിതത്തിൽ ചിട്ടയും അച്ചടക്കവും കാത്തുസൂക്ഷിച്ച ശ്രേഷ്ഠഗുരു-ഇതൊക്കെയായിരുന്നു പ്രൊഫ. കെ. സി. ചാക്കോ. **ജീവിതത്തിൽ ഞാൻ അടുത്തിടപഴകിയവരിൽ ഏറ്റവും ശ്രേഷ്ഠനായ വ്യക്തി ആരെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ-കെ. സി. ചാക്കോ.**

***(യൂണിയൻ ക്രിസ്ത്യൻ കോളജിന്റെ സ്ഥാപകരിലൊരാളും യശഃശരീരനായ കെ. സി. മാമ്മൻ മാപ്പിളയുടെ സഹോദരനുമായ ശ്രീ. കെ. സി. ചാക്കോയുടെ 58-ാം ചരമവാർഷികം സെപ്ടംബർ 15-നായിരുന്നു.)***



# മെത്രാനെക്കുറിച്ചുള്ള ഗിബ്സൺ ചിത്രം

യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്ത

**മെ**ൽ ഗിബ്സന്റെ "ദ പാഷൻ ഓഫ് ക്രൈസ്റ്റ് " എന്ന സിനിമ തിയേറ്ററിൽ പോയി കാണാൻ അമേരിക്കയിൽ വച്ച് എന്റെ സഹോദരിയുടെ മക്കൾ ക്ഷണിച്ചതാണ്. പക്ഷേ അവിടത്തെ കാതടപ്പിക്കുന്ന ശബ്ദകോലാഹലത്തിൽ കാണുന്നതിനേക്കാൾ കൂടുതൽ കേൾക്കുകയാവുമെന്നതിനാൽ സ്വന്തമായി ഒരു കോപ്പി വാങ്ങി കാണാമെന്നു തീരുമാനിച്ചു. ചിത്രത്തിന്റെ ഡി.വി.ഡി. ഇറങ്ങിയ അന്നുതന്നെ ഒരു കോപ്പി കുറഞ്ഞ വിലയ്ക്ക് സംഘടിപ്പിച്ചു. ഞാൻ താമസിച്ചിരുന്ന ബന്ധുവിന്റെ വീട്ടുകാരോട് ഒന്നിച്ചിരുന്ന് ടിവിയിൽ കാണുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ, മമ്മിക്ക് അത് കാണണമെങ്കിൽ ഒരു പായ്ക്കറ്റ് ടിഷ്യൂ വേണ്ടിവരും കണ്ണ് തുടയ്ക്കാൻ; അതുകൊണ്ട് തനിയെ ഇരുന്ന് കണ്ടാൽ മതിയെന്നു പറഞ്ഞു (അവർ കുടുംബത്തോടെ തിയേറ്ററിൽ പോയി കണ്ട അനുഭവത്തിൽ നിന്നാണ്!). അതുകൊണ്ട് തനിയെ ഇരുന്ന് ഒരുവട്ടം കണ്ടു. വീണ്ടും മടക്കയാത്രയിൽ സമയത്തിന്റെ തലകീഴ് മറിച്ചിലിൽ ഉറക്കം വരാതിരുന്ന ഒരു രാത്രിയിൽ ദുബായ്-ൽ വച്ചും കണ്ടു.

സാങ്കേതികമായോ കലാപരമായോ യാതൊരു മേന്മയും എനിക്ക് ആ പടത്തിൽ കാണാൻ കഴിഞ്ഞില്ല. എന്നു മാത്രമല്ല, ഒത്തിരി പോരായ്മകൾ കണ്ടെത്തുകയും ചെയ്തു. യേശുവിനെ ബന്ധനസ്ഥനാക്കാൻ രാത്രിയുടെ ഇരുളിൽ തോട്ടത്തിൽ വരുന്ന പടയാളികൾ പിടിച്ചിരിക്കുന്ന പന്തത്തിന്റെ വെളിച്ചം അതേന്തിയ ആളിന്റെ മുഖത്തുപോലും തെളിയുന്നില്ല. ദണ്ഡനത്തിന്റെ ആദ്യസന്ദർഭത്തിൽത്തന്നെ യേശുവിന്റെ വലതുകണ്ണ് നീരുവന്ന് തടിച്ചതായി കാണിക്കുന്നു. പക്ഷേ ക്രൂശിൽ വന്നപ്പോഴേക്കും തടിപ്പ് മാറിയിരുന്നു. അടിയേറ്റുണ്ടായ വ്രണങ്ങൾക്ക് ഓരോ രംഗത്തിലും സ്ഥാനചലനം വന്നിട്ടുണ്ട്. യേശുവിന്റെ വേഷമിട്ട നടന്റെ അധരചലനങ്ങൾ തീരെ വികൃതമാണ്; അഭിനയം ഒട്ടും തന്നെ മെച്ചമല്ല; അരാമ്യഭാഷ ഒട്ടും പരിചയമില്ലാത്ത ആളിന്റെ സംസാരവും. ഈ ഭൂലോകത്ത് മേശ ആദ്യമായി കണ്ടുപിടിച്ചത് യേശുവായിരുന്നുവെന്നാണ് പടം നിർദ്ദേശിക്കുന്നത്. ഏഷ്യൻ സംസ്കാരത്തിൽ മേശ ഒരു വീട്ടുപകരണമേ ആയിരുന്നില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? പിശാചിന്റെ രൂപത്തിൽ ഒരു സ്ത്രീയെയാണ് അവതരിപ്പിക്കുന്നത്. അങ്ങനെ മെൽ ഗിബ്സന്റെ സ്ത്രീവിരോധവും(?) പിശാചിനെക്കുറിച്ചുള്ള വിവരക്കേടും വെളിവായി.

ജർമ്മനിയിൽ യഹൂദന്മാർ നേരിട്ട പീഡനത്തിന്റെ കഥ വിവരിക്കുന്ന ഷിന്റ്ലേഴ്സ് ലിസ്റ്റ് എന്ന പടത്തിന്റെ സാങ്കേതികത്വവുമായി തട്ടിച്ചുനോക്കിയാൽ അതിന്റെ പരിസരത്തെങ്ങും വരില്ല ഈ ചിത്രം. മനുഷ്യന്റെ ദുരവസ്ഥയുടെയും പീഡകന്റെ ക്രൂരതയുടെയും കാര്യമാണെങ്കിൽ സ്റ്റീവൻ സ്പീൽബർഗിന്റെ കറുത്ത വർഗ്ഗക്കാരെക്കൊണ്ടുള്ള വെള്ളക്കാരന്റെ അടിമക്കച്ചവടത്തിന്റെ കഥ പറയുന്ന "അമിസ്റ്റാഡി"ന്റെ അഞ്ചയൽവക്കത്തു വരില്ല ഈ ചിത്രം. പടയാളികളുടെയും പുരോഹിതരുടെയുമൊക്കെ അഭിനയം അസ്വാഭാവികതയുടെ സകല അതിരുകളും ലംഘിക്കുന്നു; പ്രത്യേകിച്ച്, യേശുവിനെ ദണ്ഡിപ്പിക്കുന്ന സമയത്തേത്. ആകെക്കൂടെ ആകർഷകമായി തോന്നിയത് യേശുവിന്റെ മാതാവിന്റെ അഭിനയമാണ് (അമ്മമാരെ ആര് എത്ര ശ്രമിച്ചാലും മോശമാക്കാൻ പറ്റില്ലെന്നു തോന്നുന്നു). എന്റെ കാഴ്ചപ്പാടിൽ മദ്ധ്യകാലയുഗത്തിലെ റോമൻ സഭയുടെ ചില ധാരണകളും കുറെ പൈങ്കിളി രസവും ചേർത്തുനിർമ്മിച്ച ഒരു സാധാരണ ഇടിപടം മാത്രമാണ് "ദ പാഷൻ ഓഫ് ക്രൈസ്റ്റ്". പക്ഷേ നാടെങ്ങും വൻ സ്വീകരണമായിരുന്നു ചിത്രത്തിനു ലഭിച്ചത്. യഹൂദപ്രമാണിമാരും പടയാളികളും ചേർന്ന് യേശുവിനോട് ചെയ്ത "കടുംകൈ" ഇപ്പോഴും നമ്മുടെ മനസ്സുകളിൽ ഒരു തീവ്രവികാരമായി, ക്രോധമായി, നിറഞ്ഞുനിൽക്കുന്നുവെന്നു സാരം.

എന്നെ ആകർഷിച്ചത് ചിത്രത്തിന്റെ അവസാന ഭാഗത്തെ ഒരു രംഗമാണ്. യേശു കഠിന വേദനയനുഭവിച്ച് ക്രൂശിൽ കിടക്കുന്നു; പടയാളികൾ പകിട കളിക്കുന്നു; യേശുവിന്റെ മാതാവും ചില സ്നേഹിതരും മാറിനിന്ന് വിലപിക്കുന്നു; കൂടെ ക്രൂശിക്കപ്പെട്ടവരിൽ ഒരാൾ യേശുവിനെ ഭത്സിക്കുന്നു; പ്രകൃതിയിൽ ചില മാറ്റങ്ങൾ സംഭവിക്കുന്നു. ഈ സമയത്ത് **പുരോഹിതന്മാരിലൊരാൾ ഉള്ളിൽ നിറയെ നിന്ദയും, മുഖത്തു പടർന്ന ധാർഷ്ട്യവും, ചലനങ്ങളിൽ അഹന്തയുമായി കഴുതപ്പുറത്തുകയറി ചുറ്റിനടക്കുന്നു. ഈ റോളിൽ ഞാൻ എന്നിലെ ക്രൈസ്തവ പുരോഹിതനെ കാണുന്നു, എന്റെ നിലപാടിനെ ദർശിക്കുന്നു.** മനുഷ്യപുത്രന് പണ്ടൊരിക്കൽ അനുഭവിക്കേണ്ടിവന്ന ദുരിതത്തെക്കുറിച്ച് പൊടിപ്പും തൊങ്ങലുമായി പെരുപ്പിച്ചു പറഞ്ഞ് വികാരം കൊള്ളാൻ എനിക്ക് അതീവ താല്പര്യമാണ്. അക്കൂട്ടത്തിൽ പീഡകനെ മനംനിറയെ കുറ്റം പറയാനും എനിക്കു സന്തോഷമാണ്. എന്നാൽ എനിക്കു ചുറ്റും മനുഷ്യപുത്രന്മാർ (പുത്രിമാരും) പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുമ്പോൾ, അത് കണ്ടു നിന്ന് കരയുന്ന മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമിടയിൽ പീഡകരോടു ചേർന്ന് ധാർഷ്ട്യത്തിൽ നിർമ്മദനായി നോക്കിനിൽക്കുന്നത് എനിക്ക് നിർവൃതിദായകമാണ്. വെള്ളക്കാരുടെ കോളനികളിൽ, പ്രത്യേകിച്ച്, ദക്ഷിണാഫ്രിക്കയിൽ കണ്ട എന്നെ, ഇക്കാലത്ത് അഫ്ഗാനിസ്ഥാനിലും ഇറാഖിലും ഞാൻ കണ്ട് തിരിച്ചറിയുന്നു.

എന്തിനധികം ദൂരെപ്പോകുന്നു: എന്റെ നാട്ടിൽത്തന്നെ **നെൽപ്പാടത്തിന്റെ വരമ്പത്ത് ഹോമിക്കപ്പെട്ട കർഷകത്തൊഴിലാളിയുടെ ജീവിതം കണ്ട് ഞാൻ സന്തോഷിച്ചിട്ടില്ലേ? വീട്ടുവേലയ്ക്കായിവന്ന പെൺകുട്ടി രാത്രിയും പകലും പീഡിപ്പിക്കപ്പെട്ടതു കണ്ട് ഞാൻ നിർവികാരതയോടെ നിന്നിട്ടില്ലേ? ദളിതനെ പാർശ്വവൽക്കരിച്ച് നെടുവീർപ്പിച്ച സാമൂഹിക വ്യവസ്ഥ കണ്ട് ഞാൻ എന്റെ ഇല്ലാത്ത നമ്പൂതിരിപൈതൃകത്തിൽ ഊറ്റം കൊണ്ടിട്ടില്ലേ? പണിശാലകളിൽ എരിഞ്ഞുതീരുന്ന ബാല്യത്തിന്റെ വിഹ്വലത ഞാൻ കണ്ടില്ലെന്നു നടിച്ചിട്ടില്ലേ? മത്സ്യത്തൊഴിലാളികളുടെയും എസ്റ്റേറ്റ് ജോലിക്കാരുടെയും പട്ടിണിവയറിനെ ഞാൻ അവഗണിച്ചിട്ടില്ലേ? അവകാശങ്ങൾ നിഷേധിക്കപ്പെട്ട സ്ത്രീത്വത്തിന്റെ മുൻപിൽ ധാർഷ്ട്യത്തോടെയല്ലേ ഞാൻ നിൽക്കുന്നത്? പണമിടപാടു സ്ഥാപനങ്ങളുടെ കഴുത്തറപ്പൻ പലിശ നൽകാൻ വശമില്ലാതെ കെട്ടിഞാന്ന് ജീവനൊടുക്കുന്ന കർഷകന്റെ വിലപിക്കുന്ന കുടുംബത്തിനുമുൻപിൽ പണമിടപാടുകാരൻ നൽകിയ സംഭാവന കൊണ്ട് പണിതീർത്ത കുരിശടി വെഞ്ചരിച്ച് ഞാൻ സംഭാവനക്കാരനെയും കുടുംബത്തെയും കൂട്ടത്തോടെ ആശീർവദിച്ചിട്ടില്ലേ? അതേ, മെൽ ഗിബ്സന്റെ ഈ ചിത്രം മനുഷ്യപുത്രന്റെ കഷ്ടപ്പാട് കണ്ട് നിർവൃതി പൂണ്ടു നിൽക്കുന്ന ഈ മെത്രാനെക്കുറിച്ചുള്ളതാണ്.** ●

# ബ്രോയ്‌ലർ ഡോക്ടർ

ഡോ. ജേക്കബ് വടക്കഞ്ചേരി



ഡോക്ടറാകാൻ വേണ്ടി സീറ്റ് ഒപ്പിക്കാനുള്ള പങ്കപ്പാടറിയാമോ? തിരഞ്ഞെടുപ്പിനൊരു സീറ്റ് കിട്ടാനുള്ള പങ്കപ്പാടിനേക്കാൾ എത്രയോ ഭയങ്കരം! ആകെയുള്ളത് ആയിരത്തിൽ അൻപതു സീറ്റ്. മത്സരിക്കുന്നതോ ഒരു ലക്ഷവും! അതാകട്ടെ സാക്ഷാൽ ഹൈ ബ്രീഡ്. യു.കെ.ജി. മുതൽ പ്ലസ്ടു വരെ ബ്രോയ്‌ലർ ചിക്കനെപ്പോലെ പഠിച്ചോണ്ടിരുന്നവർ. ബ്രോയ്‌ലർ ചിക്കനെപ്പോലെ ഡോക്ടർ ചെക്കന്റെയും ജന്മോദ്ദേശ്യം ജനിക്കും മുമ്പേ തീർച്ചയാക്കപ്പെട്ടതാണ്. വാസ്തവത്തിൽ, ജനിപ്പിക്കുന്നതിന്റെ ആദ്യ നടപടികളുടെ ആറുമാസത്തിനു മുമ്പ് ഡാഡിയും മമ്മിയും കൂടെ സ്വർഗ്ഗീയ പിതാവിനു നേർന്ന നേർച്ചയാണത്!

ബ്രോയ്‌ലർ ചിക്കന് ജനിച്ചാൽ പിന്നെ ഒരു പണിയേയുള്ളൂ- തിന്നുക, തിന്നുക. ഡോക്ടർ ചെക്കനും ഒറ്റ പണിയേയുള്ളൂ- പഠിക്കുക, പഠിക്കുക. തീറ്റയ്ക്കു നടുവിൽ നിർത്തി ബ്രോയ്‌ലർ ചിക്കനെ സദാസമയവും തീറ്റിക്കാനും ഉറങ്ങാതെ നിർത്താനും ശക്തി കൂടിയ വൈദ്യുതിവിളക്കുകൾ കൊണ്ട് പ്രകാശമാനമാക്കുന്നതുപോലെ സദാസമയവും പഠിച്ചോണ്ടിരിക്കാൻ ഡോക്ടർ ചെക്കന് ഓരോ വിഷയത്തിനും ഓരോ ട്യൂഷൻ ടീച്ചറെ വീതം ഏർപ്പാടു ചെയ്തു കൊടുക്കുന്നു. ഉറങ്ങാതെ തിന്ന് സഹികെടുമ്പോൾ ബ്രോയ്‌ലർ ചിക്കനു തോന്നും എങ്ങനെയെങ്കിലും തടിവച്ച് ആരുടെയെങ്കിലും വറചട്ടിയിൽ കയറിക്കൂടുന്നതാണ് ഇതിലും ഭേദമെന്ന്! അതേപോലെ, ഡോക്ടർ ചെക്കനു തോന്നും ആരെക്കൊല്ലാനാണെങ്കിലും വേണ്ടില്ല; ഡോക്ടറായേക്കാമെന്ന്!!! എൻട്രൻസിൽ കടന്നിരിക്കാൻ കഴിയാത്ത കുട്ടിയുടെ വീടും തത്ത ചത്ത കാക്കാലത്തിയുടെ വീടും സമം! അതൊക്കെക്കൊണ്ടല്ലേ എൻട്രൻസടുക്കുമ്പോൾ ഡോക്ടർ ചെക്കന്മാർക്ക് മെന്റൽ ഗുളികകൾ വേണ്ടിവരുന്നത്! ഡോക്ടർ ചക്കികൾക്കാണെങ്കിൽ ആഴ്ചതോറുമാണത്രെ ആർത്തവം!

ചാടിച്ചാടിത്തോറ്റ് കിട്ടാത്ത മുന്തിരി പുളിക്കുമെന്നു കണ്ടെത്തിയവരും കള്ളുഷാപ്പ് നടത്തിയിരുന്നവരും സ്വാശ്രയ കോളജുകൾ തുടങ്ങുകയാണിപ്പോൾ. ഏതാണോ ലാഭം അതല്ലേ കച്ചവടക്കാരൻ ചെയ്യേണ്ടത്? മെഡിക്കൽ കോളജുകൾക്കാണെങ്കിൽ ലാഭം വഴിക്കാണ്. കാര്യം നടത്തിയാലേ മറ്റുള്ളതിനെല്ലാം ലാഭമുള്ളെങ്കിൽ മേടിക്കൽ കോളേജിന് അങ്ങനെയല്ല. കാര്യം നടത്തിയില്ലെങ്കിലും കിട്ടും നടത്തിയാലും കിട്ടും കാശ്..... അതും കൈനിറയെ! കാറ്റുള്ളപ്പോൾ തൂറ്റാൻ കള്ളു കച്ചവടക്കാരൻ മാത്രമല്ല കള്ളു ലൈസൻസുകാരൻ സർക്കാരുമുണ്ട് മുന്നിൽത്തന്നെ! സകല പോസ്റ്റ് ഓഫീസുകളിലും സ്റ്റാമ്പ് വില്പന പിറകോട്ട് മാറുന്നു! പകരം, അപേക്ഷാഫോറം വില്പനയാണ്. ഒന്നിന് ചുമ്മാ എഴുന്നൂറു രൂപ മാത്രം! ആയിരത്തിഅൻപതു സീറ്റേയുള്ളെങ്കിലും ഒരു ലക്ഷം ഫോറം ചൂടപ്പം പോലെ വിറ്റു തീരും! എത്ര ചാടിനോക്കിയാലും കിട്ടാതെ പോകുന്ന പുളിക്കുന്ന മുന്തിരിങ്ങയാണ് ജനറൽ ക്വോട്ട എങ്കിലോ? കുറേക്കൂടെ ചാടി നോക്കിയാൽ കിട്ടാവുന്ന മാനേജ്മെന്റ് ക്വോട്ടയുണ്ട്! അതിനും വേണം പ്രത്യേക അപേക്ഷ. അൻപതു സീറ്റുകൾ വീതമുള്ള നാലഞ്ച് മെഡിക്കൽ കോളജ് മാനേജ്മെന്റിന്റെ കീശയിൽ ചുമ്മാ നിറയുന്നത് പത്തു കോടി രൂപ! ജനറൽ ക്വോട്ടാ പരീക്ഷയിൽ തോറ്റ് കടന്നിരിക്കാൻ കഴിയാതെ വരുന്ന ഭാഗ്യവാന്മാർക്ക് വീണ്ടും തോൽക്കാനെന്നവണ്ണം മാനേജ്മെന്റിന്റെ മറ്റൊരു പരീക്ഷയുണ്ട്. നിർഭാഗ്യവശാൽ അതിൽ ആരും തോൽക്കാറില്ല. പക്ഷേ അധികമാരും വിജയിക്കാറുമില്ല. പിന്നെ എന്തു സംഭവിക്കും? ഇന്റർവ്യൂവിന് കാർഡുകിട്ടും. അതീവ ലളിതമായൊരു ഇന്റർവ്യൂ. മുപ്പതു ലക്ഷം കൊണ്ടുവന്നിട്ടുണ്ടോ? എഴുപത്തഞ്ചു കോടി രൂപ കൂടെ പ്രൈവറ്റന്മാരുടെ കീശയിലാകുന്നതോടെ കളി തീരുന്നു..... തോറ്റവർ അടുത്ത വർഷം വീണ്ടും ഗോദയിലിറങ്ങാൻ ബ്രോയ്‌ലർ പഠനം തുടരുന്നു. പ്രൈവറ്റായിട്ടൊരു മുപ്പതു ലക്ഷം മുടക്കിയാൽ ഡോക്ടറാകാൻ കഴിയുമെന്നാരും തെറ്റിദ്ധരിക്കരുത്! പഠിക്കുന്നതിനെല്ലാം കഠിനക്കാശ് വേറെ മേടിക്കലുണ്ട്. അത് സർക്കാർ പറയുന്നത്ര കുറച്ചു മതിയോ അതോ മെഡിക്കൽ മാനേജ്മെന്റ് മേടിക്കുന്നതു വേണോ എന്ന വാദത്തിന്റെ കസർത്തുകളാണ് ഹൈക്കോടതിയിൽ കണ്ടത്. പത്തു പന്ത്രണ്ട് ലക്ഷം കൂടെ മുടക്കി അഞ്ചു കൊല്ലം കൊണ്ട് കഴുത്തിൽ ഊരാക്കുടുക്കുമിട്ടിറങ്ങുന്ന എം.ബി.ബി.എസ്സുകാർ ആയിരത്തിഅൻപത്! നാല്പതുലക്ഷത്തിലധികം മുടക്കി ക്കഴിഞ്ഞ ഈ നാലക്ക യോഗ്യതക്കാരന് ഒരു ലക്ഷത്തിന് മാസപ്പലിശ ആയിരമെന്നു കൂട്ടിയാൽ നാല്പതിനായിരമെങ്കിലും മാസശമ്പളം കിട്ടണം. പക്ഷേ ആർക്കുവേണം ഈ വെറും എം.ബി.ബി.എസ്സുകാരനെ? എറണാകുളത്തെ ഒരു പ്രശസ്ത ആശുപത്രിയുടെ ഉടമയായ പ്രശ

## ഒരു പ്രാർത്ഥനയ്ക്കു ലഭിച്ച മറുപടി



ബലത്തിനായി ഞാനപേക്ഷിച്ചു-
എന്നെ ശക്തനാക്കാൻ ദൈവം വൈഷമ്യങ്ങൾ നൽകി.
ജ്ഞാനത്തിനായി ഞാനപേക്ഷിച്ചു-
എനിക്ക് പരിഹരിക്കാൻ ദൈവം പ്രശ്നങ്ങൾ നൽകി.
സമൃദ്ധിക്കായി ഞാനപേക്ഷിച്ചു-
എനിക്ക് തലച്ചോറും വേല ചെയ്യാനുള്ള ആഗ്രഹവും ദൈവം നൽകി.
ധൈര്യത്തിനായി ഞാനപേക്ഷിച്ചു-
എനിക്ക് അതിജീവിക്കുവാൻ ദൈവം അപകടങ്ങൾ നൽകി.
സ്നേഹത്തിനായി ഞാനപേക്ഷിച്ചു-
എനിക്ക് സഹായിക്കുവാൻ പ്രയാസമനുഭവിക്കുന്നവരെ ദൈവം നൽകി.
ആനുകൂല്യങ്ങൾക്കായി ഞാനപേക്ഷിച്ചു-
എനിക്ക് ദൈവം അവസരങ്ങൾ നൽകി.
**ആവശ്യപ്പെട്ടതൊന്നും എനിക്കു ലഭിച്ചില്ല;**
**എന്നാൽ ആവശ്യമായതെല്ലാം എനിക്കു ലഭിച്ചു.**

സ്തനായ ഒരു ഡോക്ടർ സ്വകാര്യസംഭാഷണത്തിൽ പറഞ്ഞതു കേൾക്കുക. കണക്കെഴുതുന്ന തോമസിന് വരുമ്പോൾത്തന്നെ ഞാൻ രണ്ടായിരത്തി അഞ്ഞൂറ് രൂപ കൊടുക്കും. എം.ബി.ബി.എസ്സുകാരന് എഴുന്നൂറ്റി അൻപതും! ഒന്നും കൊടുക്കാതെ പണിയെടുപ്പിക്കുന്നതെങ്ങനെന്നോർത്തിട്ടാണ്. ഇവർക്ക് എക്സ്പീരിയൻസ് വേണം. ധാരാളം രോഗികൾ വരുന്ന ആശുപത്രിയല്ലേ. അവരുടെയൊക്കെ മുമ്പിൽ കുഴലും തൂക്കിയിട്ടു നടക്കാം. നേഴ്സ് പെമ്പിള്ളേരൊക്കെ ഡോക്ടറെന്നു വിളിക്കും. അവർക്കതു മതി! ഞാൻ ഒന്നരലക്ഷം കൊടുത്തു വച്ചിട്ടുള്ള വലിയ ഡോക്ടർമാരുണ്ട്. അവർ ഒരു പണിയും ചെയ്യില്ല. പക്ഷേ രോഗികൾ ഇടിച്ചുകയറണമെങ്കിൽ അവരുടെ പേരു വേണം. പണി മുഴുവൻ ചെയ്യുന്നതീ പിള്ളേരാണ്. പ്രൈമറി സ്കൂൾ ടീച്ചർ ആറായിരവും എണ്ണായിരവും ശമ്പളം വാങ്ങുന്ന നാട്ടിൽ ഏഴായിരം പറഞ്ഞാൽ ക്യൂ നിൽക്കാൻ ആന്ധ്രയിൽ നിന്നുവരെ എം. ബി. ബി. എസ്സുകാരെ കിട്ടും! നാട്ടിൻപുറങ്ങളിലെ ആശുപത്രികളെല്ലാം പൂട്ടുകയാണ്. രോഗികൾക്കെല്ലാം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി മാത്രം മതി. പുല്ലുവില പോലുമില്ലാത്ത എം.ബി.ബി.എസ്സുകാരൻ നേരെ എം.എസ്സിനോടുകയായി! അതിനാകട്ടെ മുടക്കേണ്ടത് അൻപതു ലക്ഷവും! അങ്ങനെ നൂറു ലക്ഷം രൂപ മുടക്കുന്നതോടെ നമ്മുടെ ബ്രോയ്‌ലർ ചെക്കൻ സാക്ഷാൽ ഡോക്ടർ ചെക്കനായി! ഇനിയെന്ത്? സത്യസന്ധമായി പണിയെടുത്ത് ഈ കാശുണ്ടാക്കാമെന്ന വിചാരം വെറുതെ.

നാട്ടുനടപ്പനുസരിച്ച് രണ്ടു മാർഗ്ഗങ്ങളുണ്ട്. 1. നാട്ടിൽ മദ്യമുതലാളിമാരും വാനില മുതലാളിമാരും ധാരാളമുണ്ട്. അവർക്കൊക്കെ മന്ദബുദ്ധികളായ മക്കളുണ്ടാകും. അവരെ ഡോക്ടർമാർക്കല്ലാതെ മറ്റാർക്കും കൊടുക്കില്ല. മന്ദബുദ്ധിയായ മകൾ! മാരുതി എസ്റ്റീം കാർ! പിന്നെ മൾട്ടിക്രോർപതിയും! 2. മരുന്നു കമ്പനി നൽകുന്ന ടാർജറ്റനുസരിച്ച് മരുന്നുകളെഴുതി വിലകൂടിയ സമ്മാനങ്ങളും കമ്മിഷനും ഉറപ്പാക്കുക! ചെറുമുഴകൾ, കല്ലുകൾ എന്നിവയൊക്കെ രോഗിയുടെ ശരീരത്തിൽ ഇല്ലെന്നുറപ്പു വരുത്താൻ നല്ല കമ്മിഷൻ നൽകുന്ന സ്കാനിങ് സെന്ററുകളിലയയ്ക്കുക. സ്കാനിങ് റിപ്പോർട്ട് കിട്ടിയാലും ഓപ്പറേഷൻ ചെയ്യുക. ഓപ്പറേഷനിടയിൽ രോഗി ചത്താൽ പോലും കാശ് ഉറപ്പ്. മറ്റേതു തൊഴിൽ ചെയ്തു തോറ്റാലാണ് ഈയൊരു നേട്ടം! കേരള ഗവർണറെ ഓപ്പറേഷൻ ചെയ്ത് തട്ടിയിട്ടുപോലും അണുവിന്റെ മുതുകിൽ കുറ്റമൊക്കെ വച്ചു കൊടുത്തില്ലേ! മെഡിക്കൽ കോളജുകൾ ഇനിയും കൂടുതലുയരും. സകല ആശുപത്രികളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായി വളരും. ഡോക്ടർമാരുടെ എണ്ണവും കൂടും. ഇല്ലെങ്കിൽ കൂട്ടും. ഏതൊരു ബിസിനസ്സിന്റെയും നിലനില്പ് ഉപഭോക്താക്കളെ സംഘടിപ്പിക്കുന്നതിലും തയാറാക്കുന്നതിലുമാണല്ലോ! ●

## വിശ്വാസികളുടെ പിതാവ് (പേജ് 9 തുടർച്ച)

ഒന്നിച്ചു വസിക്കാൻ വയ്യാതാവുകയും ചെയ്തപ്പോൾ - സമ്പത്തു വർദ്ധിക്കുമ്പോഴാണ് സഹോദരങ്ങൾക്ക് ഒന്നിച്ചുവസിക്കാൻ കഴിയാതെയാകുന്നത് -നല്ല ഓഹരി തിരഞ്ഞെടുക്കാനുള്ള അവകാശം അബ്രഹാം ലോത്തിനു കൊടുത്തു. സമ്പത്തിനു നശിപ്പിക്കാൻ കഴിയാത്ത സ്വഭാവമഹിമയായിരുന്നു അബ്രഹാമിന്റേത്. ലോകചരിത്രത്തിലെന്നും ഐശ്വര്യമായിരുന്നു മനുഷ്യന്റെ ഏറ്റവും വലിയ പരീക്ഷണവും ചതിയും. നേടാൻ പുറപ്പെട്ടവൻ ഇത്ര മതി എന്ന് എന്നെങ്കിലും പറഞ്ഞിട്ടുണ്ടോ? അബ്രഹാം മതി എന്ന് പറയാൻ കഴിയുന്നവനായിരുന്നു.

ഈ ലോത്ത് ആപത്തിൽപ്പെട്ടുവെന്ന് കേട്ടപാടെ സഹായിക്കാൻ പുറപ്പെടുകയാണ് അബ്രഹാം. അവനെ രക്ഷിച്ചു മടങ്ങി വരുമ്പോഴാണ് മൽക്കീസേദക്കിന്റെ സൽക്കാരം ലഭിക്കുന്നത്. സഹോദരനെ സഹായിക്കാനും വിമോചിക്കാനും കൈ നീളുമ്പോഴാണ് ദൈവത്തെ കാണുമാറാകുന്നതെന്ന് ഈ സന്ദർഭത്തിന് അർത്ഥം പറയാമോ എന്തോ? തന്റെ കൂടാരവാതിൽക്കലെത്തിയ പരദേശികളെ അബ്രഹാം സ്വീകരിച്ച രീതി എത്ര തന്നെ ശ്രദ്ധേയമല്ല! മൂന്ന് അപരിചിതർ. അവരെ ആദരവോടെ സ്വീകരിച്ച് സൽക്കരിക്കാനുള്ള വെമ്പൽ! മൂന്നിടങ്ങഴി മാവു കുഴച്ച് അപ്പവും ഒരു കാളക്കുട്ടിയെ പാകം ചെയ്തതുമാണ് അബ്രഹാം ഒരുക്കിയത്. മൂന്നു പേർക്കു ഭക്ഷിക്കാൻ ചെറിയൊരു ഹോട്ടൽ തുടങ്ങാൻ വേണ്ടത്ര വിഭവങ്ങൾ! അബ്രഹാമിന്റെ മനസ്സിന്റെ നിറവാണ് ഇവിടെ ശ്രദ്ധേയം. അനാഥനിലും പരദേശിയിലും വിധവയിലും ദൈവത്തിന്റെ പ്രത്യക്ഷത കാണൂ എന്ന് സദാകാലത്തേക്കുമുള്ള കല്പന ഏറ്റുവാങ്ങേണ്ട, ആ ദർശനത്തിൽ ലോകത്തെ സ്നാപനം ചെയ്യേണ്ട, ജനതയുടെ പിതാവ് ഇവിടെയിതാ ആ ദർശനം കർമ്മത്തിൽ ആവിഷ്കരിക്കുന്നു.

സോദോമും ഗോമേറയും നശിപ്പിക്കപ്പെടാൻ പോകുന്നുവെന്ന ദൈവഹിതം അറിയുമ്പോൾ എന്തൊരു വീറോടെയാണ് അബ്രഹാം ദൈവത്തോട് ന്യായവാദം ചെയ്യുന്നത്! **ലോകത്തെക്കുറിച്ചുള്ള വിചാരപ്പെടലാണ് ആദ്ധ്യാത്മികത. തനിക്കോ തന്റെ കുടുംബത്തിനോ തന്റെ സമ്പത്തിനോ വേണ്ടിയല്ല, അന്യർക്കു വേണ്ടി അബ്രഹാം തപിച്ചു.** വിശ്വാസം, ദൈവമുണ്ടെന്ന വിശ്വാസം മാത്രമല്ല, ദൈവത്തിന്റെ വാഗ്ദാനത്തിലുള്ള വിശ്വാസം മാത്രമല്ല, ദൈവസൃഷ്ടമായ സകലതിനേക്കുറിച്ചുള്ള കരുതലും കൂടിയാണ്. അബ്രഹാം വിളിക്കപ്പെട്ടത് അതിനുവേണ്ടിയാണ്. ലോകം അവനാൽ അനുഗ്രഹിക്കപ്പെടാൻ. "അബ്രഹാം വലിയതും ബലമുള്ളതുമായ ജാതിയായിത്തീരുകയും അവനിൽ ഭൂമിയിലെ ജാതികളൊക്കെയും അനുഗ്രഹിക്കപ്പെടുകയും ചെയ്യുമല്ലോ. യഹോവ അബ്രഹാമിനോടു അരുളിച്ചെയ്തത് അവനു നിവൃത്തിച്ചു കൊടുപ്പാൻ തക്കവണ്ണം അബ്രഹാം തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിന് ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു." (ഉല്പത്തി 18:19). ദൈവത്തിന്റെ വിളി എല്ലായ്പോഴും അങ്ങനെയാണ്. അത് വിളിക്കപ്പെട്ടവനു വേണ്ടിയല്ല, ലോകത്തിനുവേണ്ടിയുള്ളതാണ്. **ലോകത്തിന് അനുഗ്രഹമായി ഭവിക്കാനുള്ള അനുഗ്രഹമാണ് ദൈവം വിളിച്ചവനു ലഭിക്കുന്നത്. ആ ദർശനത്തിന്റെ ആദ്യനിദർശനമായി ബൈബിൾ അവതരിപ്പിക്കുന്നത് അബ്രഹാമിനെയാണ്.**

*(തുടരും)*

A man was walking down a street where he heard a voice from behind: "If you take one more step, a brick will fall down on your head and kill you". The man stopped and a big brick fell right in front of him. The man was astonished. He went on and after a while he was going to cross the road. Once again the voice shouted, "Stop! stands still! If you take one more step, a car will run over you and you will die". The man did as he was instructed, just as a car came careening around the corner, barely missing him. "Where are you?", the man asked. "Who are you?"

"I am your guardian angel", the voice answered. "Oh yeah?", the man asked "And where the hell were you when I got married?"

# തത്തമ്മയും പൂച്ചയും പിന്നെ പെറ്റ് തെറാപ്പിയും



ഡോ. ജോൺ കുരുവിള

മാനസിക പിരിമുറുക്കങ്ങൾ വർദ്ധിച്ചുവരുന്ന കാലയളവാണിത്. ഇത്തരം പിരിമുറുക്കങ്ങളും മാനസികസംഘർഷങ്ങളും ആത്മഹത്യയിലേക്കു നയിക്കുകയും ചെയ്യുന്നു. മാനസിക സംഘർഷം മറ്റു രോഗങ്ങൾക്കും കാരണമാകുന്നു. ഉദാ: പ്രമേഹം, രക്തസമ്മർദ്ദം. മരണനിരക്കു കുറയുന്നുവെങ്കിലും രോഗികളുടെ നാടായിത്തീർന്നിരിക്കുന്നു ദൈവത്തിന്റെ ഈ സ്വന്തം നാട്!

മരുന്നുകൊണ്ടുമാത്രം ഈ അവസ്ഥയിൽ നിന്ന് മോചനം നേടാമെന്നു കരുതുന്നത് വിഡ്ഢിത്തമാണ്. ആന്തരികമൂല്യങ്ങളിൽ വന്ന ഇടിവ് നികത്തുന്നതോടൊപ്പം മറ്റു പരിഹാരമാർഗ്ഗങ്ങളും തേടേണ്ടിയിരിക്കുന്നു. ഇവിടെയാണ്, ഇന്ന് യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും പരീക്ഷിച്ചു വിജയിച്ചിരിക്കുന്ന pet therapy (ഓമനമൃഗങ്ങളെ ഉപയോഗിച്ചുള്ള ചികിത്സാരീതി)യുടെ പ്രസക്തി. വളർത്തുമൃഗങ്ങളുമായുള്ള അടുപ്പം രോഗങ്ങളെ ചെറുക്കുന്നതിനും ശമിപ്പിക്കുന്നതിനും സഹായകമാണ്. സൈക്കിയാട്രിസ്റ്റുകൾ തോൽക്കുന്നിടത്ത് മൃഗങ്ങൾ ജയിക്കുന്നു. മരുന്നും മന്ത്രവുമില്ലാതെ, വളർത്തുമൃഗങ്ങൾ പകർന്നുകൊടുക്കുന്ന കലവറയില്ലാത്ത സ്നേഹം രോഗികളിൽ വലിയ മാറ്റങ്ങൾ വരുത്തുന്നു. രോഗികൾക്കു തോന്നുന്ന ഒറ്റപ്പെടലിൽ നിന്നു രക്ഷപ്പെടാനും മനസ്സു തുറന്ന് സന്തോഷിക്കുവാനും ഒരു വളർത്തുനായയുടെയോ പൂച്ചയുടെയോ പക്ഷിയുടെയോ സാമീപ്യം സഹായിക്കുമെന്നാണ് കണ്ടെത്തൽ. വൃദ്ധർക്കും മക്കളാൽ ഉപേക്ഷിക്കപ്പെട്ടവർക്കും പണ്ടു മുതലേ വളർത്തുമൃഗങ്ങൾ ആശ്വാസം പകരുന്നുണ്ട്. അമേരിക്കയിലെ ഒരു ഹോസ്പിറ്റലിൽ ഭ്രാന്തരായ കുറ്റവാളികളെ ചികിത്സിക്കാൻ കിളികൾ, മത്സ്യങ്ങൾ, ഗിനി പിഗ് മുതലായവയെ ഉപയോഗിക്കുന്നുണ്ട്. ക്രിമിനൽ വാസനയുണ്ടായിരുന്ന പല കുറ്റവാളികൾക്കും മാനസാന്തരം വരുത്താൻ ഇത്തരം ചികിത്സ മൂലം കഴിഞ്ഞു. മാസങ്ങളോളം സംസാരിക്കാതിരുന്ന ചിലർ കിളികളും നായകളുമായുള്ള അടുപ്പം കാരണം സംസാരിക്കയും, നല്ല സ്വഭാവത്തിലേക്കു വരികയും ചെയ്തു. പലരിലുമുണ്ടായിരുന്ന ആത്മഹത്യാപ്രവണത ഇല്ലാതായിക്കണ്ടു. അമേരിക്കയിലെ പല നഴ്സിംഗ് ഹോമുകളിലും ആശുപത്രികളിലും നായകളും പൂച്ചകളും സ്ഥിരം സന്ദർശകരും ചികിത്സകരുമാണ്; മെറിലാൻഡിൽ കുട്ടികളുടെ മാനസികാശുപത്രിയിൽ ചികിത്സകരായ നായകൾ വാർഡുതോറും കേറിയിറങ്ങി നടക്കുന്നതായി കാണാം. **വീട്ടിലൊരു ഓമനമൃഗമുണ്ടെങ്കിൽ ശരീരാസ്വാസ്ഥ്യങ്ങളും രക്തസമ്മർദ്ദവും കുറയുകയും ഹൃദയാഘാതത്തിനുള്ള സാദ്ധ്യത ഇല്ലാതാകയും ചെയ്യുമെന്ന് പരീക്ഷണങ്ങൾ** തെളിയിക്കുന്നു.

പ്രകൃതിയുമായി ഒത്തുചേർന്ന ജീവിതശൈലിയായിരുന്നു കേരളീയരെ പഴയകാലത്ത് മാനസിക സംഘർഷങ്ങളിൽ നിന്നും തന്മൂലമുണ്ടാകുന്ന രോഗങ്ങളിൽ നിന്നും പ്രതിരോധിച്ചിരുന്നത്. വയലുകളിലെ കാർഷികവൃത്തിയും അദ്ധ്വാനവും വളർത്തുമൃഗങ്ങളെ പരിപാലിക്കുന്നതിലും സ്നേഹിക്കുന്നതിലുമുള്ള നിഷ്കർഷയും ഒരളവുവരെ മാനസികാരോഗ്യം നിലനിർത്തുന്നതിന് അവരെ സഹായിച്ചു. പത്തിരുപതുവർഷം മുൻപുവരെ പുതിയതായി വീട് വയ്ക്കുമ്പോൾ, ആദ്യം പണിയുന്നത് പശുത്തൊഴുത്തായിരുന്നുവെന്നോർക്കണം. പഴയ ഹൈന്ദവ തറവാടുകളിൽ, മുൻവശത്തു തന്നെ തൊഴുത്തുകൾ പണിയുമായിരുന്നു-രാവിലെ എഴുന്നേൽക്കുമ്പോൾ മൃഗങ്ങളെ ഐശ്വര്യമായി കണി കാണാൻ! പുതിയ സംസ്കാരത്തിന്റെ ആവേശത്തള്ളലിൽ യുവതലമുറയിലെ ഒരു വിഭാഗമെങ്കിലും വളർത്തുമൃഗപരിപാലനത്തിൽ ശ്രദ്ധ ചെലുത്തുന്നുവെന്നത് ശുഭോദർക്കമാണ്. നായവളർത്തൽ ഹോബിയാക്കിയ ഒരു യുവതലമുറ നമുക്കു ചുറ്റുമുണ്ടെന്നത് ആശ്വാസദായകമാണ്. വൈമെയ്നർ, പൂഡിൽ, ഡാൽമേഷ്യൻ, ഡാഷ്ഹണ്ട്, ടിബറ്റൻ ടെറിയർ, ലാസെപ്സ് തുടങ്ങിയ ആറിനം നായ്ക്കളെ വരെ വളർത്തുന്ന നായ സ്നേഹികൾ ഇവിടെയുണ്ട്. അന്ധമായ അനുകരണമാണെന്ന് അവർ സമ്മതിക്കില്ല. ലാബ്രഡോർ, ഫോക്സ്ടെറിയർ, പോക്കറ്റ് സൈസ് മിനിയച്ചർ പിഞ്ചർ, 120 കിലോഗ്രാം ഭാരമുള്ള സെന്റ്ബർണാർഡ് എന്നിവയും കേരളത്തിൽ ഹരമായിട്ടുണ്ട്. എന്തിനാണു നായയെ വളർത്തുന്നതെന്നു ചോദിച്ചാൽ അവർ പറയും, ''നിങ്ങൾക്കു തരാവുന്നതിലും കൂടുതൽ സ്നേഹവും വിശ്വാസവും അവർ നൽകും. പിന്നെ അവരെ സ്നേഹിക്കുന്നതിൽ എന്താണു തെറ്റ്?!''



## ONE SOLITARY LIFE

He was born in an obscure village, the child of a peasant woman.
He grew up in still another village where he worked in a carpenter shop until he was 30.
Then for three years he was an itinerant preacher.
He never wrote a book.
He never held an office.
He never had a family or owned a house.
He didn't go to college.
He never travelled more than 200 miles from the place he was born.
He did not none of the things one usually associates with greatness.
He had no credentials but himself.
He was only 33 when public opinion turned against him, his friends deserted him.
He was turned over to his enemies and went through the mockery of a trial.
He was nailed to a cross between two thieves.
When he was dying, his executioners gambled for his clothing, the only property he had on earth.
When he was dead, he was laid in a borrowed grave through the pity of a friend.
Nineteen centuries have come and gone, and today he is the central figure of the human race, the leader of mankind's progress. All the Army that ever marched, all the Navy that ever sailed, all the Parliaments that ever sat, all the Kings that ever reigned, put together, have not affected the life of man on earth as much as that One Solitary Life. DO YOU KNOW WHO HE IS?

*(author unknown)*

FEMINISM

# സ്ത്രീത്വം കൈവിടാത്ത സ്ത്രീവിമോചനം

അഡ്വ. റേച്ചൽ മാത്യു

കുടുംബത്തിൽ സ്ത്രീക്കും പുരുഷനും തുല്യമായ അവകാശങ്ങളും കൂട്ടുത്തരവാദിത്തവും ഉണ്ടാകണം. കുടുംബത്തിനുള്ളിലും പുറത്തുമുള്ള അവരുടെ ഉത്തരവാദിത്തങ്ങൾ ഒരുപോലെ മാനിക്കപ്പെടണം. എങ്കിൽ മാത്രമേ സ്ത്രീത്വം കൈവിടാത്ത സ്ത്രീവിമോചനം സാധ്യമാകൂ.

**സാ**മൂഹിക വ്യവസ്ഥിതിയിൽ അടിച്ചമർത്തപ്പെട്ട മനുഷ്യരിൽ സ്വയാവബോധവും സ്വാതന്ത്ര്യമോഹവും വളർന്നതിന്റെ ഫലമായി വിമോചനപ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. അതിന്റെ ഭാഗമായാണ് ഫെമിനിസം, അഥവ, സ്ത്രീപക്ഷചിന്തകൾ ഉരുത്തിരിഞ്ഞത്. സമൂഹത്തിന്റെ നിലനില്പിന് കുടുംബത്തിന്റെ കെട്ടുറപ്പ് പരമപ്രധാനമായ ഘടകമാണ്. കുടുംബങ്ങളുടെ കെട്ടുറപ്പിന് സ്ത്രീപുരുഷബന്ധങ്ങൾ ദൃഢമാകണം. അതിന് സ്ത്രീകളുടെ അധമാവസ്ഥയ്ക്ക് മാറ്റമുണ്ടാകണം.

മേധാവിത്വസംസ്കാരത്തിലും സാമ്പത്തികാടിസ്ഥാനത്തിലും ഉരുത്തിരിഞ്ഞ കുടുംബങ്ങളിൽ പുരുഷ മേൽക്കോയ്മ നിലനിർത്തിയപ്പോൾ കുടുംബബന്ധങ്ങളുടെ പേരിൽ സ്ത്രീ ചൂഷണം ചെയ്യപ്പെടുകയും തരംതാഴ്ത്തപ്പെടുകയും ചെയ്തു. മതങ്ങളും ധർമ്മശാസ്ത്രങ്ങളും പുരുഷമേധാവിത്വ വ്യവസ്ഥയ്ക്ക് അംഗീകാരം നൽകി. തന്മൂലം നഷ്ടമായത് സ്ത്രീയുടെ സ്വത്വാവബോധമാണ്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട സ്ത്രീയും പുരുഷനും തുല്യവ്യക്തിത്വമുള്ള മനുഷ്യരാണ്. സമൂഹം വ്യവസ്ഥ ചെയ്ത ലിംഗമാനദണ്ഡങ്ങളിൽ പുരുഷന് ആധിപത്യവും സ്ത്രീയ്ക്ക് വിധേയത്വവും കല്പിക്കുന്നു. സ്ത്രീസ്വാതന്ത്ര്യത്തെ, സ്ത്രീത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യമായി കാണരുത്. സ്ത്രീയെ വെറും മാംസപിണ്ഡമായും ഭോഗവസ്തുവായും കണ്ട സമൂഹത്തിൽ സ്ത്രീയുടെ പ്രതിയോഗിയായി പുരുഷനെ ചിത്രീകരിച്ചു. ലൈംഗികത, ഗർഭധാരണം, പ്രജനനം, മുലയൂട്ടൽ, പുരുഷബന്ധം ഇതെല്ലാമാണ് സ്ത്രീത്വമെങ്കിൽ അവളുടെ 'സ്വത്വം' അംഗീകരിക്കാതെ ഉപഭോഗവസ്തുവായി തരംതാഴ്ത്തുന്ന ആ 'സ്ത്രീത്വം' നിഷേധിക്കുവാൻ ഫെമിനിസ്റ്റുകൾ തയാറാകുന്നെങ്കിൽ, അതിൽ അതിശയിക്കാനെന്തിരിക്കുന്നു!

സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥിതികളിലെ അതിക്രമങ്ങൾക്കു നേരേ പ്രവാചകശബ്ദം ഉയർത്തേണ്ട സഭയ്ക്ക് സമൂഹത്തിലുണ്ടായ മാറ്റങ്ങൾ പോലും ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. പുരുഷനെ സഖിയായി കാണുവാനും, സ്ത്രീയെ പങ്കാളിയായി കാണുവാനും സ്ത്രീപുരുഷന്മാരെ അഭ്യസിപ്പിക്കുന്നതിനുപകരം 'മാതൃത്വ' മഹിമയുടെ പേരിൽ സ്ത്രീയെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതി തുടരുവാനാണ് നിഷ്കർഷിക്കുന്നത്.

ഒരു ശിശുവിന്റെ വളർച്ചയ്ക്കും വികസനത്തിനും 'മാതൃത്വ'വും 'പിതൃത്വ'വും തുല്യപ്രാധാന്യമർഹിക്കുന്നു. ശാരീരിക ലിംഗ-വ്യത്യസ്തതകളുള്ള സ്ത്രീയും പുരുഷനും സ്നേഹബന്ധത്തിൽ ഒരുമിക്കുന്നതിന്റെ ഫലമായാണ് പ്രജനനം നടക്കുന്നത്. സ്ത്രീയുടെ ഗർഭപാത്രത്തിൽ ഉരുവാകുന്നതുമുതൽ ഭാര്യാഭർത്താക്കന്മാരുടെ സ്നേഹവും കരുതലുമെല്ലാം ശിശുവിന്റെ വളർച്ചയിൽ പ്രതിഫലിക്കുമെന്നത് എല്ലാവരും അംഗീകരിക്കുന്ന സത്യമാണ്. വാടക ഗർഭപാത്രങ്ങളും മുലയൂട്ടലിനു പകരം ബേബിഫുഡും ഇന്ന് സുലഭമായിരിക്കാം. എന്നാൽ അമ്മയുടെ മുലപ്പാൽ നിഷേധിക്കുന്നതുപോലെതന്നെ പാപമാണ് അപ്പന്റെ ലാളന നിഷേധിക്കലും.

പത്തുമാസം ചുമന്ന് പ്രസവിക്കുന്ന ഏതൊരമ്മയ്ക്കാണ് തന്റെ കുഞ്ഞിനെ മുലയൂട്ടി ലാളിച്ചു വളർത്താൻ ആഗ്രഹമില്ലാത്തത്? ബേബിഫുഡിന്റെ പരസ്യപ്രചാരണവും മറ്റും ഏതാനും ഫാഷൻ പ്രേമികളെ സ്വാധീനിച്ചേക്കാമെങ്കിലും വീടും കൂടുമായി ഒതുങ്ങിക്കഴിയുവാനാണ് ഭൂരിപക്ഷം സ്ത്രീകളും ആഗ്രഹിക്കുന്നത്.

സ്ത്രീവീക്ഷണ ദൈവശാസ്ത്രചിന്തകൾ സ്ത്രീപുരുഷസമത്വത്തിന് ഊന്നൽ നൽകി. കുടുംബവ്യവസ്ഥിതിയ്ക്ക് പുതിയ മാനം ലഭിച്ചു. സ്ത്രീത്വത്തിന് പുതിയ അർത്ഥതലങ്ങൾ കണ്ടെത്തി. വസ്തുവത്കരിക്കപ്പെട്ട 'സ്ത്രീ' ദൈവസ്വരൂപമുള്ള മനുഷ്യവ്യക്തിയായി മാറി. സ്ത്രീവിമോചന പ്രസ്ഥാനങ്ങളോടോ, സ്ത്രീശക്തീകരണ നീക്കങ്ങളോടോ ഒരു കാലത്തും സഭ എതിരായിരുന്നിട്ടില്ല. "എതിരായിരുന്നില്ല" എന്നു പറയുന്ന സഭ അനുകൂലമായി എന്തു ചെയ്തുവെന്ന ചോദ്യത്തിനു മറുപടി നൽകേണ്ടതുണ്ട്. സ്ത്രീപുരുഷ തുല്യത അംഗീകരിച്ച്, സഭയിലും സമൂഹത്തിലും കുടുംബത്തിലും കൂട്ടുത്തരവാദിത്തബോധവും വ്യക്തിത്വവികസനത്തിന് തുല്യാവസരങ്ങളും നൽകി സ്ത്രീത്വത്തെ മാനിക്കുവാൻ സഭ മുൻകൈ എടുത്ത് പ്രവർത്തിക്കണം.

എന്നാൽ ഇന്നത്തെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയിൽ കുടുംബത്തിന്റേതായ ഉത്തരവാദിത്തങ്ങളോടൊപ്പം, ബാഹ്യമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടിവരുന്ന സ്ത്രീകളെ സഹായിക്കാൻ, ഉത്തരവാദിത്തങ്ങളിൽ പങ്കുചേരാൻ ജീവിതപങ്കാളിയായ പുരുഷൻ തയാറാകുമോ? കൂട്ടുത്തരവാദിത്വത്തിന്റെ പാഠങ്ങൾ പകർന്നു നൽകാൻ സഭയോ കുടുംബപഠനക്കളരികളോ തയാറാകുമോ? ഉദാത്ത സ്ത്രീസങ്കല്പത്തിന്റെ പ്രതീകമായി അമ്മയുടെ ത്യാഗനിർഭരമായ സ്നേഹവും സാമർത്ഥ്യമുള്ള ഭാര്യയുടെ കഠിനാദ്ധ്വാനവും എല്ലാം പുകഴ്ത്തിപ്പറയുമ്പോൾ, ഇരട്ടിഭാരം ഏറ്റെടുക്കേണ്ടിവരുന്ന ഇന്നത്തെ സ്ത്രീ നേരിടുന്ന ഏറ്റം വലിയ പ്രശ്നം മറ്റുള്ളവരുടെ കുറ്റപ്പെടുത്തലും അതിലൂടെ സ്വയമേറ്റെടുക്കുന്ന കുറ്റബോധവുമാണ്. ഇതിൽനിന്ന് വിമുക്തി നേടി, എങ്ങനെ അതിനെ നേരിടാമെന്നതിന് വ്യക്തമായ ധാരണകൾ അവർക്കു നൽകേണ്ടതുണ്ട്.

സ്ത്രീത്വത്തിന്റെ മാന്യത സമ്പദ്വ്യവസ്ഥയെ അടിസ്ഥാനമാക്കി ചിന്തിക്കുന്ന സമൂഹത്തിൽ അപകർഷബോധവും വിധേയത്വവും സ്ത്രീകളിൽ വളരുന്നു. സ്ത്രീധനം, സ്ത്രീയുടെ സ്വത്ത്, സമ്പാദ്യം ഇവയെല്ലാം പുരുഷന്റെ സ്വത്തായി മാറുന്ന വ്യവസ്ഥിതിയിൽ, അതിന്റെയടിസ്ഥാനത്തിൽ വിവാഹങ്ങൾ ഉറപ്പിക്കുമ്പോൾ പുരുഷന്റെ കുടുംബത്തിലെ ജോലികൾ ചെയ്യുന്ന ദാസിയായി, പുരുഷനുവേണ്ടി ഗർഭംധരിക്കുന്ന പാത്രമായി പരിണമിക്കുന്ന സ്ത്രീസങ്കല്പമല്ലേ ഇന്നും നിലനിൽക്കുന്നത്. ഗർഭധാരണവും ശിശുപരിപാലനവും ഗൃഹഭരണവും എല്ലാം മാന്യമാകണമെങ്കിൽ "പുരുഷനുവേണ്ടി" അല്ല, "സ്ത്രീയും പുരുഷനും ചേർന്ന സ്വന്തകുടുംബത്തിനുവേണ്ടി" എന്ന ചിന്ത വളരണം. കുടുംബത്തിൽ സ്ത്രീക്കും പുരുഷനും തുല്യമായ അവകാശങ്ങളും കൂട്ടുത്തരവാദിത്തവും ഉണ്ടാകണം. കുടുംബത്തിനുള്ളിലും പുറത്തുമുള്ള അവരുടെ ഉത്തരവാദിത്തങ്ങൾ ഒരുപോലെ മാനിക്കപ്പെടണം. എങ്കിൽ മാത്രമേ സ്ത്രീത്വം കൈവിടാത്ത സ്ത്രീവിമോചനം സാധ്യമാകൂ. സ്ത്രീവിമോചനം സമൂഹത്തിന്റെ ആകമാനസൗഖ്യത്തിനും വിമോചനത്തിനും വഴിതെളിക്കുന്നതാണ്. അതിന് മനോഭാവങ്ങളിലും സമൂഹം കല്പിച്ചുണ്ടാക്കിയ ലിംഗ മാനദണ്ഡങ്ങളിലുമെല്ലാം രൂപാന്തരം സംഭവിച്ചേ മതിയാകൂ.

*(മാർത്തോമാ സേവികാസംഘം വൈസ് പ്രസിഡന്റാണ് ലേഖിക)*

# തിന്മപ്പെട്ട പ്രതിബദ്ധതയുടെ ഊരാക്കുടുക്ക്

ഫാ. ഡോ. മർക്കോസ് ജോസഫ്

> നന്മയോടുള്ള പ്രതിബദ്ധത ആത്മസംതൃപ്തിയിലേക്കും ജീവിതവിജയത്തിലേക്കും വഴി നടത്തുമ്പോൾ, തിന്മയോടുള്ള പ്രതിബദ്ധത കുറ്റബോധത്തിലേക്കും നിരാശയിലേക്കും ഭയത്തിലേക്കും, സർവോപരി, ആത്മനാശത്തിലേക്കും മനുഷ്യനെ കൊണ്ടെത്തിക്കുന്നു.

ശുഭസൂചകമായ ഒരു പദമാണ് 'പ്രതിബദ്ധത.' അത് സംവേദിക്കുന്ന ആശയം ആഴമായ ഉത്തരവാദിത്തബോധവും പ്രതികരണത്തിന്റെ ഉൾവിളികളും സമർപ്പണത്തോടെയുള്ള ക്രിയാത്മകതയും മമതയോടുകൂടിയ പരിശ്രമശീലവുമാണ്. നന്മയോടുള്ള പ്രതിബദ്ധത ആത്മസംതൃപ്തിയിലേക്കും ജീവിതവിജയത്തിലേക്കും വഴി നടത്തുമ്പോൾ, തിന്മയോടുള്ള പ്രതിബദ്ധത കുറ്റബോധത്തിലേക്കും നിരാശയിലേക്കും ഭയത്തിലേക്കും, സർവോപരി, ആത്മനാശത്തിലേക്കും മനുഷ്യനെ കൊണ്ടെത്തിക്കുന്നു. എക്കാലത്തും പ്രസക്തമായ ഈ ധ്യാനചിന്ത ശക്തമായി ഉദ്ദീപിപ്പിക്കുന്ന ഒരു വേദഭാഗമാണ് വി. മത്തായി 14:1-12. തിന്മയോടുള്ള പ്രതിബദ്ധതയിൽ കുടുങ്ങി സ്വയം ഊരാക്കുടുക്കിലകപ്പെട്ട ഒരു രാജാവിന്റെ കഥയാണ് ഇവിടെ ആവിഷ്കരിക്കപ്പെടുന്നത്. കഥ പുരോഗമിക്കുന്നത് നാല് ഘട്ടങ്ങളിലായാണ്. ഒന്ന്, തിന്മയോടുള്ളള്ള ആകർഷണവും അതുളവാക്കുന്ന വികലബന്ധങ്ങളും. ഹേരോദാരാജാവ് ജ്യേഷ്ഠസഹോദരനായ ഫിലിപ്പിന്റെ ഭാര്യ ഹേരോദ്യയിൽ അനുരക്തനാവുകയാണ്. ഈ തിന്മപ്പെട്ട ബന്ധം ഒരു ബന്ധനമായി രൂപപ്പെടുകയാണ് അവന്റെ ജീവിതത്തിൽ. രണ്ട് അതൊരു ആസക്തിയും ആത്മീയാന്ധതയുമായി പരിണമിക്കുന്നു. മൂന്ന്, പ്രതിബദ്ധതയുടെ ഊരാക്കുടുക്കിൽ പ്രവേശിക്കുന്നത്. അവിടെ വരെ എത്തിയാൽ പിന്നെ രക്ഷപ്പെടുക അസാദ്ധ്യമാകും. മനസ്സാക്ഷിക്കു വിരുദ്ധമായി കൊലപാതകമുൾപ്പെടെ എന്തപരാധവും ചെയ്യുവാൻ ഒരു മടിയും, തിന്മപ്പെട്ട പ്രതിബദ്ധതയുടെ ഊരാക്കുടുക്കിൽ അകപ്പെട്ടവർക്കുണ്ടാകില്ല. ഹേരോദാവ് ഹേരോദ്യയെ അവിഹിതമായി ഭാര്യയാക്കുന്ന സംഭവത്തിലും ഈ അവസ്ഥകളെല്ലാം പിന്നിട്ട വിശുദ്ധനായ യോഹന്നാൻ സ്നാപകന്റെ ശിരഃഛേദത്തിൽ വരെ എത്തി. സാത്വികനും വിശുദ്ധനും ജനങ്ങളുടെ ആരാധനാപാത്രവുമായിരുന്ന യോഹന്നാനെ അറുകൊല ചെയ്യുവാൻ രാജാവിന് മടിയും ദുഃഖവുമുണ്ടായിരുന്നെങ്കിലും ഹേരോദ്യയോടും അവളുടെ മകളോടുമുള്ള കമ്പവും തന്റെ വാഗ്ദാനലംഘനഭയവും രാജാവിനെ തിന്മ ചെയ്യുവാൻ പ്രേരിപ്പിച്ചു. തിന്മപ്പെട്ട പ്രതിബദ്ധതയുടെ സ്വാധീനവും ശക്തിയും എത്രമാത്രമുണ്ടെന്നത് ചിന്തനീയമാണ്. ഈ സംഭവപരമ്പരയുടെ സമാപ്തി വി. മത്തായി 14:1-2 വരികൾക്കിടയിലൂടെ ധ്യാനിക്കുമ്പോൾ വെളിവാകും. ഹേരോദാവിന്റെ ജീവിതത്തിൽ വി. യോഹന്നാന്റെ കൊലപാതകം ഒടുങ്ങാത്ത കുറ്റബോധമായി നിലനിന്നിരുന്നു.



യേശുവിന്റെ ശ്രുതി കേട്ട്, യോഹന്നാൻ മരിച്ചവരുടെയിടയിൽ നിന്നുയിർത്തിരിക്കുന്നുവെന്നു സംശയിച്ച് രാജാവ് ഭയപ്പെടുകയാണ്. സഹോദരഭാര്യയെ സ്വന്തമാക്കുന്നത് രാജാവിന് ഭൂഷണമല്ലെന്നുള്ള വി. യോഹന്നാന്റെ ശാസന, ഹേരോദാവിലോ ഹേരോദ്യയിലോ ഒരു തിരുത്തൽശക്തിയായി ഭവിച്ചില്ല. മറിച്ച്, ഹേരോദ്യയിൽ അത് വി. യോഹന്നാനോടുള്ള വ്യക്തിവിദ്വേഷവും ഒടുങ്ങാത്ത പകയുമായി പരിണമിച്ചു. തിന്മപ്പെട്ട സ്വാധീനതയ്ക്കും പ്രതിബദ്ധതയ്ക്കും അടിപ്പെടുന്നവർക്കുണ്ടാകുന്ന മറ്റൊരു ദൂഷ്യഫലമാണിത്.

നന്മയോടാകട്ടെ തിന്മയോടാകട്ടെ,

## തിയോളജിയും പ്രായോഗികതയും

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്ത



നമ്മുടെ സഭാജനങ്ങൾ ദൈവശാസ്ത്രപരമായ മനസ്സോടുകൂടി സഭയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നില്ലെന്നത് ഒരു പ്രശ്നമാണ്. നമ്മളിൽ പലരും ഗൗരവതരമായ ദൈവശാസ്ത്ര വിചിന്തനത്തിന് തയാറാകുന്നില്ല. സഭയുടെ ഭാഗത്തെ ഒരു വീഴ്ചയാണിത്. ദൈവശാസ്ത്ര സംബന്ധമായ ഒരു പ്രബന്ധമെഴുതാൻ കഴിഞ്ഞേക്കും. എന്നാൽ അത് ദൈവശാസ്ത്രത്തിന്റെ പ്രായോഗികതയായിരിക്കില്ല. പ്രായോഗികതയില്ലാത്തൊരു തിയോളജി ശരിയല്ല. ഞാൻ ബാംഗ്ലൂർ യു.ടി.സി.യിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ പ്രാക്ടിക്കൽ തിയോളജി എന്നൊരു വിഷയമുണ്ടായിരുന്നു. അപ്പോൾ ഡോ. റസ്സൽ ചന്ദ്രൻ അതിനെ എതിർത്തു പറയുമായിരുന്നു, തിയോളജി പ്രായോഗികമല്ലെങ്കിൽ അത് തിയോളജിയല്ലെന്ന്. ദൈവം മനുഷ്യനായതാണ് ജഡാവതാരം. സാധാരണ ജനജീവിതവുമായി ബന്ധപ്പെട്ടതാണ് ജഡാവതാരത്തിന്റെ ദൈവശാസ്ത്രം. നിത്യമായ സത്യം നമുക്കു യാഥാർത്ഥ്യമാകുന്നത് ചരിത്രത്തിൽ അത് പ്രയോഗിക്കപ്പെടുമ്പോഴാണ്.

നമ്മുടെ സെമിനാരികളിലെ പരിശീലനമെന്താണ്? അൻപതു വർഷം മുമ്പ് ഓക്സ്ഫഡിൽ യൂറോപ്യന്മാർ പഠിപ്പിച്ചതല്ലേ? കാലഘട്ടത്തിനനുസരിച്ച് പഠനം ക്രമീകരിക്കാൻ വേണ്ട ശ്രമം നടക്കുന്നില്ല. ഈ പോരായ്മ നമ്മുടെ പട്ടക്കാരുടെ ഇടവക പ്രവർത്തനത്തിലും കാണാം. മുമ്പൊക്കെ, കൂദാശ നടത്തുന്നതിലും ദുഃഖത്തിലും കലുഷിത സാഹചര്യത്തിലും മാത്രം ഒതുക്കി നിർത്തുന്ന പ്രവർത്തനമായിരുന്നു അവരുടേത്. ഇത് ശരിയായ തിയോളജിയല്ല. ദൈവത്തെ പിൻപറ്റിയതുകൊണ്ട് പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരില്ലെന്ന് വേദപുസ്തകം പറയുന്നില്ല. ഇന്ന് പലരും സുഖമായി-അലസരായി-കഴിയുന്നത് ദൈവത്തെ പിൻപറ്റാത്തതുകൊണ്ടാണ്. മരണത്തെപ്പോലും അനുഗ്രഹമായി കാണാൻ കഴിയണം. ഇതൊരു പോപ്പുലർ തിയോളജിയല്ലാത്തതുകൊണ്ട് ആരും പറയുവാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ സെമിനാരികളിൽ ഇത്തരത്തിലുള്ള ചോദ്യങ്ങൾ ചോദിക്കുകയോ, ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയോ ചെയ്യുന്നില്ല!

*(കടപ്പാട്)*

LITERARY REVIEW

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## അവകാശങ്ങളും കടമകളും

ഒരു പരമാധികാര മതേതര ജനാധിപത്യരാഷ്ട്രമെന്ന നിലയിൽ രാജ്യത്തെ സകല പൗരന്മാരെയും സമന്മാരായി കാണുന്ന ഇന്ത്യൻ ഭരണഘടന വർഗ്ഗം, വർണ്ണം, ഭാഷ, മതം എന്നിവയൊന്നും ഏതെങ്കിലും വിവേചനത്തിനു കാരണമാകരുതെന്നു മാത്രമല്ല, സ്വന്തം സാംസ്കാരിക സവിശേഷതകൾ സംരക്ഷിക്കാൻ ഏതു സമൂഹവിഭാഗത്തിൽപ്പെട്ടവർക്കും കഴിയണമെന്നും നിഷ്കർഷിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളാരംഭിച്ചു നടത്തുന്നതിന് ക്രൈസ്തവർക്കു കിട്ടിയിട്ടുള്ള അവകാശം ഇതിന്റെ ഭാഗമാണ്. വിദ്യാഭ്യാസമുൾപ്പെടെയുള്ള സേവനമേഖലകളിൽ മുൻകാല ക്രൈസ്തവരിൽ നിന്നുണ്ടായ സംഭാവനകൾക്ക് ഭരണഘടനാശില്പികൾ നൽകിയ അംഗീകാരവും അത്തരത്തിലുള്ള സേവനം ക്രൈസ്തവർ തുടരുമെന്ന വിശ്വാസവും ഈ അവകാശദാനത്തിനു പിന്നിലുള്ളതായി കരുതാം.

വിദ്യാഭ്യാസരംഗത്ത് മലങ്കരസഭ നൽകിയ വിശിഷ്ട സംഭാവനകളുടെ ഒരു വിശദചിത്രം 'ക്രൈസ്തവകാഹളം' സെപ്ടംബർ ലക്കത്തിൽ കാണുന്നു. സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്ന ക്രിസ്തുവചനത്തെ പിൻതുടർന്ന് അഭൗമിക സത്യസംബന്ധമായ ഉൾക്കാഴ്ചയിലൂടെ മനുഷ്യനു പൂർണ്ണസ്വാതന്ത്ര്യം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് സഭ വിദ്യാഭ്യാസരംഗത്തേക്കു കടന്നത്. സാമ്പത്തിക ലാഭങ്ങൾക്ക് ഒട്ടും സാധ്യതയില്ലാതിരുന്ന പിന്നോക്കപ്രദേശങ്ങളിലും പട്ടിണിപ്പാവങ്ങൾക്കിടയിലുമാണ് സഭ വിദ്യാഭ്യാസസ്ഥാപനങ്ങളാരംഭിച്ചത്. വിദ്യാഭ്യാസമുൾപ്പെടെയുള്ള മനുഷ്യന്റെ മൗലികാവകാശങ്ങൾ സാധാരണ മനുഷ്യനു നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ അതിൽ നിന്നുള്ള മോചനം സഭയുടെ ദൗത്യമായിക്കണ്ട ഈ പ്രവർത്തനമാണ് കേരളത്തെ സമ്പൂർണ്ണസാക്ഷരതയിലെത്തിച്ചത്. പള്ളികളെക്കാൾ പള്ളിക്കൂടങ്ങൾക്കാണു സഭ പലപ്പോഴും പ്രാധാന്യം നൽകിയത്. തൊള്ളായിരത്തോളം പള്ളികളുള്ള മലങ്കര കത്തോലിക്കാസഭയ്ക്ക് മെഡിക്കൽ-എൻജിനീയറിങ് തൊഴിൽപരവും മറ്റു തരത്തിലുമായി അഞ്ഞൂറിലധികം വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ട്. ഗുണപരമായി ഉന്നതനിലവാരം പുലർത്തുന്ന ഈ സ്ഥാപനങ്ങളിലൂടെ സഭ സമൂഹത്തെയും, സമൂഹം സഭയെയും വളർത്തിയിട്ടുണ്ടെന്നും പരസ്പര സഹകരണത്തോടെ അതു തുടരേണ്ടിയിരിക്കുന്നുവെന്നും ക്രൈസ്തവകാഹളം ചൂണ്ടിക്കാണിക്കുന്നു.

സഭയുടെ വിദ്യാഭ്യാസപരവും മറ്റു തരത്തിലുമുള്ള പ്രവർത്തനത്തിന്റെ വ്യത്യസ്തമായ ഒരു മുഖം 'ഓശാന' മാസിക അവതരിപ്പിക്കുന്നു. ക്രൈസ്തവസഭകളുടെ സമ്പത്തു ഭരിക്കാൻ നിയമനിർമ്മാണം ആവശ്യപ്പെട്ട് ഈയിടെ നടന്ന ക്രൈസ്തവ നേതൃസമ്മേളനം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പിനു ഭരണഘടന നൽകുന്ന അവകാശം സഭയുടെ നേതൃസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നുവെന്നും സഭാംഗങ്ങളിൽ ഭൂരിഭാഗത്തിനും അതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നുമുള്ള അഭിപ്രായമാണു പ്രകടിപ്പിച്ചത്. ഇരുപതു കോടിയോളം രൂപ മുടക്കി മെഡിക്കൽ കോളജ് ആരംഭിച്ച ക്രൈസ്തവ മാനേജ്മെന്റ് ഭീമമായ ആതുകയുടെ സംഭരണത്തെപ്പറ്റി സഭാംഗങ്ങളോട് ആലോചിച്ചിട്ടില്ലെന്നും സഭയുടെ സമ്പത്ത് കൈകാര്യം ചെയ്യുന്നതിൽ കാണുന്ന സുതാര്യതയുടെ അഭാവം വിശ്വാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ള നിയമനിർമ്മാണം ആവശ്യമാക്കുന്നുവെന്നും മാസിക വിശദമാക്കുന്നു.

ക്രൈസ്തവസഭയെ സംബന്ധിച്ച ഇപ്പറഞ്ഞതിൽ നിന്നു വ്യത്യസ്തമായ ചില പ്രശ്നങ്ങളിലേക്കു ശ്രദ്ധ ക്ഷണിക്കുന്ന ഒരു ലേഖനം 'മലങ്കര സഭാതാരക'യിലുണ്ട്. ഏതാനും പള്ളികളെന്ന നിലയിൽ നിന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആത്മീയവും സാമൂഹികവുമായ സ്ഥാപനങ്ങളുടെ സമുച്ചയമായ മാർത്തോമാസഭയുടെ വളർച്ച ദൗത്യപരവും ഭരണപരവുമായ സംഘർഷങ്ങൾക്കു വഴി തെളിച്ചിരിക്കുന്നുവെന്നു ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. മാർത്തോമാസഭയ്ക്കു മാത്രമല്ല, മറ്റു സഭാവിഭാഗങ്ങൾക്കും പ്രസക്തമാണ് ഈ നിരീക്ഷണം. വിദ്യാഭ്യാസമുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ആദ്യകാല സഭാനേതൃത്വം പ്രകടിപ്പിച്ചിരുന്ന ആത്മീയവും ധാർമ്മികവുമായ താല്പര്യങ്ങൾ നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു. ഭരണഘടനാപരമായ നമ്മുടെ അവകാശങ്ങൾ വലിയൊരളവിൽ നാം ദുർവിനിയോഗം ചെയ്യുന്നു. സമൂഹനന്മയ്ക്കുവേണ്ടി കുരിശെടുക്കുവാനും നഷ്ടം സഹിക്കുവാനുമാണ് യേശു പഠിപ്പിച്ചത്. നാമോ, സ്വാർത്ഥപരമായ ഉന്നതിയിൽ മാത്രം ശ്രദ്ധിക്കുകയും ഉള്ള അവകാശങ്ങൾക്കു ശബ്ദമുയർത്തുകയും ചെയ്യുന്നു. അവയുടെ പേരിൽ തീർത്തും അക്രൈസ്തവമായ അനീതികൾക്ക് കൂട്ടുനിൽക്കുകയും ചെയ്യുന്നു. മൂല്യാധിഷ്ഠിതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിനാണ് മുൻകാലങ്ങളിൽ നാം ഊന്നൽ നൽകിയിരുന്നത്. അർപ്പണമനസ്കരായ മിഷനറിമാർ പിന്തുടർന്ന ആ പാരമ്പര്യത്തിനു തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വലിയൊരളവിൽ കോട്ടം വരുത്തി. ക്രൈസ്തവമായ പല നല്ല മൂല്യങ്ങളും നമുക്കു നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ചൂഷണവും അഴിമതിയും അധമമായ മറ്റു താല്പര്യങ്ങളും ഇനിയും നമ്മിൽ വേരുറപ്പിക്കുന്നുവെങ്കിൽ പിതാവായ ദൈവത്തിൻ മുമ്പാകെ നിൽക്കുവാൻ നാം തീർത്തും അർഹരല്ലാതാകും. ഭൂരിപക്ഷതാല്പര്യങ്ങളുടെ കടന്നാക്രമണങ്ങളിൽ നിന്ന് സംരക്ഷണത്തിനും സാംസ്കാരിക സ്വാതന്ത്ര്യത്തിനുമുള്ള ഉപായമെന്ന നിലയിൽ ഭരണഘടന നൽകുന്ന ന്യൂനപക്ഷാവകാശങ്ങൾ നാം ഉപേക്ഷിക്കേണ്ടതില്ല. പക്ഷേ, ദൈവരാജ്യമൂല്യങ്ങൾക്കനുസൃതമല്ലാത്ത എന്തിനെയും ചെറുക്കുവാനുള്ള സഭയുടെ നിയോഗവും ദർശനവും അവഗണിക്കപ്പെടരുത്. ഏതവകാശത്തിനും ഒപ്പമുണ്ട് ഏതാനും കടമകൾ. ന്യൂനപക്ഷമെന്ന നിലയിൽ നമുക്കനുവദിച്ചു കിട്ടിയ അവകാശങ്ങൾക്കും അതു പ്രസക്തമാണെന്നു മറന്നുകൂടാ. ●

പ്രതിബദ്ധത എപ്പോഴും പുരോഗമനപരവും പരിണാമപരവുമായ ബോദ്ധ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. ആകയാൽ ദുഷ്ട കൂട്ടുകെട്ടിൽ നിന്നും വികലാനുഭവങ്ങളിൽ നിന്നും ബോധപൂർവം ഒഴിഞ്ഞ് ആത്മനിയന്ത്രണത്തിൽ ജീവിക്കുമ്പോൾ നന്മനിറഞ്ഞ ദൈവിക ബോദ്ധ്യങ്ങൾ നമ്മിൽ അങ്കുരിക്കും. മറിച്ചാണെങ്കിൽ അപകടത്തിലകപ്പെടുകയും ചെയ്യും. അനുഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെ വിലയിരുത്തുകയും, സ്വാധീനങ്ങൾ എത്ര ശക്തമായിരുന്നാലും അവയെ ദൈവികവും ധാർമ്മികവുമായ നീതിയുടെ അടിസ്ഥാനത്തിൽ പരിചിന്തനം ചെയ്യുകയും ചെയ്യുമ്പോഴാണ് തീരുമാനങ്ങൾ പക്വതയുള്ളതും ദൈവികഭാവമുള്ളതുമാകുന്നത്..

ചീത്ത ബോദ്ധ്യങ്ങളുടെ പരിണാമപരമായ വികസനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, പലപ്പോഴും ആരംഭിക്കുന്നത് ഒന്നുകിൽ പിതൃതുല്യമായ കരുതലിന്റെ ഭാവത്തിലോ, അല്ലെങ്കിൽ എന്തും അനുസരിക്കുന്ന ദാസരൂപത്തിലോ ആയിരിക്കും. പിന്നീടത് പരിണാമപ്പെട്ട് സ്നേഹിതരൂപത്തിലും അവസാനം യജമാനഭാവത്തിലുമെത്തി പ്രതിബദ്ധതയുടെ അടിമത്വത്തിലേക്ക് നയിക്കയും ചെയ്യും. രക്ഷപ്പെടുവാൻ പാടില്ലാത്ത അനുഭവവും, ഭീതിയുടെയും നിരാശയുടെയും തടവറ ജീവിത

(ശേഷം പേജ് 18)

# ദേശീയ മിത്തുകൾ

ഡോ. മിസ്സസ് അന്നമ്മ ജോർജ്

## പിടിച്ചടക്കപ്പെട്ടവരുടെ മിത്തുകൾ

ബ്രിട്ടീഷുകാരെ താഴ്ത്തിക്കെട്ടാനുപകരിക്കുന്ന മിത്തുകൾ ഐറിഷ് ജനത കണ്ടുപിടിച്ചു. ഐറിഷ് കവികളും സാഹിത്യകാരന്മാരും മിത്തുകൾക്കും കെട്ടുകഥകൾക്കും രൂപംകൊടുത്തു. ഇന്ത്യയിലെ ദളിതർ ഹിന്ദു മതമൗലികവാദികളെ പ്രതിരോധിച്ചത്, വേദസാഹിത്യത്തിൽ നിന്നുള്ള മിത്തുകളുപയോഗിച്ചാണ്. ഇജോതി ദാസരും ജോതിഭാ ഫൂളെയും താണജാതിക്കാരായി സങ്കല്പിക്കപ്പെട്ടവരുടെ അസ്തിത്വം വീണ്ടെടുക്കാൻ ശക്തമായ പ്രതിരോധപരിപാടികൾ ആവിഷ്കരിക്കുന്നു. രാഷ്ട്രമീമാംസ, മതാത്മകത, സംസ്കാരം, സാഹിത്യം, സമൂഹം ഇവ കേന്ദ്രീകരിച്ച് ലേഖനങ്ങൾ എഴുതുന്നുണ്ട്. ജാതിവ്യവസ്ഥയ്ക്കെതിരായി ദളിതരുടെ അസ്തിത്വം പുനർഘടിപ്പിക്കുവാനുള്ള പ്രതിപാദ്യവിഷയം അവരുടെ എഴുത്തുകളിൽ പ്രകടമാണ്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ജാതിവ്യവസ്ഥയെപ്പറ്റി ഇജോതി ദാസർ എഴുതിയത് വേദവ്യാഖ്യാനത്തിനു നേരെ വിപരീതമായിട്ടാണ്. വർണ്ണഘടന ഇങ്ങനെ: (1) ശൂദ്രർ-കർഷകർ (2) വൈശ്യർ-ബിസിനസുകാർ (3) ക്ഷത്രിയർ-യുദ്ധം ചെയ്യുന്നവർ (4) ബ്രാഹ്മണർ-പുരോഹിതർ. ഫൂളെയും ദളിതരുടെ ചരിത്രം പുനരാവിഷ്കരിക്കാൻ ശ്രമിച്ചു. ഫൂളെയുടെ അഭിപ്രായത്തിൽ, ശൂദ്രരും ആദിശൂദ്രരും അവർണ്ണരുമാണ് ഇന്ത്യയിലെ ആദിവാസികൾ. അവർ ദയിത്യരാജാവായ ബാലിയുടെ പിൻതുടർച്ചക്കാരാണ്. അവർ യുദ്ധം ചെയ്യുന്ന വർഗ്ഗക്കാരായ ക്ഷത്രിയരായിരുന്നു. അവരെ ആര്യന്മാരായ ബ്രാഹ്മണർ വന്നു പിടിച്ചടക്കി മേധാവിത്തം സ്ഥാപിക്കുകയായിരുന്നു. ആര്യന്മാരുടെ കടന്നുകയറ്റത്തിനു മുൻപുള്ള കാലം, ഫൂളെയുടെ അഭിപ്രായത്തിൽ, ദേശവാസികളുടെ സുവർണ്ണദിശയായിരുന്നു. അവർ ആയോധനവിദ്യ അഭ്യസിച്ചവരും കർഷകരും ഭുവുടമകളുമായിരുന്നു. അവരുടെ സംസ്കാരം അതിവിശിഷ്ടമായിരുന്നു. ആര്യന്മാരുടെ മിത്ത് ഉപയോഗിച്ചുതന്നെ അവരെ ഇങ്ങനെ പ്രതിരോധിച്ചു. വഞ്ചകനായ ആര്യദേവൻ വിഷ്ണു ചതിവ് പ്രയോഗിച്ച് മൂന്നു ചുവട്ടടികൊണ്ട് ഭൂമിയും ആകാശവും അളന്ന് ബാലിയുടെ രാജ്യം കൈവശമാക്കി. ഇതിന്റെ വിവിധ ഭാവങ്ങൾ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ പ്രചരിക്കുന്നു. കേരളത്തിൽ മാവേലിയാണ് കഥാപാത്രം. മാത്രമല്ല, ആര്യന്മാർ സമുദ്രം വഴിയായി മത്സ്യമായും കുർമ്മമായും വന്നു. വരാഹമായും നരസിംഹമായും വാമനനായും അവതരിച്ച് സിന്ധുനദീതടത്തിലെ ആദിവാസികളെ ഇല്ലാതാക്കി. സമീപകാലത്ത് ദളിതർ തങ്ങളുടെ അശുദ്ധാവസ്ഥയില്ലാതാക്കാൻ, തങ്ങളെ അശുദ്ധമാക്കുന്ന സംഗതികൾ സ്വന്തം സംസ്കാരത്തിന്റെയും അസ്തിത്വത്തിന്റെയും പ്രതീകമാണെന്നു വാദിക്കുന്നു. ആര്യന്മാർ തങ്ങളെ അസ്പൃശ്യരായും അവർണ്ണരായും കരുതുന്ന മുഖാന്തരങ്ങളെടുത്ത് ആര്യന്മാരുടെ വാദത്തെ ഖണ്ഡിക്കുന്ന രണ്ട് ഉദാഹരണങ്ങൾ ജോഅരുൺ എന്ന ജസ്യൂട്ട് സന്യാസിയുടെ അനുഭവത്തിൽ കൂടി വിവരിക്കുകയാണ്.

### തമിഴുനാട്ടിലെ തപ്പുമേളം

ഓരോ ദേശത്തെ ഗാനങ്ങളെപ്പറ്റി ഗവേഷണം നടത്തിയ ഒരു വിദേശി ഒരു പരിപാടി ക്രമീകരിച്ചു. മുപ്പതു സ്ത്രീകളെ ഒരു വയലിൽ വിത്തു നടുവാൻ ഏല്പിച്ചു. അവർ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ പല തരത്തിലുള്ള സംഗീതോപകരണങ്ങളുപയോഗിച്ച് ഓരോ കൂട്ടരെക്കൊണ്ടു പാടിച്ചു. ആദ്യം പള്ളിയിലെ ഓർഗൻ വായിച്ചു കേട്ടപ്പോൾ സ്ത്രീകൾ ജോലി നിർത്തി കോട്ടുവായിടാൻ തുടങ്ങി. ബ്രാഹ്മണരുടെ മൃദംഗം വായിച്ചപ്പോൾ സ്ത്രീകൾ ഉറങ്ങി. പിന്നെ വീണ വായിച്ചപ്പോൾ സ്ത്രീകൾ കൂർക്കം വലിച്ചുറങ്ങി. പിന്നെ ദളിതർ വട്ടത്തപ്പു വായിച്ചയുടനെ സ്ത്രീകളുണർന്ന് ചുറുചുറുക്കോടെ പണിയാനും പൂരപ്പാട്ടുകൾ പാടാനും തുടങ്ങി. വിദേശി ആ വാദ്യത്തിന്റെ പേരു ചോദിച്ചു-തപ്പുമേളം. തപ്പുമേളം ശവത്തിനു മാത്രമേ വായിക്കാറുള്ളൂവെന്ന് വിദേശിയുടെ സഹായി വാദിച്ചു. അപ്പോൾ ആ ദളിതർ ഇപ്രകാരം പ്രതിവചിച്ചു: ഞങ്ങൾ തപ്പുമേളം വായിക്കുന്നത് ശവം ശരിക്കും മരിച്ചതാണോ, ബോധം കെട്ടതേയുള്ളോ യെന്നറിയാനാണ്. ബോധം കെട്ടതാണെങ്കിൽ ഈ മേളം കേൾക്കുമ്പോൾ അയാൾ ഉണർന്നെഴുന്നേൽക്കും. തപ്പുമേളം ഇവിടുത്തെ ഒരു പ്രധാന കലയാണെന്ന് ആ വിദേശി പറഞ്ഞു.

### ഗോമാംസം എന്ന മിത്ത്

തിരുവണ്ണാമലയിൽ ഒരു ബ്രാഹ്മണൻ പാർത്തിരുന്നു. അയാൾക്കു ക്ഷയരോഗം പിടിപെട്ടു. പല ആശുപത്രികളിലും ചികിത്സിച്ചു. അപ്പോളോ ആശുപത്രി വരെ പോയി വളരെ പണം ചിലവിട്ടിട്ടും ഗുണം ചെയ്തില്ല. ഒരു ദിവസം അയാൾ ഒരു ഹോമിയോ ഡോക്ടറെ കണ്ടു. ആ ഡോക്ടർ രോഗിയോട് 'നിങ്ങൾ ദിവസം രണ്ടു പ്രാവശ്യം ഗോമാംസ സൂപ്പു ഭക്ഷിച്ചാൽ സുഖമാകും' എന്നു പറഞ്ഞു. ഞാൻ ബ്രാഹ്മണനാണല്ലോ, അതെങ്ങനെ ആഹരിക്കുമെന്ന് സംശയം പ്രകടിപ്പിച്ചപ്പോൾ നിങ്ങൾക്ക് സുഖമാകണമെങ്കിൽ അതു കഴിക്കണമെന്നു പറഞ്ഞു. സൗഖ്യമാകുവാനാഗ്രഹിച്ച അയാൾ ഗോമാംസ സൂപ്പ് കുറെദിവസം കഴിച്ചപ്പോൾ രോഗം സുഖമായി.

### മറ്റൊരു ഗോമാംസ മിത്ത്

ഡോക്ടർ അംബദ്കർ ലണ്ടനിൽ നിയമം പഠിക്കുകയായിരുന്നു. അവിടെ നിയമവിദ്യാർത്ഥികൾക്ക് ഒരു മത്സരപ്പരീക്ഷ കൊടുത്തു. നിയമപുസ്തകത്തിലെ ആയിരം പേജ് കാണാതെ പഠിക്കണം. അംബദ്കർ ചുരുങ്ങിയ സമയം കൊണ്ട് അതു സാധിച്ചു. അതേസമയം അവിടെയുണ്ടായിരുന്ന സായ്പുമാർക്കും ഇന്ത്യയിൽ നിന്നുള്ള ബ്രാഹ്മണ വിദ്യാർത്ഥികൾക്കും അതിന്റെ പകുതിപോലും പഠിക്കാനായില്ല. സർവകലാശാലയിലെ എല്ലാവർക്കും അത് അത്ഭുതമായി. ചോദിച്ചപ്പോൾ അംബദ്കറുടെ മറുപടി, ഞാൻ ചെറുപ്പം മുതലേ ഗോമാംസം ഉപയോഗിച്ചിരുന്നു. അതെന്റെ ഓർമ്മശക്തി വർദ്ധിപ്പിച്ചു. അന്നുമുതൽ അവിടുത്തെ വിദ്യാർത്ഥികൾക്കു ഗോമാംസം ഭക്ഷിക്കാൻ കൊടുക്കണമെന്നു നിശ്ചയിച്ചു. ആരോ ചോദിച്ചു, ഇംഗ്ലീഷുകാർ ഗോമാംസം ഭക്ഷിക്കുന്നവരാണല്ലോ. അതിന് അവർ വെറുതെ പുഴുങ്ങി തിന്നുകയേയുള്ളു. ഞങ്ങൾ എരിവുള്ള സുഗന്ധവ്യഞ്ജനം ചേർത്താണ് ഗോമാംസം കഴിക്കുന്നത്.

ഈ മിത്തുകൾ ഒരു കാര്യം വ്യക്തമാക്കുന്നു. അന്യരെന്നും അപരിഷ്കൃതരെന്നും അസ്പൃശ്യരെന്നും മുദ്രകുത്തി അകറ്റിനിർത്തുന്ന ദളിതർക്കും അവരുടെ മിത്തുകളെ പ്രതിരോധിക്കാൻ കഴിയുന്ന മിത്തുകൾ ചമയ്ക്കുവാൻ കഴിയും. മിത്തുകൾക്കു ആരു രൂപം കൊടുക്കുന്നുവോ അവർക്കു മറച്ചുപിടിക്കാൻ ആഗ്രഹിക്കുന്നവയെ പിൻതള്ളാനാവും. അതുകൊണ്ട് സാമൂഹ്യവ്യതിയാനങ്ങൾ വരുത്തുവാനാഗ്രഹിക്കുന്നവർ മിത്തുകളെ അപഗ്രഥിക്കുവാൻ ശ്രമിക്കണം. ചരിത്രസംഭവങ്ങളെയും സ്ഥാപനങ്ങളെയും പറ്റി പഠിച്ചാൽ മാത്രം പോരാ. മിത്തുകൾ ശക്തമാണ്. അവയെ അപഗ്രഥിച്ച് അവ മറച്ചുപിടിക്കാൻ ശ്രമിക്കുന്ന യാഥാർത്ഥ്യങ്ങൾ കണ്ടെടുക്കണം.

*(അവസാനിച്ചു)*

**"Education : the inculcation of the incomprehensible into the ignorant by the incompetent."** - *Josiah Stamp*

PSYCHOLOGY

# പരസ്യങ്ങൾ നിങ്ങളെ പാപ്പരാക്കും



ജോർജ് ബഹനാൻ ടി. (കൗൺസലർ & തെറാപ്പിസ്റ്റ്)

**വെ**റുമൊരു സാധാരണക്കാരനായ സർക്കാരുദ്യോഗസ്ഥനായിരുന്നു തോമസുകുട്ടി. കുടുംബവും ജോലിയുമൊക്കെയായി സസന്തോഷം കഴിഞ്ഞുവരുന്നതിനിടയിലാണ് അദ്ദേഹമൊരു ടി.വി. വാങ്ങിയത്. ടി.വി.പരിപാടികളിൽ അദ്ദേഹത്തെ ഏറ്റവും ആകർഷിച്ചത് പരസ്യങ്ങളാണ്. ടി.വി.യിലെ മാന്ത്രിക സ്പർശമുള്ള പരസ്യങ്ങൾ കണ്ട തോമസുകുട്ടി എന്തു വാങ്ങുമ്പോഴും പരസ്യത്തിലെ സാധനങ്ങൾ തന്നെ കടയിൽ നിന്ന് ചോദിച്ചു വാങ്ങുന്ന കാര്യത്തിൽ നിർബന്ധം പുലർത്തി. ഒരിക്കൽ, അപകടസാധ്യത കുറഞ്ഞ ഒരു ബൈക്കിന്റെ പരസ്യം കണ്ടു. ഏതു പ്രതിസന്ധിയെയും തരണംചെയ്ത് മുന്നേറുന്ന ബൈക്കിന്റെ ചിത്രം തോമസുകുട്ടിയുടെ മനസ്സിൽ പതിഞ്ഞു. വൈകാതെ പരസ്യത്തിൽ കണ്ട ബൈക്ക് തോമസുകുട്ടി വാങ്ങി. രണ്ടു മാസത്തിനുള്ളിൽ തോമസുകുട്ടിയുടെ അപകടമരണവും സംഭവിച്ചു. പരലോകത്തെത്തിയപ്പോൾ വിധികർത്താവ് ചോദിച്ചു, നിനക്ക് സ്വർഗ്ഗം വേണോ, നരകം വേണോ?. അങ്ങനെയൊരു ചോദ്യം അദ്ദേഹം തീരെ പ്രതീക്ഷിച്ചതല്ല. തോമസുകുട്ടിയുടെ അന്തർഗതം അറിഞ്ഞിട്ടെന്നവണ്ണം വിധികർത്താവ് പറഞ്ഞു: ഓരോരുത്തരും അവരവർക്കു വേണ്ടത് വേഗം പറഞ്ഞോളൂ. വല്ലാതെ സന്ദേഹത്തിലായ തോമസുകുട്ടി പറഞ്ഞു: സ്വർഗവും നരകവും എനിക്കൊന്നു കാണാൻ പറ്റുമോ. എന്നിട്ടു തീരുമാനിക്കാം ഏതുവേണമെന്ന്. നിന്റെ ഇടതുവശത്തേക്ക് തിരിഞ്ഞുനോക്കൂ, നരകം കാണാം-വിധികർത്താവ് പറഞ്ഞു. തോമസുകുട്ടി നോക്കിയപ്പോൾ നരകമെന്ന തിളങ്ങുന്ന ബോർഡിനുതാഴെ വലിയൊരു ഉത്സവപ്രതീതി. കുടിച്ചുകൂത്താടുന്ന ആളുകൾ ഒരുഭാഗത്ത്, ആടിപ്പാടി നൃത്തം ചെയ്യുന്നവർ മറ്റൊരുഭാഗത്ത്. ഒന്നിനും ഒരു നിയന്ത്രണവുമില്ല. ഇത്ര സുഖപ്രദമായ സ്ഥലത്തിനാണോ നരകമെന്ന പേര് -തോമസുകുട്ടി അത്ഭുതപ്പെട്ടു. നരകത്തിന്റെ കാഴ്ച മറഞ്ഞപ്പോൾ വിധികർത്താവു പറഞ്ഞു: ഇനി വലത്തേക്കു നോക്കൂ. തോമസുകുട്ടി നോക്കിയപ്പോൾ സ്വർഗ്ഗം എന്ന ബോർഡിനുതാഴെ നരച്ച വെളിച്ചം മാത്രം. കൂനിക്കൂടിയിരുന്ന് എന്തൊക്കെയോ ഉരുവിടുന്ന ആളുകൾ, ആകെ ശാന്തത.....വല്ലാത്ത മടുപ്പ് തോന്നി. നരകം മതി, തോമസുകുട്ടി വേഗം പറഞ്ഞു. വിധികർത്താവ് സാത്താനെ വിളിച്ച് തോമസുകുട്ടിയെ ഏൽപിച്ചു. തോമസുകുട്ടി സാത്താന്റെ പിന്നാലെ ഉത്സാഹപൂർവം നടന്നു-പരലോകജീവിതം ശരിക്കുമൊന്നാസ്വദിക്കാനുള്ള തയാറെടുപ്പോടെ. കുറെ ദൂരം ചെന്നപ്പോൾ തിളയ്ക്കുന്ന എണ്ണയിൽക്കിടന്നു പിടയ്ക്കുന്ന ആളുകളെ കണ്ടു. പെട്ടെന്ന് സാത്താൻ തോമസുകുട്ടിയെ പൊക്കിയെടുത്ത് തിളയ്ക്കുന്ന എണ്ണയിലേക്കിടാനാഞ്ഞു. തോമസുകുട്ടി ഉറക്കെ അലറി: നിർത്ത്, നിർത്ത്. സാത്താൻ ഒരു നിമിഷം നിന്നു. തോമസുകുട്ടി രോഷത്തോടെ ചോദിച്ചു: ഇതെന്താ, നിങ്ങൾ മനുഷ്യനെ കളിയാക്കുകയാണോ? മുൻപു കണ്ട മനോഹരമായ നരകത്തിൽ കൊണ്ടുപോകാമെന്നു പറഞ്ഞിട്ട് ഇപ്പോൾ എണ്ണയിലിടാൻ പോകുന്നോ?. **സാത്താൻ ഉറക്കെച്ചിരിച്ചിട്ടു പറഞ്ഞു: നിങ്ങൾ കണ്ടത് ഞങ്ങളുടെ പരസ്യമായിരുന്നു!** *ദീപിക വാരാന്ത്യപ്പതിപ്പിൽ പ്രസിദ്ധീകരിച്ച നർമ്മ കഥയാണിത്.*

> മർമ്മം നോക്കി അടിച്ചാൽ ആനയും വീഴും. പരസ്യക്കാരും മനുഷ്യന്റെ ഏറ്റവും വലിയ ബലഹീനതകളെത്തന്നെയാണു തൊടുന്നത്. അറിവിനുമപ്പുറത്ത് വിവേകമുണ്ടെങ്കിലേ പരസ്യങ്ങളിൽനിന്ന് രക്ഷപെടാനാകൂ. മനുഷ്യന്റെ അജ്ഞതയാണ് പരസ്യക്കാരന്റെ വളക്കൂറുള്ള മണ്ണ്.

നിങ്ങളുടെ എല്ലാ സ്വപ്നങ്ങളും സാക്ഷാൽക്കരിക്കാൻ നിങ്ങൾക്കു സാധിക്കുമെന്ന ധാരണ ഉപബോധമനസ്സിൽ അടിച്ചേൽപ്പിക്കാൻ പരസ്യങ്ങൾക്കു കഴിയുന്നു. പക്ഷേ ആ ധാരണ മിഥ്യയാണെന്നുള്ള സത്യം നിങ്ങൾ അറിയുമ്പോഴേക്കും പരസ്യക്കാർ മറ്റൊരു പരസ്യവുമായി നിങ്ങളുടെ മുന്നിലെത്തും. പരസ്യങ്ങൾ ചെയ്യുന്ന ബ്രെയിൻ വാഷിങ് സാവധാനവും ശക്തവുമാണ്. ഒരു ഉപഭോക്തൃ സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഇവിടെ വാങ്ങിക്കുന്നവനും കൊടുക്കുന്നവനും കച്ചവടക്കണ്ണുമാത്രം. നമ്മുടെ ശീലങ്ങൾ, മനോഭാവം, പെരുമാറ്റം ഇത് മൂന്നിനേയും പരസ്യങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുന്നു. അതുകൊണ്ട് പരസ്യത്തിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുവാൻ വളരെ വിഷമമാണ്. മനുഷ്യസഹജമായ ബലഹീനതയെ പരസ്യക്കാർ ശരിക്കും മുതലെടുക്കും.

പോൾ ആറാമൻ മാർപാപ്പ പരസ്യത്തെപ്പറ്റി പറഞ്ഞതു ശ്രദ്ധിക്കുക. ആർക്കും പരസ്യത്തിന്റെ ശക്തമായ സ്വാധീനവലയത്തിൽ നിന്ന് രക്ഷപ്പെടാനാവില്ല. ശരിയല്ലേ? പരസ്യം ഒരു ശക്തമായ

## തിന്മപ്പെട്ട പ്രതിബദ്ധതയുടെ ഊരാക്കുടുക്ക് (പേജ് 16 തുടർച്ച)

വുമായിരിക്കും അതിന്റെ പരിസമാപ്തി. ദുഷ്ടലാക്കോടെ ഹേറോദ്യ രാജാവിന്റെ ജീവിതത്തിലേക്കു വരുന്നത് കരുതലിന്റെയും പ്രേമത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ദാസ്യഭാവത്തിലായിരുന്നു. ഇത് അദ്ദേഹത്തിലുളവാക്കിയ സ്വാധീനം ദൈവികനീതിയുടെയും ധാർമ്മികതയുടെയും അടിസ്ഥാനത്തിൽ നോക്കിക്കാണുവാൻ രാജാവ് പരാജയപ്പെട്ടപ്പോൾ ഹേറോദ്യ ഭാര്യാപഥത്തിലും, അവസാനം യജമാനഭാവത്തിലുമെത്തി. കേവലം കളിപ്പാവയായി രാജാവ് തരംതാഴുകയായിരുന്നു. പ്രതിബദ്ധതയുടെ അടിമത്തം ഇവിടെ അനാവരണം ചെയ്യപ്പെടുകയാണ്. നന്മയോടുള്ള വേഴ്ചയും പ്രതിബദ്ധതയും ഭക്തിയുടെ കർമ്മമാർഗ്ഗമായിത്തീരണം. മതമൗലികത, യഥാർത്ഥത്തിൽ, ഭക്തിയുടെ പേരിൽ മനുഷ്യൻ കാട്ടിക്കൂട്ടുന്ന തിന്മയുടെ പ്രതിബദ്ധതയാണ്. **മതഭക്തിയെക്കാൾ ദൈവഭക്തിയാണ് നമ്മിൽ വളർത്തേണ്ടത്. എന്നാൽ ദൈവത്തെ അവരവരുടെ സ്വാർത്ഥതയുടെ കൂടാരങ്ങളിൽ കുടിയിരുത്തുവാനും ഹ്രസ്വമായ മതാനുഷ്ഠാനങ്ങളിൽ ഒതുക്കിനിർത്തുവാനും ശ്രമിക്കുമ്പോൾ അവിടെ ഉദാത്തമായ ഈശ്വരസാന്നിദ്ധ്യം നഷ്ടമാകുകയാണ്.** തിന്മയോടുള്ള പ്രതിബദ്ധത ഇന്ന് നിരവധിയാളുകളുടെ ക്രിസ്തീയജീവിത സമർപ്പണത്തെ ഹോമിക്കുകയാണ്. ഒരുവശത്ത്, ക്രിസ്തു ജീവിതത്തിൽ നിറയുവാനാഗ്രഹിക്കയും മറുവശത്ത്, തിന്മയോടുള്ള പ്രതിബദ്ധത നിലനിർത്തുകയും, തിന്മയോടും അതിന്റെ സ്രോതസ്സുകളോടും 'അരുത്', 'വേണ്ട' എന്നു പറഞ്ഞ് നിസ്സംഗതയോടെ പെരുമാറാനുള്ള കഴിവ് ആത്മനിയന്ത്രണത്തിലൂടെ പ്രാപിക്കുകയും വേണം. ആത്മീയപ്രതിരോധശക്തി നമ്മിൽ വർദ്ധമാനമായി നിറയുമ്പോൾ തിന്മപ്പെട്ട പ്രതിബദ്ധത നമ്മിൽ ഇല്ലാതെയാകും. ●





# ജീവിതം പുഷ്ടിപ്പെടുത്താൻ പുസ്തകങ്ങൾ വായിക്കുക

**(ഡി.സി. ബുക്സ് 30-ാം വാർഷികത്തോടനുബന്ധിച്ച് കോട്ടയത്തു ചേർന്ന സമ്മേളനത്തിൽ ഇന്ത്യൻ വിദേശകാര്യമന്ത്രി ശ്രീ. കെ. നട്‌വർ സിങ് ചെയ്ത ഉൽഘാടനപ്രസംഗത്തിൽ നിന്ന്)**


ഞാനൊരു പുസ്തകഭ്രാന്തനാണ്. വളരെയധികം പുസ്തകങ്ങൾ വായിക്കുന്നു. വായിക്കുവാൻ ഒന്നും കിട്ടാതെ വരുന്ന അവസരത്തിൽ റെയിൽവേ ടൈംടേബിൾ പോലും വായിക്കാറുണ്ട്. പതിനായിരത്തോളം പുസ്തകങ്ങളുള്ള ഒരു സ്വകാര്യ ലൈബ്രറി കഴിഞ്ഞ അറുപതു വർഷംകൊണ്ട് ഞാൻ നിർമ്മിച്ചിട്ടുണ്ട്. ഔദ്യോഗികചുമതലകളുടെ തിരക്കുകൾക്കിടയിലും ഞാൻ പുസ്തകവായനയ്ക്ക് സമയം കണ്ടെത്തുന്നു. പുസ്തകങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വാദിക്കുവാൻ ഇന്നു കഴിയുമോയെന്ന് ഞാൻ ചിലപ്പോഴെല്ലാം സംശയിക്കാറുണ്ട്. കാരണം, നാമെല്ലാം നിസ്സാര കാര്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന ലോകത്താണല്ലോ ജീവിക്കുന്നത്. സാമ്പത്തിക വിഷയങ്ങൾക്ക് മുൻഗണന നൽകുന്ന വ്യവസ്ഥയാണ് നമുക്കു ചുറ്റും. നമ്മുടെ മൂല്യസംഹിത ഇന്ന് അപകടത്തിലാണ്. ആവശ്യമില്ലാത്ത അറിവുകൾക്ക് ഇന്ന് യാതൊരു പഞ്ഞവുമില്ല. വിജ്ഞാനമില്ലാത്ത അറിവ് നമുക്ക് ഈ ലോകത്തെ മോക്ഷവും മറുലോകത്തെ നിർവാണവും നൽകില്ലെന്നതു തീർച്ചയാണ്.

പിന്നെ, വളരെ പ്രധാനമായൊരു കാര്യം. മിക്കവരും പഠനം കഴിയുന്നതോടെ വായനയും അവസാനിപ്പിക്കുന്നു. അതായത്, ജീവിതത്തെ പുഷ്ടിപ്പെടുത്തുന്ന അറിവും സന്തോഷവുമാണ് നാം വേണ്ടെന്നു വയ്ക്കുന്നത്. സാഹിത്യവും സംഗീതവും കലയും ഇഷ്ടപ്പെടാത്തവരെ അകറ്റിനിർത്തണമെന്നാണ് നമ്മുടെ പാരമ്പര്യം അഭിപ്രായപ്പെടുന്നത്. ഒരു പഴമൊഴി ഓർമ്മ വരുന്നു : 'വിദ്യ, തപസ്സ്, ദാനം, ധ്യാനം, ശീലം, ഗുണം, ധർമ്മം ഇവയില്ലാത്തവർ ഭൂമിക്കു തന്നെ ഭാരമാണ്.' നാമാരും ഭൂമിക്കു ഭാരമായിത്തീരാൻ ആഗ്രഹിക്കുന്നില്ലല്ലോ. അതിനാൽ ധാരാളം പുസ്തകങ്ങൾ വായിക്കുക.

ആശയവിനിമയമാണ്. മർമ്മം നോക്കി അടിച്ചാൽ ആനയും വീഴും. പരസ്യക്കാരും മനുഷ്യന്റെ ഏറ്റവും വലിയ ബലഹീനതകളെത്തന്നെയാണു തൊടുന്നത്. അറിവിനുമപ്പുറത്ത് വിവേകമുണ്ടെങ്കിലേ പരസ്യങ്ങളിൽനിന്ന് രക്ഷപ്പെടാനാകൂ. മനുഷ്യന്റെ അജ്ഞതയാണ് പരസ്യക്കാരന്റെ വളക്കൂറുള്ള മണ്ണ്. മനുഷ്യന് പൊക്കം കൂടാനുള്ള മരുന്നും സാങ്കേതിക വിദ്യയും വിറ്റ് എത്രയോ പേർ ലക്ഷക്കണക്കിന് രൂപയുണ്ടാക്കിയിരിക്കുന്നു. ഒരു നിശ്ചിത പ്രായം കഴിഞ്ഞാൽപ്പിന്നെ ആരുടെയും ഉയരം കൂട്ടാൻ സാധിക്കില്ലെന്നതാണു ശാസ്ത്രസത്യം. ഹോർലിക്സ് ഒരു ഉത്തമാഹാരമാണെന്ന് കമ്പനിക്കാർ നമ്മെ പഠിപ്പിച്ചുകഴിഞ്ഞു. ടിവിയിലൂടെയും പത്രമാസികകളിലൂടെയും അവർ നടത്തുന്ന ബ്രെയിൻ വാഷിങ് എത്ര ഫലപ്രദം. സാധാരണക്കാരൻ കുടിക്കുന്ന കഞ്ഞി ഹോർലിക്സിനേക്കാൾ നല്ലതാണെന്ന് പറയാൻ പരസ്യമില്ല. ശ്വാസംമുട്ടൽ ആരെങ്കിലും സഹിക്കുമോ. പക്ഷേ 'ആശ്വാസം ഓരോ ശ്വാസത്തിലും' എന്ന് പങ്കജകസ്തൂരി അവരുടെ ഉൽപ്പന്നത്തെപ്പറ്റി അവകാശപ്പെടുമ്പോൾ ശ്വാസംമുട്ടലനുഭവിക്കുന്നവർ പിന്നെ ഒന്നും ചിന്തിക്കില്ല. നേരെ പോയി ആ ഉൽപ്പന്നം പരീക്ഷിച്ചു നോക്കും. ഈ ആശ്വാസത്തെപ്പറ്റി എല്ലാവർക്കും പ്രിയങ്കരനായ മോഹൻലാൽ നിങ്ങളോട് പറഞ്ഞലോ ആ പരസ്യം കുറിക്കുകൊള്ളുക തന്നെ ചെയ്യും. ഭാര്യയെ സ്നേഹിക്കുന്നവൻ എങ്ങനെ ഇതു വേണ്ടെന്നുവയ്ക്കും-ഹോക്കിൻസ് പ്രഷർ കുക്കറിന്റെ പരസ്യമാണ്. കുറിക്കുകൊള്ളുന്ന വാഗ്ദാനങ്ങൾ സൃഷ്ടിക്കാൻ കമ്പനിയുടമകൾ രാവും പകലും തലപുകഞ്ഞാലോചിക്കുകയാണ്. ക്ലോസപ്പ് പേസ്റ്റിന്റെ വാഗ്ദാനമിതാണ്-വെളുത്ത പല്ല് വെറും നാലാഴ്ചകൊണ്ട്. ഫെയർ ആൻഡ് ലവ്‌ലി പറയുന്നു-കൂടുതൽ ചർമ്മകാന്തിക്ക്. അപ്പോൾ ചാക്കോളാസ് ഫെയർനെസ് ഓയിൽ ഒരു പടികൂടി കടന്ന് പറയുന്നു - പാർശ്വഫലങ്ങളില്ലാതെ ചർമ്മകാന്തി. വെറും കുളിയല്ല, ചാക്കോളാസ് കുളിയും അവർ നിങ്ങൾക്കു നൽകുന്നു. എല്ലാം മറന്ന് വായിക്കാൻ, അതിന് മാതൃഭൂമി വേണം. പക്ഷേ നേരറിയാൻ, നേരത്തെ അറിയാൻ ദേശാഭിമാനി തന്നെ വേണം. AVT ചായ പറയുന്നത്, ഓരോ പായ്ക്കിലും സമ്മാനം തീർച്ച. വീട്ടിൽ പാത്രം കഴുകാൻ ഒരു മാസം ഒരു സോപ്പു മാത്രം വേണ്ടിടത്ത് കാർ മോഹിച്ചു വാങ്ങുന്നത് അഞ്ച് സോപ്പ്. സമ്മാനങ്ങളില്ലാത്ത ഒരു ഉൽപ്പന്നവുമില്ല.

ലോകമൊരു ആഗോളഗ്രാമം. ഓരോ വീടും ഒരു വിപണിയായി മാറിക്കഴിഞ്ഞു. പരസ്യങ്ങളിലൂടെ നാം വാങ്ങിക്കൂട്ടുന്ന വസ്തുക്കൾക്ക് കൈയും കണക്കുമില്ല. പരസ്യങ്ങളിലെ സത്യാസത്യങ്ങളെ വിവേചിച്ചറിയാനുള്ള വിവേകം നാം സൃഷ്ടിച്ചെടുക്കണം. അടിസ്ഥാനപരമായി, വ്യക്തികളുടെ ആത്മീയ ഊഷരതയും മനഃശാസ്ത്രവൈകല്യവുമാണ് പരസ്യങ്ങൾക്കടിമയാകാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ജീവിതത്തിൽ പണത്തിനും സൗകര്യങ്ങൾക്കുമപ്പുറത്ത് ആത്മീയതയെ കാണാൻ നമുക്ക് കഴിയാത്തതാണു പ്രശ്നം. പല ക്രിസ്തീയ സംഘടനകൾപോലും രക്ഷയും രോഗശാന്തിയും പരസ്യങ്ങളിലൂടെ വിൽക്കുന്നില്ലേ. ഈ വിഷയം നമുക്ക് ആഴത്തിൽ പഠിക്കാം. ●

CHURCH AFFAIRS



# THE CHURCH DERAILS FROM ITS TRACK!

REV. DR. K.V. SIMON

The modern church has derailed from its track. Worldly influence as well as affluence have corroded its vitality and vigour deteriorating it into the status of a mere organisation. It is therefore appropriate to reflect on what the church should be and what it is now.

***We have more drive and less tithes:*** We have the drive to put up towers in order to show our prestige; the drive to stay in power for long, and the drive to amass material possessions. At the same time, we are not led by the principle of tithing commenced by Abraham, continued by Jacob, confirmed by Moses, commanded by Malachi and commended by Jesus. The early christians had an open mind, open hand and open heart. They had also an open house for the service of the Lord, which we are lacking nowadays.

***We have more factions and less actions:*** Christian Churches are divided into various factions-Syrians, Antiochians, Anglicans, Reformists, Congregationalists, Episcopalians etc. The present factionism in the Kerala Churches is most disheartening. We are devoid of actions of commitment, expression of compassion and christian values. We are projecting ourselves instead of Christ, against His command - "let your light shine before men that they may see your good deeds and glorify your Father in heaven" (Matt. 5:16).

***We have more shirkers than workers:*** As Christians, we are shirking our responsibility of loving one another, preaching the Good News and bearing fruit. We are almost like the dried fig tree which is of no use. By shirking today's task, you are increasing tomorrow's burdens. But the master of the vineyard is demanding for workers. Are we prepared to hear the call of God to get appointed in His vineyard?

***We have more human agenda than God's plans :*** We build great corporations and become corporation managers. We collect lot of money and become Economic Agents rather than God's agents of mission. In other words we have become agents of 'ADB' - Authority, Deception, and Bifurcation among God's people. Christian leaders preach themselves, project themselves and propose plans and agenda according to their whims and fancies. We construct great Cathedrals and complexes instead of building up God's people. When our churches fulfil the God-given function of equipping God's people for His Work, the believers will humbly serve and care for one another, encouraging each other to follow Christ's example.

***We are more playing than praying:*** Every christian plays different kinds of tricks and tactics for his survival. We are not sincere in our attitude, not straight in our talk, not transparent in our lifestyle. We do not find time for prayer. The Church needs prayer warriors to stand on their knees so that Satan may flee from our presence. Let us open our ears to God before we open our mouth to speak. The Christian's strongest weapon is prayer which we have set aside in our busy schedule of programmes.

***We are more tale-bearers than burden-bearers:*** We create and manipulate many stories for amusement. In the last days people will turn away from listening to truth and wander away to myths. But the Bible says that we should bear one another's burdens, thus fulfilling the Law of Christ. Christ is the master burden-bearer. Jesus declared "come unto me, all those who are weary and heavy-laden; I will give you rest" (Matt. 11:28). Instead of bearing the burdens of others, we become a burden for others.


***We are more jealous than zealous:*** Our heart is saturated with jealousy and from there proceeds envy, pride, slander, deceit etc. We are not at peace with our brethren and with God. But Apostle Paul says- "Put away all bitterness, wrath, anger, wrangling and slander and be tender-hearted and forgive one another" (Eph. 4:31-32). We should be zealous in our faith, exemplary in our commitment and clear in our vision. On the other hand, if we are jealous, we cannot accommodate our brethren and hence we will desperately fail in our mission.

***We are more seeking place than seeking grace:*** The history of Christendom is always spotted with bloody wars and crusades to capture thrones and powers. The Churches are divided on the basis of Apostolic succession and authority. Some claim the throne of St. Peter while some others that of St. Thomas. The Church heads are pulling over the thrones, unconcerned about the cross. They forget the fact that there is no crown without a cross. We have to seek the grace of God which makes us able to stand unblemish in the presence of God.

***We have more feasting than fasting:*** We find satisfaction in spending crores of Rupees for re-modelling and re-structuring our churches when our weaker brethren have no place to worship. We arrange sumptuous and expensive feasts when our poor neighbours are starving for days together. We have forgotten the discipline of fasting and prayer. Our Lord has instructed his followers to observe fast-

# ഇന്റർ ഫെയ്ത്ത് സമ്മേളനം

കഴിഞ്ഞ മാസം കൊട്ടാരക്കരയിൽ നടന്ന അന്താരാഷ്ട്ര ഇന്റർഫെയ്ത്ത് കോൺഫറൻസിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള അൻപതോളം പ്രതിനിധികൾ പ്രബന്ധങ്ങളവതരിപ്പിച്ചു. വേദഗ്രന്ഥങ്ങളുടെ പാരസ്പരികബന്ധം എന്നതായിരുന്നു ചിന്താവിഷയം. കോൺഫറൻസിൽ ചർച്ച ചെയ്യപ്പെട്ട പ്രധാന ആശയങ്ങളും ചോദ്യങ്ങളും ഇങ്ങനെ സംഗ്രഹിക്കാം: • എല്ലാ തിരുവെഴുത്തും ദൈവനിശ്വാസീയമാകയാൽ (2 തിമോ. 3:16) എന്നു തുടങ്ങുന്ന വാക്യത്തിലെ ഉള്ളടക്കം എല്ലാ വേദഗ്രന്ഥങ്ങളെപ്പറ്റിയും ആയിരിക്കുമോ? • ലോകത്തിലെ മിക്ക മതങ്ങളുടെയും സ്ഥാപകരാരും ഗ്രന്ഥങ്ങളൊന്നും രചിച്ചിട്ടില്ല. പലർക്കും എഴുത്തും വായനയും അറിയില്ലായിരുന്നു. ഒരിക്കൽ എഴുതപ്പെട്ടു കഴിഞ്ഞപ്പോൾ വാക്കുകൾ മാറ്റമില്ലാത്തവയായിത്തീർന്നു. ഒരു വാക്കു മാറ്റിയാൽ ചോരപ്പുഴയൊഴുകും എന്നായിട്ടുണ്ടിപ്പോൾ. • ദൈവത്തിനു മുഖപക്ഷമില്ലെന്ന് വേദപുസ്തകം പറയുന്നു (അപ്പോ. 10:34). മതത്തിൽ ബലാൽക്കാരം പാടില്ലെന്ന് ഖുർആൻ വ്യക്തമാക്കുന്നു (2:256). പക്ഷേ അനുയായികൾ ഇതൊന്നും കൂട്ടാക്കുന്നില്ല. • യേശുക്രിസ്തു ഹൈന്ദവവിശ്വാസങ്ങളുടെ കിരീടമെന്നു പഠിപ്പിച്ച റയ്മുൺഡും പണിക്കരെപ്പോലുള്ള മതപണ്ഡിതരുണ്ടായിരുന്നു. അങ്ങനെയെങ്കിൽ ക്രിസ്തുവിനെ മനസ്സിലാക്കാൻ ഹൈന്ദവ വേദഗ്രന്ഥങ്ങളും പഠിക്കേണ്ടതല്ലേ? ക്രിസ്തുവിനെ അറിയാൻ ബൈബിൾ മാത്രം പോരാ എന്ന സത്യം എന്നേ അംഗീകരിച്ചു കഴിഞ്ഞല്ലൊ. • എതെങ്കിലും ഒരു പുസ്തകത്തിന്റെ ചില താളുകളിൽ ദൈവത്തെ തളച്ചിടാനാവുമോ? യഥാകാലങ്ങളിൽ വെളിപ്പെട്ടു കിട്ടുന്ന സത്യങ്ങൾ ക്രോഡീകരിച്ചെടുക്കുന്നതല്ലേ വേദഗ്രന്ഥങ്ങൾ? അപ്പോൾ ഏതെങ്കിലുമൊരു ദേശത്തും കാലത്തും മാത്രമേ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുകയുള്ളൂവെന്നു ചിന്തിക്കാനാവുമോ? • അങ്ങനെ വരുമ്പോൾ വേദഗ്രന്ഥങ്ങളോടു പൊതുവെ ഒരു multi-scriptural മനോഭാവം പുലർത്തുന്നതല്ലേ നല്ലത്? ഒരു കണ്ണു കൊണ്ട് കാണുന്നതിനേക്കാൾ നന്നല്ലേ രണ്ടു കണ്ണു കൊണ്ടും കാണാൻ ശ്രമിക്കുന്നത്. മതവൈരാഗ്യവും സ്പർദ്ധയും എന്നേക്കുമായി അവസാനിപ്പിക്കാൻ ഏറ്റവും നല്ല മാർഗ്ഗം ഇതല്ലേ? • ഉത്തരാധുനിക സാഹിത്യനിരൂപകരായ സൊസൂറും ദെറീദയും വാക്കുകളിലല്ല അർത്ഥം കുടികൊള്ളുന്നതെന്ന സത്യം തെളിയിച്ചുകഴിഞ്ഞു. ഘടനാവാദത്തിന്റെ ഈ പ്രാമാണികസത്യം ഇന്ന് ലോകമെമ്പാടും അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഓരോ ഗ്രന്ഥവും വായനക്കാരുടെ വ്യുത്പത്തിക്കനുസരിച്ച് ഒരായിരം ഗ്രന്ഥങ്ങളായി രൂപപ്പെടുകയാണ്. അതാണ് ഒരു വേദപുസ്തകവും ഒരായിരം വേദശാസ്ത്രങ്ങളുമെന്ന സത്യം ദ്യോതിപ്പിക്കുന്നത്. ഓരോ തലമുറയും ഓരോ ഗ്രന്ഥത്തിൽ നിന്നും അവർക്കാവശ്യമുള്ള അർത്ഥങ്ങൾ അങ്ങനെ രൂപപ്പെടുത്തിക്കൊണ്ടേയിരിക്കും! പിന്നെ ഇതിന്റെയൊക്കെപ്പേരിൽ എന്തിനു മനുഷ്യർ തല തല്ലിക്കീറ്റുന്നു? • "No artist has his complete meaning alone" എന്ന് T.S.Elliot പറഞ്ഞിട്ടുണ്ട്. അന്നുവരെയുള്ള എല്ലാ പാരമ്പര്യങ്ങളിൽ നിന്നും പാഠങ്ങൾ ഗ്രഹിച്ചുകൊണ്ടു മാത്രമേ ഏതു ഗ്രന്ഥവും അപഗ്രഥിക്കാൻ സാധിക്കയുള്ളൂ. • 'Inter-textuality' എന്ന ആശയം പ്രചരിപ്പിച്ച ജൂലിയ ക്രിസ്തേവയെപ്പോലുള്ള പണ്ഡിതരും ഈ ആശയം ശരി വയ്ക്കുന്നു. 'Bounded Text' എന്ന പ്രമേയം അങ്ങനെയാണ് രൂപപ്പെട്ടത്. ഓരോ ഗ്രന്ഥവും നിലവിലുള്ള ഗ്രന്ഥങ്ങൾക്കുള്ള മറുപടിയായി രൂപപ്പെടുന്നു. • വേദഗ്രന്ഥങ്ങളെല്ലാം ഒരു തുടർക്കഥയിലെ അദ്ധ്യായങ്ങളെപ്പോലെയും ഒരു സ്രോതസ്സിൽ നിന്നുൽഭവിച്ച് പല ശാഖകളായി ഒഴുകുന്ന നദികളെപ്പോലെയും ആയിക്കൂടേയെന്ന ചോദ്യം പ്രസക്തമായി ഉയരുന്നു.



INTER - TEXTUALITY OF THE HOLY BOOKS എന്ന ഗ്രന്ഥം ഇമാം ഇബ്ദുൾ ഷുക്കൂർ മൗലവിക്കു നൽകിക്കൊണ്ട് സ്വാമി തത്വമയാനന്ദ പ്രകാശനം ചെയ്യുന്നു. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് സമീപം.

നാലു ദിവസങ്ങളിലായി നടന്ന പ്രസ്തുത സമ്മേളനം നൂതനചിന്തകളുടെ ഒരു മഹാപ്രവാഹമായി മാറുകയായിരുന്നു. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്തയുടെ ഗഹനമായ ഉൽഘാടനപ്രസംഗവും, ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പയുടെ പ്രൗഢമായ അദ്ധ്യക്ഷ പ്രസംഗവും, ജസ്റ്റിസ് കെ.ടി.തോമസിന്റെ വിജ്ഞപ്തിപ്രസംഗത്തിലെ അതിഗൗരവതരമായ ചിന്തകളുമെല്ലാം ഉൾക്കൊള്ളിച്ച്, Inter-textuality of the Holy Books എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് 'കൊട്ടാരക്കര പ്രബന്ധങ്ങൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കണമെന്ന് യോഗം തീരുമാനിക്കുകയുണ്ടായി.

*ഡോ. ഏബ്രഹാം കരിക്കം*

---

ing and prayer in order to get victory over Satan.

***We have more fiery tongues than tongues of fire:*** The believers have fiery eyes ablaze at the brother; fiery tongue intimidating the people created in the image of God and fiery attitude diminishing the dignity of the other person. Today we need tongues of fire to proclaim the Good News and make it relevant to the present situation. Some has described a sick church in the following words: "A church which has lost its balance, its blessing, vigour, unity, zeal and fellowship."

Obviously, a sick church cannot carry out the mission which the Lord has entrusted to it. Let us therefore cling to the cross for forgiveness and renewal and pray that God's Holy Spirit may quicken and revitalize us to stand up and march as soldiers of the Cross.

***(The writer is Vicar, St. Thomas Mar Thoma Church, Punnavely)***

RESPONSES



# പ്രതികരണങ്ങൾ

## അധ്യാപകനിയമനവും കോഴ വാങ്ങലും

ഇക്കാലത്ത് അധ്യാപകനിയമനത്തിന് പണം വാങ്ങുന്നതിൽ യാതൊരു തെറ്റുമില്ല. പഴയകാലത്ത് പ്രൈമറി സ്കൂളധ്യാപകർക്ക് എട്ടു രൂപ മാത്രം ശമ്പളമുണ്ടായിരുന്നപ്പോൾ സ്കൂളുകൾ നിർമ്മിച്ചിരുന്നത് നാട്ടുകാർ കല്ല് ചുമന്നും ഉൽപ്പന്നപ്പിരിവ് നടത്തിയുമാണ്. ഇന്ന് സ്കൂളുകളും കോളജുകളും ഉണ്ടാക്കാൻ ലക്ഷങ്ങളും കോടികളും ആവശ്യമാണ്. പഴയ കോളജുകളാണെങ്കിൽ പോലും പ്രതിവർഷം വിവിധയാവശ്യങ്ങൾക്ക് വലിയ തുകയാവശ്യമാണ്. അധ്യാപകജോലിക്കായി തള്ളിക്കയറുന്നവരോട് സംഭാവന ചോദിച്ചാൽ തുച്ഛമായ തുക മാത്രമേ നൽകുകയുള്ളൂ. എന്നാൽ പണം നൽകുന്നവർക്കേ ജോലി നൽകൂ എന്ന നിലപാടെടുത്താൽ ഇവരിൽ നല്ല പങ്കും യാതൊരു മടിയും കൂടാതെ ആവശ്യപ്പെടുന്ന തുക നൽകും. കാരണം, ഇതൊരു നല്ല ഇൻവെസ്റ്റ്മെന്റാണെന്ന് അവർക്കറിയാം. ചുവരുണ്ടെങ്കിൽ മാത്രമേ ചിത്രം വരയ്ക്കാൻ സാധിക്കുകയുള്ളുവല്ലോ. സ്കൂളുകളും കോളജുകളും ഉണ്ടാക്കിയാൽ മാത്രമേ അധ്യാപകർക്ക് ജോലി ലഭിക്കുകയുള്ളൂ. ദളിത് വിഭാഗങ്ങളിലെ സാധുക്കളിൽ നിന്ന് പണം വാങ്ങാതെ നിയമനം നൽകാനും ശ്രദ്ധിക്കണം.

*ജോർജ് വർഗീസ്, നെടുങ്ങാടപ്പള്ളി*

■ ■

I wish to commend and support the protest against the official sanction accorded by the CSI Madhya Kerala Diocese for taking bribes in the recruitment of teachers in its educational institutions. This is a direct assault on Christian ethics maintained in upright schools and colleges of the Diocese. Isn't it true that love of wealth is squeezing out merit and fairness in regard to appointments and admissions? The present protests may turn to be a cry in the wilderness as commercialisation of education gallops ahead everwhere but one must have the courage to call a spade, a spade. I should congratulate the magazine for exposing such brazen corruption and providing a mirror to reflect the ugly face of the church.

*Varkey M. Cherian, Chennai*

■ ■

The decision of the CSI Madhya Kerala Diocese to levy an appreciable sum for appointment of teachers in its schools and colleges amounts to selling teaching posts and this will have far-reaching adverse effects. Economically backward members of the Diocese will never get chance of securing a teaching post in the colleges run by it. 'Non-CSI' could also mean Hindus and Muslims, and this may lead to further problems. Maybe there are a number of non-christian candidates who can donate more than the prescribed sum and what could be done in such a situation? The Executive Committee may even decide to auction to the highest bidder all future appointments in the various categories. May I hope that the Executive Committee will reconsider its decision and withdraw it at the earliest.

*Dr. K. M. George, Punnavely*

■ ■

## നഷ്ടപ്പെടലിന്റെ ശൈലി

ഫെബ്രുവരി ലക്കം ന്യൂ വിഷനിൽ ജസ്റ്റിസ് കെ. ടി. തോമസിന്റെ ഒരു പ്രഭാഷണം പ്രസിധീകരിച്ചിരുന്നു. അതിലെ ഒരു പ്രധാന ആശയം, "Christian Churches have given high priority to certain subjects which Christ did not bother to highlight" എന്നതായിരുന്നു. എല്ലാവരാലും ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന ക്രൈസ്തവ മലയാളിയായ ഒരു റിട്ട. ജഡ്ജിയായതിനാൽ അദ്ദേഹത്തെ ആരും എതിർത്തുകണ്ടില്ല. മറിച്ച്, മറ്റേതെങ്കിലും മതത്തിൽപ്പെട്ട ഒരാളാണ് ഈ പ്രസ്താവന നടത്തിയിരുന്നതെങ്കിൽ ന്യൂനപക്ഷാവകാശ ധ്വംസനം എന്നൊക്കെപ്പറഞ്ഞ് വികാരഭരിതരായി പ്രതികരിക്കുമായിരുന്നു. എന്നാൽ സ്വയവിമർശനത്തിനും അവലോകനത്തിനുമുള്ള ആധാരമായി പ്രതികരിക്കുമെങ്കിൽ നന്നായിരുന്നു. തന്റെ പ്രസംഗത്തിൽ തുറന്നു പറയുന്നില്ലെങ്കിലും സ്വാശ്രയവിദ്യാഭ്യാസ മേഖലയിൽ ഫീസ് നിശ്ചയിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹത്തിനു പലതും പറയുവാനുണ്ടായിരിക്കും. സഭയെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യവും, സഭയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രതീക്ഷയും ഈ കാര്യത്തിൽ സഭകൾ കാണിക്കുന്ന നിരുത്സാഹവുമെല്ലാം ഗൗരവപൂർവം ചിന്തിക്കേണ്ട വിഷയങ്ങളാണ്. സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്കായും, ശുശ്രൂഷയിലൂടെ ആ സുവിശേഷത്തിന്റെ ഉറപ്പിക്കലിനുമായി നിയോഗിക്കപ്പെട്ട സഭ ക്രിസ്തു ഉയർത്തിക്കാട്ടുവാൻ വിമുഖത കാട്ടിയ കാര്യങ്ങളുടെ പുറകെ പരക്കം പായുന്നതിലെ അപകടമറിയണം. ക്രിസ്തുവിന്റെ സ്വഭാവം, രീതി, മുൻഗണനാക്രമങ്ങൾ എന്നിവ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ മുൻഗണനാക്രമങ്ങൾ തന്നെയായിരിക്കണം. സുതാര്യതയുടെ വെളിച്ചത്തിൽ അർപ്പണബോധത്തോടെ ക്രിസ്തുവിന്റെ ആത്മാവിൽ നീങ്ങേണ്ടിയിരിക്കുന്നു. വിശ്വാസക്കൊയ്ത്തും ആശ്വാസക്കൊയ്ത്തും ആദായക്കൊയ്ത്തുമൊക്കെയായി മാറ്റിയിരിക്കുന്ന വിശ്വാസജീവിതം നഷ്ടക്കൊയ്ത്തിനുമുതിരാറില്ല. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നുവെന്ന പ്രഖ്യാപനത്തിൽ എല്ലാമടങ്ങിയിരിക്കുന്നു. ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനായിരുന്നുകൊണ്ട് സമൂഹം വെറുത്തവരുടെയും അവഗണിച്ചവരുടെയും അത്താണിയും ആശ്രയവുമായിരുന്നുള്ള ഒരു പ്രവർത്തനശൈലി. സഭാപ്രവർത്തനം നിരോധിച്ച കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ മദർ തെരേസയെ ക്ഷണിച്ച് പ്രവർത്തനങ്ങൾക്കു പ്രോത്സാഹനം നൽകിയത് സ്നേഹാധിഷ്ഠിത കർമ്മപദ്ധതികൾ കൊണ്ടു മാത്രമാണല്ലോ. ശ്രീ. പൽക്കിവാലയുടെ വാക്കുകൾക്ക് സഭകൾ ചെവികൊടുക്കേണ്ടതാണ്-"Christianity has been tested and has failed, but the religion preached by Jesus Christ remains to be tested". സ്നേഹാധിഷ്ഠിത ത്യാഗശുശ്രൂഷയുടെയും കഷ്ടപ്പാടിന്റെയും നഷ്ടപ്പെടലിന്റെയും പ്രവർത്തനം-ഇതിനെക്കുറിച്ച് സഭയായി ചിന്തിക്കുമോ?

*-ഡോ. യൂഹാനോൻ റമ്പാൻ*

# വാർത്തകൾ

## SEMINAR

Under the joint auspices of the Ecumenical Christian Institute, Bangalore and TMAM Research & Orientation Centre, Manganam, an inter-faith National Seminar was conducted in September. Dr. Felix Sugirtharaj, Rev. Dr. M. J. Joseph, Dr. Jagadeesh Gandhi, Dr. Abraham Karikkam, Dr. Pushparajan, Rev. Dr. Jacob Kurian, Dr. Sarojini Henry, Mr. Abdul Rahman and Rev. Dr. K. G. Pothen presented papers on various topics.

■ ■

## ശ്രീ. പങ്കജാക്ഷക്കുറുപ്പ്

പ്രമുഖ ഗാന്ധിയനും അയൽക്കൂട്ട പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും 'ദർശനം' മാസിക പത്രാധിപരുമായ ശ്രീ. ഡി. പങ്കജാക്ഷക്കുറുപ്പ് (82) അന്തരിച്ചു. സംസ്ഥാന അധ്യാപക അവാർഡ്, കൺസ്യൂമർ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ രാഷ്ട്രമിത്ര അവാർഡ്, സ്പിരിറ്റ്

# ഉദാത്തമായ ഒരു പ്രതിദിന പ്രാർത്ഥന

**മാതൃഭൂമി പത്രാധിപർ യശഃശരീരനായ ശ്രീ. കെ. പി. കേശവമേനോൻ ഇംഗ്ലീഷിൽ രചിച്ച ഹൃദയസ്പർശിയായ ഒരു പ്രാർത്ഥനയും, മാതൃത്വത്തിന്റെ കവയിത്രി എന്ന പേരിൽ പ്രശസ്തയായ അന്തരിച്ച നാലപ്പാട്ട് ബാലാമണിയമ്മയുടെ കവിതാരൂപത്തിലുള്ള പരിഭാഷയും.**

Almighty God, give me strength to stand for the truth, to do the right according to my light; to be just and generous in all my dealings with my fellow-men.

Let not an angry or unkind word or an unsympathetic look pass from me which might hurt the feelings of others in any way.

Keep me free from envy and hatred, and fill my heart with love and goodwill.

Make me, O Lord, a vehicle of hope and faith scattering sunshine and happiness before all those with whom I come into contact in my passage through life.

ബലമെനിക്കേകണേ സത്യത്തിൻ ചേരിയിൽ
നിലകൊള്ളാനെപ്പോഴും സർവശക്താ,
കരളിൻ വെളിച്ചത്തിൽ ശരിയെന്നു കാൺമതേ
കരണങ്ങൾ കൊണ്ടെന്നും ചെയ്യുവാനും;
മനുജരുമായ് വേണ്ടുമിടപാടിലൊക്കെയും
കനിവുമൗദാര്യവും കാട്ടുവാനും.
ഒരുനാളുമെന്നിൽ നിന്നുളവായിപ്പോകല്ലേ
പരനുൾനോവേൽക്കുവാൻ പോരുംവണ്ണം
അരിശമിയന്നൊരു വാക്കുപോലും തെല്ലു-
മനോഭാവമില്ലാത്ത നോക്കുപോലും.
അകമേ നിറയ്ക്കുമേ സ്നേഹവുമാശിസ്സും
പകയുമസൂയയുമേശാതാക്കൂ.
ഇഹലോകയാത്രയിലീശ, ഞാൻ കണ്ടെത്താ-
നിടവരുവോർക്കെല്ലാമെന്നിലൂടെ
സുഖവും വെളിച്ചവും വിതറുന്ന വിശ്വാസ-
ത്തികവും പ്രതീക്ഷയും കൈവരാവൂ.

ഓഫ് അസ്സീസ്സി, സാഹിതീയം, പ്രതിഭാപ്രണാമം തുടങ്ങി അനേകം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

■ ■

## കെ.സി.സി. വാർത്തകൾ

കാസ–കെ.സി.സി. സംയുക്താഭിമുഖ്യത്തിൽ പീരുമേട് താലൂക്കിലെ 13 വയസ്സിൽ താഴെയുള്ള 400 വിദ്യാർത്ഥികൾക്ക് ഒരു നേരത്തെ പോഷകാഹാരം നൽകുന്നു. തേയിലത്തോട്ട തൊഴിലാളികൾക്കായുള്ള കെ. സി. സി. സേവനസമിതിയാണ് മേൽനോട്ടം വഹിക്കുന്നത്.

■ ■

കെ.സി.സി. ദളിത് കമ്മിഷനും ബി.പി.ഡി.സി.യും ചേർന്ന് 'ഹാബേൽ വിശ്വാസപ്രഖ്യാപന തൃതീയ സുവർണജൂബിലി' ആഘോഷിക്കുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി പരിപാടികൾ തിരുവല്ലയിൽ ഡോ. ജോസഫ് മാർ ഐറേനിയസ് സഫ്രഗൻ മെത്രാപ്പോലീത്ത ഉൽഘാടനം ചെയ്യുകയുണ്ടായി.

■ ■

കെ.സി.സി. ഡയലോഗ് കമ്മിഷന്റെ ആഭിമുഖ്യത്തിൽ 'മതവും മനുഷ്യപുരോഗതിയും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു മതസമ്മേളനം ഒക്ടോ. 29-ന് നടത്തപ്പെട്ടു.

■ ■

തന്നാണ്ടത്തെ കെ.സി.സി. യൂത്ത് അസംബ്ലി തൃശൂർ ഓൾ സെയ്ന്റ്സ് സി. എസ്.ഐ. പള്ളിയിൽ നവംബർ 19-21 തീയതികളിൽ ചേരുന്നതാണ്. Re-articulating faith for transforming church and society എന്നതാണ് പഠനവിഷയം.

■ ■

കേരളത്തിലെ അടിസ്ഥാനമേഖലകളായ കയർ, കശുവണ്ടി, തേയിലത്തോട്ടം, ആദിവാസി-ദളിത്, പരമ്പരാഗത നെയ്ത്ത്, മത്സ്യബന്ധനം എന്നിവ കേന്ദ്രീകരിച്ച് കാസ-കെ.സി.സി. സംയുക്താഭിമുഖ്യത്തിൽ ഒരു പഠന, പ്രവർത്തന പരിപാടി ആരംഭിക്കുന്നു. ആദിവാസി-ദളിത് പഠനം ബത്തേരിയിലും തേയിലത്തോട്ട പഠനം കുട്ടിക്കാനത്തും ഒക്ടോബറിൽ നടക്കും.

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India
under No. KER BIL/2000/1543

NOVEMBER 2004

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05



മാങ്ങാനം മുണ്ടകപ്പാടം മന്ദിരങ്ങളുടെ സപ്തതി സ്മാരകമായി പണികഴിപ്പിച്ച
സീനിയർ സിറ്റിസൺസ് ഹോം. ഇതിന്റെ പ്രതിഷ്ഠാകർമം സെപ്റ്റംബർ 2 ന്
ബിഷപ്പ് ഡോ. സാം മാത്യു നിർവഹിക്കുകയുണ്ടായി.



മാങ്ങാനം മുണ്ടകപ്പാടം മന്ദിരങ്ങളുടെ 71-ാം വാർഷികം സെപ്ടംബർ 26 ന് ആഘോഷിച്ചപ്പോൾ.
വേദിയിൽ ഇടത്തുനിന്ന്: ഫാ. പ്രൊഫ. കെ.വി. പൗലോസ്, റവ. എൻ.വി. കോരുള, ഡോ. ഐസക് മാർ ഫിലക്സി
നോസ് എപ്പിസ്കോപ്പ, ഡോ. ബിജി പോൾ ജോർജ്, റവ. പ്രൊഫ. കെ.സി. മാത്യു, ശ്രീ. ജോയി ജേക്കബ്.

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam.